2021 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ
ത്രൈമാസിക
₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The Natio... ...age star news Kerala & India

Cinema Sports Arts & Literature

## യു.എ ഖാദർ പതിപ്പ്



## അന്ത്യാഞ്ജലികൾ...

കാലയവനികക്കുള്ളിൽ
മൺമറഞ്ഞ മലയാളത്തിന്റെ
പ്രിയ കവയിത്രി
**സുഗതകുമാരി**


## ഓർമ്മക്കുറിപ്പുകൾ

യു.എ ഖാദർ

ഇയ്യങ്കോട് ശ്രീധരൻ
അശോകൻ ചരുവിൽ
പി.ആർ. നാഥൻ
കെ.പി. സുധീര
കെ.പി. രാമനുണ്ണി
യു.കെ. കുമാരൻ
ശ്രീധരനുണ്ണി
മുണ്ട്യാടി ദാമോദരൻ
സുകുമാർ കൂർക്കഞ്ചേരി

സുഗതകുമാരി

പൂനൂർ കെ. കരുണാകരൻ
രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി



# മഹാലക്ഷ്മി പൂജാമഠം

മാങ്കാവ്, കോഴിക്കോട് – 673 007



**ശത്രുദോഷം, തടസ്സം, വശ്യം,
വേർപിരിഞ്ഞ ഭാര്യഭർത്താക്കന്മാരെ
ഒന്നിപ്പിക്കൽ, മറ്റുള്ള
എല്ലാ പ്രശ്നങ്ങൾക്കും**

8943 77 40 60
9846 54 40 60

പൂജാമഠത്തിലേക്ക് ജ്യോതിഷവും പൂജയും അറിയുന്ന ആളുകളെ ആവശ്യമുണ്ട്.
താമസം, ഭക്ഷണം ഉണ്ടായിരിക്കും.

**9846 77 40 60, 8943 77 40 60, 9846 54 40 60**



# OUR Tailors

**GENTS & LADIES**

Sharmina Complex, Ground Floor,
Door No: 1038, Court Road, Calicut 673 001
0495 6510257, 9447262004



Appu



Urgent Stitching : Shirt 1 Hr, Churidar & Blouse 1 Hr, Pants 2 Hrs

No.1 MACHINERY DEALER IN KERALA

# SIGMA MACHINES

**MACHINERY DEALERS & CONSULTANTS**

961/C, Poovallur Building, Near Sai Baba Mandir, Francis Road Jn, Calicut - 673 002
Ph: 2300 790, Fax: 0495 2300 790, Mob: 9847 300 790, E-mail: muralisigma@gmail.com



**We Supply Machines**

Oil Expellers, Pulverizers, Grinder, Roaster, Jigsaw, Lathe, Bandsaw, Spindle Moulder, Hollow Bricks, Design Tiles, Interlocks, Concrete Mixer, Welding, Drilling, Bending, Shearing, Shaping, Grinding, Paper Glass-Plate Envelops, Paper Cutting, Power Pressm Hyd Press, Backery, Pappadam, Chappathy, Avil Making, Popcorn, Motors, Compressors, etc.

MARATHON-CROMPTON-PILOT-AZADNARAIN-BHARATH-JAI-JJ-SHARMA-MAHABIR



മുഖചിത്രം
യു.എ. ഖാദർ
(പ്രശസ്ത സാഹിത്യകാരൻ)

**Nakshatra Rajyam**
**TRI Monthly (QUARTERLY) Magazine**
**2021 FEBRUARY, MARCH, APRIL**
**RNI Title Code: KERMAL 16195 Dt: 22-06-2018**
**issue 11 - Volume 3**
**Managing Editor, Publisher & Owned by**
**Nakshthrarajyam E. Radhakrishnan**
**Edoli House, Kommeri P.O**
**Kozhikode- 673007, Kerala**
**Address**
**Managing Editior**
**NAKSHATHRA RAJYAM**
**P.B. No.1205**
**Mankave P.O., Kozhikode - 7**
**Kerala, India**
**Mob: 98 47 64 95 67**
**97 44 23 39 97**
**e-mail: nakshathrarajyam@gmail.com**
**WEB**
**www.nakshathrarajyameradhakrishnan.in**
**LAYOUT**
**Nakshthrarajyam E. Radhakrishnan**
**COVER**
**Sayuj Mayanad**
**Price 10.**

## എഡിറ്റോറിയൽ



## മലയാളിയുടെ വരപ്രസാദം

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

മലയാള സാഹിത്യത്തിനും കവിതാ പ്രസ്ഥാനത്തിനും "പൊൻതൂവൽ വഹിച്ച് " ഭാരതമൊട്ടുക്കു പറന്നുയർന്ന പ്രശസ്ത സാഹിത്യകാരൻ യുഎ. ഖാദറും, കവയിത്രി സുഗതകുമാരിയും നമ്മെ വിട്ടുപിരിഞ്ഞു എന്നത് ദുഃഖകരമാണ്.


എഴുത്തിലൂടെ മലയാളിയുടെ മനസ്സ് കീഴടക്കിയ ശ്രീ. യു.എ. ഖാദർ നാളുകളായി രോഗബാധിതനായി സ്റ്റേജിലേക്കുപോലും കോണിപ്പടികൾ കയറുവാനാവാതെ ഖേദകരമായ ചുറ്റുപാടിലായിരുന്നു ജീവിതത്തിലെ അദ്ദേഹത്തിന്റെ അവസാന നാളുകൾ.

നക്ഷത്രരാജ്യം-തകഴി അവാർഡ് ഏറ്റുവാങ്ങുവാനും, മറ്റു പലപ്പോഴായി നക്ഷത്രരാജ്യം പുസ്തക പ്രകാശന ചടങ്ങുകളിലും, വാർഷികങ്ങളിലും അദ്ദേഹം വളരെ ബുദ്ധിമുട്ടികൊണ്ടാണെങ്കിലും ചടങ്ങിനെത്തുമായിരുന്നു. 2008 ഒക്ടോബർ മാസം പ്രസിദ്ധികരണം തുടങ്ങിയ നക്ഷത്രരാജ്യം, "മാസിക" യായി പ്രസിദ്ധികരിച്ചുകൊണ്ടിരുന്ന 10 വർഷങ്ങളിലും അതിനുശേഷം അദ്ദേഹത്തിന്റെ മരണവർഷം 2021 വരെ "ത്രൈ മാസിക" യായി പ്രസിദ്ധികരിച്ചുകൊണ്ടിരുന്ന 3 വർഷം ഉൾപ്പെടെ 13 വർഷത്തിൽ മൂന്നോ നാലോ ലക്കം ഒഴികെ, ബാക്കിയെല്ലാ ലക്കങ്ങളിലും പ്രശസ്ത സാഹിത്യകാരനും സ്നേഹനിധിയുമായ ശ്രീ. യു.എ. ഖാദർ എഴുതിയ കഥകൾ നക്ഷത്രരാജ്യത്തിൽ പ്രസിദ്ധികരിച്ചുകൊണ്ടിരിക്കുന്നതിനുള്ള ഭാഗ്യം നക്ഷത്രരാജ്യം മാനേജിംഗ് എഡിറ്റർ എന്ന നിലയിൽ എനിക്കു വളരെയധികം സന്തോഷമുണ്ടാക്കിക്കൊണ്ടിരുന്ന ഒരു അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തോടെ യു.എ. ഖാദർ എന്ന ഭാരതമൊട്ടുക്കു പ്രശസ്തിയാർജ്ജിച്ച ആ അതുല്യ പ്രതിഭയുടെ കഥകൾ നക്ഷത്രരാജ്യത്തിൽ പ്രസിദ്ധികരിക്കുവാൻ സാധിക്കില്ലോ എന്നതും എന്നാൽ അതിലധികം ആ വാത്സല്യനിധിയുടെ കൈത്താങ്ങ് നക്ഷത്രരാജ്യത്തിനുണ്ടാകില്ല എന്നതും വളരെയധികം മനസ്സിൽ സങ്കടമുളവാക്കുന്ന ഒരു വിചാരം തന്നെയാണ്.

മലയാള കവിതാ പ്രസ്ഥാനത്തിൽ തീപ്പൊരി കവയിത്രിയും, പരിസ്ഥിതി പ്രവർത്തകയും ആയിരുന്ന ബഹുമാന്യയായ ശ്രീമതി. സുഗതകുമാരിയും നമ്മെ വിട്ടുപിരിഞ്ഞു. കേരളത്തിലെ ഒട്ടുമിക്ക പ്രശസ്തരുടേയും കഥകളും, കവിതകളും, ലേഖനങ്ങളും നക്ഷത്രരാജ്യം പ്രസിദ്ധികരിച്ചിട്ടുണ്ടെങ്കിലും സുഗതകുമാരിയുടേതായി ഒരു കവിത പ്രസിദ്ധികരിക്കുവാനും അവരുമായി ഒന്നു പരിചയപ്പെടുവാനും സാധിക്കാതെ ഇതുവരെ ഹതഭാഗ്യം വന്നു ചേർന്നതിനെക്കുറിച്ചു ഓർത്തു കുണ്ഠിതപ്പെടുകയാണ് അവരുടെ നിര്യാണവാർത്ത ശ്രവിച്ചതുമുതൽ. മരണം ഒരുനാൾ വന്നെത്തും എന്ന ദൈവ നിശ്ചയം ശ്രമതി. സുഗതകുമാരിയുടെ ജീവിതത്തിലും സംഭവിച്ചിരിക്കുന്നു എന്നു നമുക്കു സങ്കടപ്പെടാം. ശ്രീ. യു.എ. ഖാദർ എന്ന പ്രശസ്ത സാഹിത്യകാരനും, പ്രശസ്ത കവയിത്രി സുഗതകുമാരിക്കും, പ്രശസ്തരായും- പ്രശസ്തരാകാൻ അവസരം ഉണ്ടാകാതെ ഹതഭാഗ്യരായും ഇക്കാലയളവിൽ മൺമറഞ്ഞ മറ്റെല്ലാ സാഹിത്യകാർക്കും, കവികൾക്കും, അനുശോചനം രേഖപ്പെടുത്തുകയെന്ന എന്റെ കടമ മാനേജിംഗ് എഡിറ്റർ, സാഹിത്യകാരൻ, നാടകരചയിതാവ്, നാകഗാനരചയിതാവ്, എന്ന നിലകളിൽ സർവ്വമേഖലയിലും പ്രവർത്തിക്കുന്ന ഞാൻ സങ്കടത്തോടെ നിർവ്വഹിക്കുന്നു. ■



(ഓർമ്മക്കുറിപ്പ്)



ഇയ്യങ്കോട് ശ്രീധരൻ

# ഒരു തൃക്കോട്ടൂർ ഓർമ്മ




**കോ**ഴിക്കോട് ചാലപ്പുറം ഗണപത് ഹൈസ്ക്കൂൾ ഹാളിൽവെച്ച് ദേശാഭിമാനി സ്റ്റഡി സർക്കിൾ ഒരു മലബാർ സമ്മേളനം നടത്തിയത് 1977-ൽ മെയ് മാസത്തിലായിരുന്നു. സംഘാടകരിൽ ഒരാൾ ഞാനായിരുന്നു. പാലക്കാട് മുതൽ കാസർഗോഡുവരെയുള്ള പ്രമുഖ എഴുത്തുകാരടക്കം ധാരാളം സഹൃദയർ രണ്ടു നാളത്തെ സമ്മേളനത്തിൽ പങ്കെടുത്തു. പലരേയും ക്ഷണിക്കുന്ന കൂട്ടത്തിൽ യു.എ. ഖാദറെയും വിളിക്കാൻ എം. കുട്ടികൃഷ്ണനെ ചുമതലപ്പെടുത്തി. പക്ഷേ ഖാദർ മറ്റെന്തെല്ലാമോ തിരക്കു കാരണത്താൽ വരാൻ പ്രയാസമാണെന്നറിയിച്ചു.

ഒടുവിൽ ഞാൻ രണ്ടുതവണയായി ഫോണിൽ ബന്ധപ്പെട്ടു. തിരക്കുകൾ എന്നോടും പറഞ്ഞു.

“കാദർക്കാ, നിങ്ങളുടെ പഴയ ദേശാഭിമാനി ബന്ധം മറക്കരുത്. ആ തിരക്കുകൾ മാറ്റിവെച്ചു ഈ സഹൃദയ സമ്മേളനത്തിൽ പങ്കെടുക്കണം.”

ഞാൻ അമർത്തി പറഞ്ഞു.

അടിയന്തരാവസ്ഥ കഴിഞ്ഞുവരുന്ന ഒരു തിരഞ്ഞെടുപ്പിന് രാജ്യം തയ്യാറെടുത്തുവരികയായിരുന്നു. അപ്പോൾ എഴുത്തുകാരും കലാകാരന്മാരും എവിടെ, എന്ത് നിലപാട് കൈക്കൊള്ളണം എന്ന് തുടങ്ങിയ ചർച്ചകളാണ് നടക്കേണ്ടത്.

ഞങ്ങൾ അയച്ച കത്തിന് മറുപടി വന്നു.

“തിരക്കെല്ലാം മാറ്റിവെച്ച് ഞാൻ വരും” എന്നായിരുന്നു മറുപടി.

ആശ്വാസമായി.

വന്നു. പൗരന്മാരുടെ സ്വാതന്ത്ര്യബോധത്തെ അവഹേളിക്കുന്ന ഭരണകൂടങ്ങളുടെ സ്വേച്ഛാധിപത്യത്തെക്കുറിച്ച് അല്പനേരം പ്രതിപാദിച്ചു.

വീണ്ടും ഞാൻ “കാദർക്ക” യെ കണ്ടുമുട്ടുന്നത് വടകരയിലാണ്. എന്റെ സുഹൃത്തും പുറമേരി രാജാസ് ഹൈസ്ക്കൂളിൽ ഒന്നിച്ചു പഠിച്ച ഇരുങ്ങണ്ണൂർ ദാമോദരൻ എന്ന കവിയുടെ പ്രഥമ കാവ്യസമാഹാരം “സൈന്ധവം” പ്രകാശിപ്പിക്കുന്ന ചടങ്ങ് വടകര ട്രൈനിങ്ങ് സ്ക്കൂൾ ആഡിറ്റോറിയത്തിൽ 1995 ലാണെന്നു തോന്നുന്നു, നടക്കുകയുണ്ടായി.

പുസ്തക പ്രകാശന യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു അദ്ദേഹം. പുസ്തകം സദസ്സിന്ന് പരിചയപ്പെടുത്തി പ്രകാശിപ്പിക്കുന്ന ചടങ്ങായിരുന്നു എനിയ്ക്കുണ്ടായിരുന്നത്.

ഞാൻ സാമാന്യ ദീർഘമായി കാവ്യാസ്വാദനത്തെപ്പറ്റി സംസാരിച്ചു.



പ്രകാശനം കഴിഞ്ഞു ഇരുന്നപ്പോൾ “കാദർക്ക” എന്റെ രണ്ടു കൈകളും കൂട്ടിപ്പിടിച്ചു. പ്രസംഗത്തെ അഭിനന്ദിച്ചു സംസാരിച്ചു.

കവിത എങ്ങിനെ ആസ്വദിക്കണമെന്നതിന്റെ പരിശീലന ക്ലാസ്സാണ് ഇയ്യങ്കോട് നടത്തിയത്. സംഗതി, കവിത പോലെ മനോഹരമായിരുന്നു.

ഇന്നും ആ വാക്കുകൾ ഹൃദയത്തിൽ മാറ്റൊലിക്കൊള്ളുന്നു. “കാദർക്ക” യെ എനിയ്ക്കു മറക്കാനൊക്കില്ല. ■



(ഓർമ്മക്കുറിപ്പ്)



കെ.പി. സുധീര

# സ്നേഹിക്കാൻ മാത്രമറിയുന്ന ആ തിക്കോടിക്കാരൻ



**സാഹിത്യ മണ്ഡലത്തിലെ പ്രമുഖർ ഒരേ വേദിയിൽ. യു.എ. ഖാദർ, കെ.പി. സുധീര തുടങ്ങിയവർ**

**ആ**ത്മനൊമ്പരത്തോട് കൂടിയാണ് ഇതെഴുതുന്നത്. നമ്മുടെയെല്ലാം കാദർക്ക കടന്നുപോയി എന്ന് വിശ്വസിക്കാനേ തോന്നുന്നില്ല.

നല്ലൊരു എഴുത്തുകാരൻ എന്നത് പോലെ നല്ലൊരു മനുഷ്യനുമായിരുന്നു കാദർക്ക എന്നത് അദ്ദേഹത്തെ പരിചയപ്പെട്ട ആർക്കും അറിയാം.

ഞാനെഴുതിത്തുടങ്ങിയകാലം മുതൽ അദ്ദേഹവുമായി അടുപ്പമുണ്ട്. അതിന്മുമ്പ് എന്റെ അച്ഛൻ (കെ.സി പത്മനാഭൻ) അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തായിരുന്നു. എഴുത്തിന്റെ ലോകത്ത് കടന്നത് മുതൽ ഞാൻ പ്രസംഗലോകത്തേക്കും എടുത്തെറിയപ്പെട്ടു. വലിയ എഴുത്തുകാർക്കൊപ്പം ക്ഷണിക്കപ്പെടുമ്പോൾ, നവാഗതയായ ഞാൻ അപകർഷത്തോടെ വേദിയിലെ രണ്ടാം നിരയിലേക്ക് നീങ്ങും. അപ്പോൾ കാദർക്ക സ്നേഹം നിറഞ്ഞ പുഞ്ചിരിയോടെ എന്നെ വിളിക്കും. "സുധീര ഇവിടെ വന്നിരിക്കു. നിങ്ങളൊക്കെ മുൻ നിരയിലേക്ക് വരേണ്ടവരല്ലേ?" അന്ന് മുതൽ കാദർക്കയുടെ പരിഗണനയും പരിരക്ഷയും അറിയുന്നു. നമ്മൾ എഴുതിയ ഒരു ചെറിയകഥയെപ്പറ്റി വലിയ വാക്കുകൾ പറഞ്ഞ് പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

ഉറൂബിന്റെ പേരിലുള്ള അവാർഡ് അദ്ദേഹത്തിൽ നിന്ന് ഏറ്റുവാങ്ങാൻ ഭാഗ്യമുണ്ടായി. അങ്ങനെ എത്രയോ വേദികളിൽ ഞങ്ങൾ സന്ധിച്ചു. എന്റെ മിക്ക പുസ്തകങ്ങളുടേയും പ്രകാശന ച്ചടങ്ങിൽ കാദർക്കയെ ഞാൻ വിളിക്കും. അദ്ദേഹം സന്തോഷത്തോടെ വരും. "കോണികയറേണ്ടാത്ത സ്ഥലത്ത് പരിപാടിവെച്ചാൽ ഞാൻ വരും. കാലിന്റെ വേദന കാരണം കോണിയൊന്നും കയറാൻ വയ്യ സുധീര:" അങ്ങനെ ഞാൻ അദ്ദേഹത്തിനായി അങ്ങനെയൊരു ഹാൾ തിരഞ്ഞെടുക്കും.

എഴുത്തുകാരൻ എങ്ങനെ ആദ്യം നല്ല മനുഷ്യനാവണം എന്ന് എന്നെ ബോധ്യപ്പെടുത്തിയ വലിയ എഴുത്തുകാരിൽ ഒരാളാണ് കാദർക്ക. സമകാലിക സമൂഹത്തിൽ എഴുത്തുകാർക്കിടയിൽ നഷ്ടപ്പെടുന്ന സ്നേഹത്തിന്റെ ഇഴയടുപ്പം അദ്ദേഹത്തെ വ്യാകുലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ഒരു സമാന മനസ്കത അദ്ദേഹം വെച്ചു പുലർത്തി. ഞാൻ വലിയവൻ എന്ന ധാർഷ്ട്യമില്ല. ഞാനൊക്കെ ജനിക്കുന്നതിന് എത്രയോ മുമ്പ് അദ്ദേഹം എഴുതി തുടങ്ങിയിരുന്നു. കുട്ടിക്കാലം മുതൽ ഞങ്ങളുടെ വീട്ടിൽ എഴുത്തുകാരെ കണ്ടിട്ടാണ് ഞാൻ വളർന്നത്. അവർ കയ്യൊപ്പിട്ട അച്ഛനു കൊടുത്ത പുസ്തകങ്ങൾ കൂടാതെ അച്ഛൻ പുതിയ പുസ്തകങ്ങളെല്ലാം വാങ്ങിച്ചു കൊണ്ടുവരും. കാദർക്കയും അക്കാലത്ത് വീട്ടിൽ വന്നിരുന്നുവത്രെ.

മണ്ണും മനുഷ്യനുമായുള്ള ബന്ധമാണ് കാദർക്കയുടെ കൃതിയിൽ കാണാനാവുക. തൃക്കോട്ടൂർ എന്ന സ്ഥലത്താണ് അദ്ദേഹം ജീവിച്ചത്. അതായത് ഇപ്പോഴത്തെ തിക്കോടി-കൊയിലാണ്ടി, തിക്കോടി, വടകര പ്രദേശത്തെ കഥകളാണ് അദ്ദേഹം അധികവും എഴുതിയത്. ആ പ്രദേശങ്ങളെക്കുറിച്ച് അബോധമണ്ഡലത്തിൽ ഉറങ്ങിക്കിടക്കുന്ന ഓർമ്മകളാണ് അദ്ദേഹം പങ്കുവെച്ചത്. അതുകൊണ്ടുതന്നെ വടകരയിലെ ചൂടി



വിൽക്കുന്ന പെണ്ണിനേയും, മേപ്പയൂരിലെ കണാരപ്പണിക്കരേയും തച്ചൻകുന്നും തൃക്കോട്ടൂരും എല്ലാം ആ വരികളിലൂടെ നമുക്ക് അനുഭവിക്കുവാനായി. തൃക്കോട്ടൂർപെരുമയും, പെണ്ണുടൽ ചുറയലുകളും നിയോഗ വിസ്മയങ്ങളുമെല്ലാം മറക്കാനാവാത്ത പുസ്തകങ്ങളാണ്-ഒരുപാട് നോവലുകളും, ചെറുകഥകളും യാത്രാവിവരണങ്ങളും ലേഖനങ്ങളും അദ്ദേഹം എഴുതി. അവ പല ഭാഷകളിലേക്കും പരിഭാഷ ചെയ്യപ്പെട്ടു. കേന്ദ്ര കേരള സാഹിത്യ അക്കാദമികളുടെ പുരസ്കാരം ലഭിച്ചു. എസ്.കെ പുരസ്കാരം, സി.എച്ച്. പുരസ്കാരം അങ്ങനെ എത്രയോ പുരസ്കാരങ്ങൾ

ഗ്രാമീണബാങ്കിന്റെ നന്ദിബസാർ ശാഖയിൽ മാനേജറായി ചാർജെടുത്തപ്പോൾ ആദ്യം ഓർത്തത് കാദർക്കയെ ആണ്. കാരണം ആ പ്രദേശത്തിന് തൊട്ടടുത്താണല്ലോ തിക്കോടി. ജോയിൻ ചെയ്ത ഉടൻ ഞാൻ ഇക്കയെ വിളിച്ചു.

"ഞാൻ നന്ദിയിൽ ജോയിൻ ചെയ്തു ഇക്ക." അദ്ദേഹത്തിന് സന്തോഷമായി.

"എന്റെ നാട്ടിനടുത്താണ് സുധീര എത്തിപ്പെട്ടത്. തിക്കോടി ധാരാളം കഥകളുടേയും മിത്തുകളുടേയും പശിമയുള്ള മണ്ണാണ്. എന്റെ കൃതികളുടേയും പശ്ചാത്തലം-"

ശരിയാണ്. പലകഥകളുടേയും പശ്ചാത്തലം ആ ഗ്രാമീണഭൂവാണ്. അവിടുത്തെ കാവുകളേയും കോമരങ്ങളെപ്പറ്റിയും ആണ് കാദർക്ക എഴുതിയത്. പള്ളികളേയും മൊല്ലാക്കമാരേയും കുറിച്ചല്ല. ഞാൻ ഫീൽഡ് വർക്കിന് പോയപ്പോഴെല്ലാം അത് ബോധ്യമായി. അവിടുത്തെ ഐതീഹ്യങ്ങളും മിത്തുകളും ഗ്രാമീണരും എല്ലാം അദ്ദേഹത്തിന്റെ കൃതികളീലുടെ ഞാൻ കണ്ടിട്ടുണ്ട്. താൻ വളർന്ന മണ്ണിൽ നിന്നാണ് അദ്ദേഹം അതെല്ലാം വിളയിച്ചെടുത്തത്.

(തിക്കോടിയുടെ പഴയ പേരാണ് തൃക്കോട്ടൂർ എന്ന് നമുക്കറിയാം.)

1949 മുതൽ കഥയെഴുതിത്തുടങ്ങിയ അദ്ദേഹം, പുതിയ എഴുത്തുകാരോട് കാണിക്കുന്ന സ്നേഹം, മര്യാദ ഇവ അത്ഭുതകരമാണ്. ഇന്ന് അങ്ങനെയൊരു സഹവർത്തിത്വം നഷ്ടമാവുകയാണല്ലോ എന്ന് വിഷാദ ബോധം തോന്നുന്നുമുണ്ട്.

ഞങ്ങളുടെ വീട്ടിൽ പണ്ട് സാഹിത്യ കൂട്ടായ്മ ഉണ്ടായിരുന്നു. അതിൽ കാദർക്ക ഉണ്ടായിരുന്നു. അച്ഛന്റെ ബുക്ക്സ്റ്റാളിൽ സന്ധ്യയ്ക്ക് വന്നിരിക്കുന്ന എഴുത്തുകാർക്കൊപ്പം അദ്ദേഹവും ഉണ്ടായിരുന്നു. "ആ ബുക്സ്റ്റാൾ പോയതോടെ വൈകിട്ട് ചെന്നിരിക്കാൻ സ്ഥലമില്ലാതായി സുധീര" എന്ന് എന്നോട് പറഞ്ഞതോർക്കുന്നു.

ഒരു പ്രത്യേക ശൈലിയിൽ ഉള്ള കാദർക്കയുടെ പ്രസംഗം, സംസാരം ഒന്നും മറക്കുവാൻ ആവുന്നില്ല.

കാദർക്കയുടെ കൃതികളിൽ നിറഞ്ഞു നില്ക്കുന്ന സ്നേഹവും മാനവികതയും മണ്ണിന്റെ ഗന്ധവും, മനുഷ്യ ബന്ധങ്ങളുടെ ആഴവും ഒന്നും നാം മറക്കുവാൻ പാടില്ല.

ആ പ്രിയങ്കരനായ എഴുത്തുകാരന് മരണമില്ല. മണ്ണും മനുഷ്യനുമായുള്ള ബന്ധം അങ്ങനെ നമ്മിൽ പച്ച പിടിച്ചു നില്ക്കട്ടെ. ■

# ആദരാഞ്ജലികൾ (17.11.20)

**സരസൻ ബി.പി.**

**(Rtd. DGM KDC Bank Calicut)**

S/O Late Balakrishnan Nair & Pankajakshi Amma

**മീനാക്ഷി മന്ദിരം**

**തിരുമംഗലത്ത് പറമ്പ്**

**ഗുരുവായൂരപ്പൻ കോളേജ് P.O**

**കോഴിക്കോട് 673 014**



**പരേതന്റെ ഭാര്യ: മിനി സരസൻ**

**മകൻ: അമിത്ത്**

**സഹോദരങ്ങൾ :**

**അനിൽ കുമാർ**

**ദിനേശൻ**

**സുരേഷ്**

**സതീഷ്**

**പരേതാത്മാവിന് നിത്യശാന്തി നേരുന്നു**

**നക്ഷത്രരാജ്യം പ്രവർത്തകർ**



(ഓർമ്മക്കുറിപ്പ്)



അശോകൻ ചരുവിൽ

# യു.എ. ഖാദർ: ബഹിഷ്കൃതരുടെ എഴുത്തും സമരവും



**പു**റത്താക്കപ്പെടുന്നവരുടെ ജീവിതാഖ്യാനങ്ങളാണ് സാഹിത്യം എന്നു വേണമെങ്കിൽ പറയാം.

"എവിടെവിടങ്ങളിൽ ചട്ടി
പുറത്തെടുത്തെറിയപ്പെടുന്നു-
ണ്ടീപാരിടത്തിൽ,
അവിടവിടങ്ങളെച്ചേർത്തു വര-
ക്കുക ഇവരുടെ
രാഷ്ടത്തിൻ അതിർവരകൾ"

എന്ന് ഇടശ്ശേരി എഴുത്തുകാരന്റെ രാഷ്ട്രത്തെ നിർവ്വചിക്കുന്നുണ്ട്.

എന്തുകൊണ്ട് യു.എ. ഖാദർ എന്ന എഴുത്തുകാരൻ എന്നും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിനും ഇടതുപക്ഷ രാഷ്ടീയത്തിനും ഒപ്പം നിന്നു എന്ന ചോദ്യത്തിന്റെ ഉത്തരം ഈ വരികളിലുണ്ട്. വഴിയരുകിലേക്ക് തള്ളിമാറ്റപ്പെടുന്ന മനുഷ്യനെ ആവിഷ്ക്കരിക്കുന്ന എഴുത്തുകാരന് മറ്റൊരു സമീപനം സ്വീകരിക്കാനാവില്ല.

യു.എ. ഖാദർ അന്നത്തെ മദ്രാസിൽ പോയി ചിത്രകല പഠിച്ചു. പക്ഷേ ചായം കൊണ്ടെന്നതിനേക്കാൾ ഏറെ വാക്കുകൊണ്ടു വരക്കാനാണ് അദ്ദേഹം താല്പര്യപ്പെട്ടത്. തന്റെ കഥാപാത്രങ്ങളെ ഇത്രക്ക് സൂക്ഷ്മമായി പിന്തുടർന്ന് വരച്ച മറ്റൊരെഴുത്തുകാരൻ ഇല്ല. ആ കഥാപാത്രങ്ങളെല്ലാം ബഹിഷ്കൃരായിരുന്നു. പണിയെടുത്തു നടുവൊടിഞ്ഞിട്ടും പട്ടിണി കിടക്കുന്നവർ. സ്വന്തം വിയർപ്പു കൊണ്ട് അന്നം വിളയിച്ചിട്ടും മാന്യസദസ്സുകളിൽ പ്രവേശനമില്ലാത്തവർ. ജീവിതവും സംസ്ക്കാരവും പുറന്തള്ളിയ മനുഷ്യരെക്കുറിച്ചെഴുതാൻ യു.എ. ഖാദർ എന്ന എഴുത്തുകാരൻ ഒരു ഭാഷ തന്നെ നിർമ്മിച്ചു. മണ്ണിൽ നിന്നും ഉയിർകൊണ്ടതിന്റെ കരുത്തും താളവും പ്രകടമാക്കിയ മലയാളമൊഴി. അങ്കം വെട്ടുകയും നൃത്തമാടുകയും ചെയ്യുന്ന ജനകീയ മലയാളം.

അശരണരായ തന്റെ കഥാപാത്രങ്ങളിലൂടെ ഈ എഴുത്തുകാരൻ തന്നെത്തെയാണ് വരച്ചത് എന്നു തോന്നുന്നു. നിരന്തരം പുറത്താക്കപ്പെട്ട തന്റെ ജീവിതം. ജനിച്ചു ഏതാനും നാൾക്കകം അമ്മ മരിച്ചു പോകുന്ന കുട്ടിയേ പോലെ ബഹിഷ്കൃതനായി മറ്റാരുണ്ടാവും? ഏഴോ എട്ടോ വയസ്സുള്ളപ്പോൾ അമ്മയുടെ നാടുവിട്ട് ഓടിപ്പോരേണ്ടി വന്നു. ലോകയുദ്ധകാലത്ത് വെടിയൊച്ചകൾക്കിടയിലൂടെ റങ്കൂണിൽ നിന്നും അശരണരായി ഓടിപ്പോന്നവരുടെ കൂട്ടത്തിൽ ആ കുഞ്ഞും ഉണ്ടായിരുന്നു. അമ്മയുടെ വംശത്തെ പ്രതിനിധീകരിക്കുന്ന ശരീരവുമായി പിന്നെ നാട്ടിൽ ജീവിക്കേണ്ടി വന്നത് രണ്ടാനമ്മയുടെ തറവാട്ടിലാണ്. ഇടശ്ശേരി ചോദിക്കുന്നുണ്ട്: ഭൂപടം എന്ന പാഴ്വരക്ക് അർത്ഥമുണ്ടോ?

ജീവിതത്തിന്റെ തുടക്കത്തിൽ തന്നെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും മുന്നേറ്റം യു.എ. ഖാദറിനെ ആകർഷിക്കുന്നുണ്ട്. നിലമ്പൂരിൽ മരക്കമ്പനിയിൽ കണക്കപ്പിള്ളയായി ജോലി ചെയ്യുന്ന കാലത്ത് അദ്ദേഹം അവിടത്തെ പുരോഗമന കലാപ്രസ്ഥാനവുമായി ബന്ധപ്പെടുന്നു. പിന്നീട് പുരോഗമന കലാസാഹിത്യ സംഘത്തിന്റെ അധ്യക്ഷൻ എന്ന ഉത്തരവാദിത്തത്തിലേക്കാണ് ആ സഹയാത്ര അദ്ദേഹത്തെ എത്തിച്ചത്. ആ മഹനീയ നേതൃത്വം സംഘത്തിന് ഒരു കാലത്തും മറക്കാനാവില്ല. ജനാധിപത്യത്തിനും മതേതരത്വത്തിനും സർഗ്ഗാത്മക സ്വാതന്ത്രത്തിനും വേണ്ടി നടന്ന പോരാട്ടങ്ങളിൽ അദ്ദേഹം സാംസ്ക്കാരിക കേരളത്തിന്റെ മുന്നിൽ നിന്നു.

ജീവിതത്തിന്റെ അവസാന ഘട്ടം വരെ അദ്ദേഹം എഴുത്തിൽ സജീവമായിരുന്നു. എഴുത്തായിരുന്നു ആ ജീവിതം. കേരളവും മലയാളവും ഉള്ള കാലംവരെ യു.എ. ഖാദർ എന്ന എഴുത്തുകാരൻ ഓർമ്മിക്കപ്പെടും. പുരോഗമന കലാസാഹിത്യസംഘം അതിന്റെ എക്കാലത്തേയും നായകന്റെ മുന്നിൽ അഭിവാദ്യമർപ്പിക്കുന്നു. ■

ലേഖനം



വിനോദ്കുമാർ ദാമോദർ

# വരയാടുകളെ സംരക്ഷിയ്ക്കുവാൻ വീണ്ടും തീവ്രശ്രമം



കേരളത്തിന്റെ വരയാടു സംരക്ഷണം ഒരു ലോക മാതൃക: ഇരവികുളം

**വ**രയാടുകളുടെ സംരക്ഷണം ഉറപ്പുവരുത്തുവാൻ പദ്ധതികളുമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഇറങ്ങിതിരിച്ചത് വൻ നേട്ടമായി വന്യജീവി സ്നേഹികൾ കാണുന്നു. ഇതിനുള്ള ഒരു ഉദ്ദാഹരണമാണ് കൊച്ചി-ധനുഷ്കോടി നാഷണൽ ഹൈവേയിൽ ഇവയ്ക്ക് സുഖകരമായി ഹൈവേയുടെ മുകളിൽ കൂടി കടന്നു പോകുവാനുള്ള പദ്ധതിയുമായി അതോറിറ്റി മുന്നോട്ടു വന്നത്. ഇവിടങ്ങളിൽ ഹൈവേയിൽ വരയാടുകൾ നിരന്തരമായി വാഹനങ്ങൾ തട്ടി കൊല്ലപ്പെടുന്ന പരാതി കണക്കിലെടുത്താണ് ഇത്തരത്തിലുള്ള തീരുമാനം അതോറിറ്റിക്ക് എടുക്കേണ്ടതായി വന്നത്.

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പല ഇന്ത്യൻ ഹൈവേകളിലും ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. അതിൽ പ്രത്യേകത, എന്തെന്നാൽ കേരളത്തിന്റെ ശ്രദ്ധ കാരണം എണ്ണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ വരയാടുകളുടെ സംരക്ഷണം ഒന്നു കൂടി ഉറപ്പിയ്ക്കുവാൻ ഈ പദ്ധതിയ്ക്കു കഴിയുമെന്നുള്ളതാണ്. ഇവ കൂടാതെ ആനയടക്കമുള്ള വന്യമൃഗങ്ങൾ ഹൈവേയിൽ വാഹനങ്ങൾ തട്ടി കൊല്ലപ്പെടുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ മൃഗങ്ങൾ കൊല്ലപ്പെടുന്നതിനു കണ്ടെത്തിയ പരിഹാരമാകട്ടെ വന്യമൃഗങ്ങൾക്ക് കടക്കുവാനുള്ള ഒരു ചെറിയ പാലം മറുഭാഗത്തേക്ക് ഉണ്ടാക്കുകയെന്നതുമാണ്. ഗ്രിസിൽഡ് ജയന്റ് സ്ക്വിറിൽസ് തുടങ്ങിയ വന്യ മൃഗങ്ങളെ സംരക്ഷിയ്ക്കുവാൻ വളരെ ഉപകാരപ്രദമാണ് ഇത്തരത്തിലുള്ള സംവിധാനം.

ഈ ഹൈവേ വന്നതിനു ശേഷം മൃഗങ്ങളുടെ മരണനിരക്ക് വളരെയധികം വർദ്ധിക്കുന്നതിനാൽതന്നെ, ഹൈവേ



ഇത്തരത്തിലുള്ള കനോപ്പികൾ ചെറുമൃഗങ്ങൾക്ക് ഗുണമാണ്.

അതോറിറ്റി രൂക്ഷമായ വിമർശനം നേരിട്ടിരുന്നു. ഇതു പരിഹരിയ്ക്കാനാണ് പുതിയ മാർഗ്ഗം. ഇത്തരത്തിൽ "കനോപി" ഉണ്ടാക്കിയ ഇടങ്ങളിൽ അപകടങ്ങൾ വളരെ കുറഞ്ഞതായി പറയപ്പെടുന്നു.

വരയാടുകളെ സംരക്ഷിക്കുന്നതിന് കേരളം എടുത്ത നടപടികൾ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം ആദ്യമേ തന്നെ വളരെയധികം പ്രാധാന്യം നൽകിയതാണ്. ഇരവികുളം വന്യജീവി സങ്കേതത്തിലെ നൂറിനടുത്ത ചതുരശ്ര കിലോമീറ്റർ വരുന്ന വനഭൂമിയിൽ ഇതുകാരണം വരയാടുകളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കൊച്ചിയിൽ നിന്നും പുറപ്പെടുന്ന നാഷണൽ ഹൈവേയിൽ വരയാടുകൾക്ക് യാതൊരു അപകടവും ഉണ്ടാകരുതെന്നത് നാഷണൽ ഹൈവേ അതോറിറ്റിക്കും നിർബന്ധമായിരുന്നു. ഇതുകൊണ്ടുത്തന്നെയാണ് ഇവിടെ "കനോപി" നിർമ്മിക്കുവാൻ അവർ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചത്. ഇരവികുളം, കേന്ദ്രം ഒരു നാഷണൽ പാർക്കായി പ്രഖ്യാപിച്ചിരുന്നു. എല്ലാ വർഷവും വരയാടുകളുടെ പ്രജന കാലത്ത് ഇവിടെ പൂർണ്ണമായും ടൂറിസ്റ്റുകളെ നിരോധിച്ചു, അടച്ചു പൂട്ടുന്നതു കാരണം പ്രജനനം പൂർണ്ണസുഖ അന്തരീക്ഷത്തിൽ നടക്കുന്നു. ഇരവികുളത്തെ ഇനം വരയാടുകൾ ഇതിനാൽത്തന്നെ ലോകപ്രശസ്തമാണ്. പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത മേഖലകൂടിയായ ഇരവികുളം വരയാടുകളെ ഒന്നുകൂടെ സുരക്ഷിതമാക്കുന്നു.

നാഷണൽ ഹൈവേ അതോറിറ്റി ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് "കനോപി" നിർമ്മിച്ച് വരയാടുകളുടെ സുരക്ഷയും ഒപ്പം തന്നെ മറ്റു വന്യജീവികളുടെ സുരക്ഷയും ഉറപ്പുവരുത്തിയത്. വന മേഖലയിലെ മുഴുവൻ വന്യ ജീവികളുടെ സുരക്ഷയും ഉറപ്പുവരുത്തുമെന്നും വലിയ മൃഗങ്ങൾക്കു "കനോപി" നിർമ്മിക്കുന്നത് അടുത്തുതന്നെ പൂർണ്ണമാകുമെന്നും അവർ പറയുന്നുണ്ട്. ■

---

**മിനിക്കഥ**



# തന്ത്രം



**കാരിത്തടം വർക്കി**

പുതുക്കം തീർന്നിട്ടും മരുമകൾ വീട്ടുജോലികളൊന്നും ചെയ്യാതെ അകത്തമ്മ ചമഞ്ഞിരുന്ന് ടി.വി. കാണുന്നതിൽ രോഷാകുലയായ ഭാരതിയമ്മ മകൻ രാജപ്പനെ വിളിച്ച് കാര്യത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി.

അമ്മയുടെ ഉത്കണഠയിൽ കഴമ്പില്ലെന്ന് തിരിച്ചറിഞ്ഞ രാജപ്പൻ തലപുകഞ്ഞ് ആലോചിച്ചതിന്റെ ഭാഗമായി രൂപപ്പെടുത്തിയ തന്ത്രം ഭാരതിയമ്മയ്ക്കും ഏറെ ബോധിച്ചു. അതു പ്രകാരം പിറ്റേന്ന് കാലത്ത് ചൂലുമെടുത്ത് മുറ്റമടിക്കാനായി രാജപ്പൻ പുറപ്പെടുമ്പോൾ ഭാരതിയമ്മ വിലക്കുന്നു.

വേണ്ട മോനെ. ഇതൊക്കെ പെണ്ണുങ്ങളുടെ ജോലിയാ... അമ്മ ചെയ്തോളാം.

വേണ്ടമ്മേ. ഈ വയസ്സുകാലത്ത് അമ്മ ഇനി ഇതൊന്നും ചെയ്യേണ്ട.

മനഃപ്പാഠമാക്കിയപോലെ രാജപ്പന്റെ ഡയലോഗ്.

തർക്കം കേട്ട് രംഗത്തെത്തിയ മരുമകൾ പ്രശ്നപരിഹാരമെന്നോണം നിർദ്ദേശിച്ചു.

ഇന്ന് ചേട്ടൻ ചെയ്തോട്ടെ അമ്മേ. അമ്മയ്ക്ക് നാളെ ചെയ്യാലോ... അങ്ങനെ മാറി മാറി.



(ഓർമ്മക്കുറിപ്പ്)



**പി.ആർ നാഥൻ**



കോഴിക്കോട് ടൗൺഹാളിൽ വെച്ച് യു.എ.ഖാദർ നക്ഷത്രരാജ്യം-തകഴി അവാർഡ് പി.ആർ. നാഥനിൽ നിന്നും ഏറ്റുവാങ്ങുന്നു.

# ഒരു തൃക്കോട്ടൂർ സുഹൃത്ബന്ധം

അൻപതു വർഷങ്ങൾക്കു മുൻപാണ് സംഭവം. അന്ന് തിരുവനന്തപുത്തെ പ്രോവിഡണ്ട് ഫണ്ട് ഓഫീസിൽ ജോലി ചെയ്യുന്നകാലം. അക്കാലത്തുതന്നെ കഥ എഴുതികൊണ്ടിരുന്നു എന്നതിനാൽ സമകാലികരായ മറ്റുസാഹിത്യകാരന്മാരുടെ കൃതികളെല്ലാം ശ്രദ്ധിച്ചു വായിക്കുമായിരുന്നു. പിന്നീട് നടനായി മാറിയ കരമന ജനാർദ്ദനൻ നായർ അക്കാലത്ത് സഹപ്രവർത്തകനായിരുന്നു. സംസാരിക്കുമ്പോൾ സാഹിത്യ വിഷയങ്ങൾ ധാരാളമായി കടന്നു വരുന്ന കാലഘട്ടം പുതിയ എഴുത്തുകാരുടെ കൂട്ടത്തിൽ ശ്രദ്ധേയനായിരുന്ന യു.എ ഖാദറും ചർച്ച വിഷയമാകും. തിരുവനന്തപുരത്തെ സാഹിത്യ സൗഹൃദങ്ങളിൽ ഖാദറിനെക്കുറിച്ച് ആരെങ്കിലും പറയുമ്പോൾ നേരിട്ട് പരിചയമില്ല എന്നു പറയാൻ മടി തോന്നിയിരുന്നു. അവധിക്കാലത്ത് ജന്മസ്ഥലമായ പട്ടാമ്പിയിൽ വന്നാൽ കോഴിക്കോട്ടെക്ക് ഒന്ന് യാത്രചെയ്താലെന്താ എന്ന തോന്നലുണ്ടാകും. ആ സമയത്താണ് സോളമൻ എന്നൊരു സുഹൃത്ത് തിരുവനന്തപുരത്തുനിന്നും "നദി" എന്ന പേരിൽ ഒരു കഥാമാസിക ആരംഭിക്കുന്നത്. നദിയിൽ ഞാൻ പതിവായി എഴുതുമായിരുന്നു. യു.എ ഖാദറിന്റെ കഥയും അതിലുണ്ടാകും. അന്വേഷണം, നദി, യുഗരശ്മി തുടങ്ങിയ കഥാമാസികകൾക്ക് വായനക്കാരുടെ ഇടയിൽ നല്ല സ്വാധീനമുണ്ടായിരുന്നു. ഒരിക്കൽ സോളമൻ പറഞ്ഞു കോഴിക്കോടുചെന്ന് അവിടത്തെ സാഹിത്യകാരന്മാരെയെല്ലാം നേരിൽകണ്ട് ഒരു ഇന്റർവ്യൂ നടത്തണം. ഏതായാലും ഖാദറിനെപ്പോലെയുള്ളവരെ നേരിൽ കാണാൻ ഒരു അവസരം കിട്ടിയതിൽ ഞാൻ സന്തോഷിച്ചു. അങ്ങിനെയാണ് ഞാൻ മാതൃഭൂമിയിൽ ചെന്ന് എ.ടി യെ കാണുന്നത്. എം.ടി ഒരു കാലത്ത് പട്ടാമ്പി ഹൈസ്ക്കൂളിൽ അധ്യാപകനായിരുന്നു എന്ന കാര്യം പലർക്കും അറിഞ്ഞുകൂടാത്തതാണ്. എന്റെ പിതാവ് ശ്രീ പ്രഭാകരൻ എം.ടിയുടെ സഹപ്രവർത്തകനായിരുന്നു. മാതൃഭൂമിയിൽ ചെന്ന് അദ്ദേഹവുമായി കുറേ നേരം സംസാരിച്ചു. എ.കെ കൃഷ്ണൻനായരുടെ സാഹിത്യ



Dr. ശ്രീകുമാർ എഴുതിയ പുസ്തകങ്ങളുടെ പ്രകാശനം

വാരഫലവും അതിനിടയിൽ ചർച്ചാവിഷയമായി. ഖാദർ ആകാശവാണിയിൽ ഉണ്ടാകുമെന്ന് എം.ടി പറഞ്ഞു. സ്ഥലം മാതൃഭൂമിയുടെ അടുത്തുതന്നെയായിരുന്നതിനാൽ നേരിട്ട് ആകാശവാണിയിലേക്കുചെന്നു. റേഡിയോ നാടകങ്ങൾ ഞാൻ ധാരാളമായി എഴുതികൊണ്ടിരുന്ന കാലഘട്ടം. ഖാദറിന്റെ അരുകിലേക്ക് നടന്നുചെന്നതും അധികം പരിചയപ്പെടുത്തേണ്ടിവന്നില്ല. കാഴ്ചയിൽ ബർമ്മക്കാരൻ തന്നെ. ഇദ്ദേഹത്തിന് ഇങ്ങനെയൊരു മുഖച്ഛായ എങ്ങിനെ വന്നു ചേർന്നു എന്ന ചോദ്യത്തിനുള്ള ഉത്തരമെല്ലാം മറുപടിയിൽ ഉണ്ടായിരുന്നു. വിനയാന്വിതനായിട്ടാണ് ഖാദർ എന്നോട് സംസാരിച്ചത്. ആ സ്നേഹം അദ്ദേഹത്തിന്റെ അന്ത്യം വരെയും നിലനിന്നു എന്നോർക്കുമ്പോൾ സന്തോഷം തോന്നി. നദിയിൽ അഭിമുഖം പ്രസിദ്ധീകരിച്ച ശേഷം അതിന്റെ കോപ്പി അയച്ചുകൊടുത്തു. പിന്നീട് കത്തുകളിലൂടെയായിരുന്നു ഞങ്ങൾ സൗഹൃദം പുതുക്കിക്കൊണ്ടിരുന്നത്. അക്കാലത്ത് ഫോണിൽ സംസാരിക്കുന്നത് അപൂർവ്വമായി മാത്രം സംഭവിക്കുന്ന ഒരു കാര്യമാണ്. തുടർന്ന് 1977 ൽ ഞാൻ തിരുവനന്തപുരത്തുനിന്നും കോഴിക്കോട്ടെ ഓഫീസിലേക്ക് സ്ഥലം മാറി വന്നു. ഇതോടെ ഞങ്ങൾ നിത്യേന ആശയവിനിമയം നടത്തുന്ന സുഹൃത്തുക്കളുമായി മാറുകയും ചെയ്തു. ഖാദർ താമസിച്ചിരുന്നത് പൊക്കുന്നിലാണ്. ഞാൻ മാങ്കാവിൽ ഒരു വീട് വാങ്ങി അവിടെ സ്ഥിരതാമസമാക്കി. രാവിലെയും വൈകുന്നേരവും ബസ്സിൽ വെച്ച് കണ്ടുമുട്ടും. മുപ്പത് നയാപൈസയാണ് ടിക്കറ്റുനിരക്ക്. സമീപത്തിരുന്ന് സംസാരിക്കുമ്പോൾ വിഷയം സാഹിത്യം തന്നെ. ടാഗോർ അവാർഡ് നേടിയ എന്റെ നോവൽ ചാട്ട പുസ്തകമായി ഇറങ്ങിയ ഉടനെതന്നെ അദ്ദേഹം അതുവായിച്ച് എന്നെ കാണാൻ വന്നു. മറ്റുള്ളവർ അഭിപ്രായം പറയും മുൻപുതന്നെ ആദ്യത്തെ വായനക്കാരനെന്ന നിലയ്ക്ക് അഭിനന്ദനം പറയാനായി വന്നതായിരുന്നു ഖാദർ. പിന്നീട് ദൃഢമായ ആത്മബന്ധം എത്രയോ അനുഭവങ്ങൾ ഉണ്ടാക്കി. ഞാനും ഖാദറും കൂടി നാഷനൽ ബുക്ക് സ്റ്റാളിന്റെ കോഴിക്കോട്ടെ ശാഖയിൽ ചെല്ലുപ്പോൾ മാനേജറായ ശ്രീധരൻ സൽക്കരിച്ചിരുത്തും. തിക്കോടിയൻ, പ്രൊഫസർ എം. അചുതൻ, എ.എസ്സ് മേനോൻ തുടങ്ങിയവർ അവിടെയെത്തും. കോഴിക്കോട്ടെ എഴുത്തുകാർക്കിടിയിൽ മറ്റെവിടെയും ഇല്ലാത്ത ഒരു സൗഹൃദത്തിന്റെ മധുരമുണ്ട് എന്ന് പലരും പറയാറുണ്ട്. സാഹിത്യ ചർച്ചകൾ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയായിരുന്നു അക്കാലത്ത്. വൈകുന്നേരങ്ങളിൽ ഖാദർ എന്റെ വീട്ടിൽ വരും. ഒഴിവുകിട്ടിയാൽ പൊക്കുന്നിലെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ഞാനും കടന്നുചെല്ലും. ഖാദർ എന്ന എഴുത്തുകാരനെക്കാൾ ഞാൻ ചിന്തിക്കുന്നത് വ്യക്തിപരമായി ഞങ്ങൾക്കിടിയിലുള്ള അടുപ്പത്തെക്കുറിച്ചാണ്. കോട്ടയത്തേക്ക് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനായി ഞങ്ങൾ ഒരുമിച്ചാണ് പോകാറുപതിവ്. കൂടെ എം.എം. ബഷീറും, കുഞ്ഞുണ്ണിമാഷ്, മലയത്ത് അപ്പുണ്ണി എന്നിവരെല്ലാം ഉണ്ടാകും. ഖാദർ താരതമ്യേന അവശനായി കഴിയുമ്പോഴും പഴയസ്മരണകൾ അദ്ദേഹം അയവിറക്കും. ഖാദറിന്റെ സാഹിത്യസൃഷ്ടികളെ പലരും വിലയിരുത്തിക്കഴിഞ്ഞതിനാൽ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. അദ്ദേഹത്തിന്റെ കയ്യിൽ നിന്നും ടൗൺഹാളിലെ ചടങ്ങിൽ ഞാൻ അവാർഡ് വാങ്ങിയിട്ടുണ്ട്.

നക്ഷത്രരാജ്യം രാധാകൃഷ്ണനും ഞങ്ങളെ കൂട്ടിയിണക്കിയ ഒരു കണ്ണിയാണ്. രാധാകൃഷ്ണനോടും നക്ഷത്രരാജ്യത്തിനോടും ഖാദറിന് ഒരു പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. മലയാളികൾ എക്കാലത്തും ഓർമ്മിക്കുന്ന ഒരു എഴുത്തുകാരനായി വളരാൻ യു.എ ഖാദറിന് കഴിഞ്ഞു. ക്ഷുഭിതനായി ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. പുഞ്ചിരിച്ചുകൊണ്ടാണ് സംസാരിക്കുക. ശ്രോതാവിനെ വേദനിപ്പിക്കാതെ പ്രതിപക്ഷ ബഹുമാനത്തോടെ വർത്തമാനം പറയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. സാധാരണഗതിയിൽ സാഹിത്യകാരൻമാർക്ക് കിട്ടേണ്ടുന്ന ബഹുമതികളെല്ലാം അദ്ദേഹം നേടിയെടുത്തു. തികച്ചും സ്വാർത്ഥകമായ ഒരു ജന്മമായിരുന്നു അദ്ദേഹത്തിന്റേത്. ഇനി വൈകുന്നേരത്തെ നടത്തത്തിന്റെ ഒരു ഭാഗമായി പൊക്കുന്നിലേക്ക് പോകുമ്പോൾ ഖാദർ സൽക്കരിക്കാൻ ഉണ്ടാകില്ല എന്നോർക്കുമ്പോൾ വിഷമമുണ്ട്. ഹൃദയഹാരിയായ നല്ല രചനകൾ നടത്തിയിരുന്ന ഒരു കഥാകാരനെയാണ് നമുക്ക് നഷ്ടമായത്. ഖാദറിനെ അനുസ്മരിക്കണമെന്ന് രാധാകൃഷ്ണൻ പറഞ്ഞപ്പോൾ എന്റെ അകത്തൊരു തേങ്ങൽ ഉയർന്നു. അത് എഴുത്തുകാർ തമ്മിലുള്ള സുഹൃത്ബന്ധത്തിന്റേതായ തേങ്ങലാണ്. അദ്ദേഹത്തിന്റെ സിനേഹവാത്സല്യങ്ങൾ എന്നും ഒരു തണലായി നിലനില്ക്കുക തന്നെ ചെയ്യും. ■



(ഓർമ്മക്കുറിപ്പ്)



ശ്രീധരനുണ്ണി

# യു.എ. ഖാദർ ഒരോർമ്മക്കുറിപ്പ്



പ്രശസ്തിയുടെ കൊടുമുടിയിലിരിക്കുന്നവരുടെ സംഘമം.

മലയാള സാഹിത്യത്തിന്ന് കനത്ത ആഘാതം ഏൽപ്പിച്ചു കൊണ്ടാണല്ലോ 2020 വിട പറഞ്ഞത്. മഹാകവി അക്കിത്തം, യുഎ. ഖാദർ, പിന്നെ സുഗതകുമാരി. കഥയുടെ തട്ടകത്തിൽ തന്റേതുമാത്രമായ ഒരു മുദ്ര പതിപ്പിച്ചു കൊണ്ടാണ് യു.എ. ഖാദർ നമ്മെ വിട്ടു പിരിഞ്ഞത്. ബർമ്മയിൽ ജനനം. ഉമ്മയുടെ മരണശേഷം കൊച്ചുകുട്ടിയായ ഖാദറിനേയും ഒക്കത്തേറ്റി പിതാവ് ഇന്ത്യയിലേക്ക് പാലായനം ചെയ്യേണ്ടി വന്നു. യുദ്ധം കൊടുമ്പിരിക്കൊള്ളുന്ന കാലം. കുട്ടിയെ അഭയാർത്ഥി കേന്ദ്രത്തിൽ ഏൽപ്പിക്കാതെ അനേകം ത്യാഗങ്ങൾ സഹിച്ച് കേരളത്തിലേക്കുള്ള നെട്ടോട്ടം. ആ ഓട്ടം അവസാനിച്ചത് പന്തലായിനിയിലാണ്. ആ ബാലനാണത്രെ യു.ഏ. ഖാദർ.

വീട്ടിലെ ഏകാന്തതയിൽ ആ കുട്ടി വളരുന്നു. അവഗണനയും, അപഹാസവുംഏറെ സഹിക്കേണ്ടി വന്ന കുട്ടിക്കാലം. പക്ഷെ ആ ബാലൻ അതിനെയെല്ലാം അതിജീവിച്ചു. ആ ഏകാന്തവാസത്തിനിടെ ഖാദർ ചുറ്റുപാടുകളെ നിരീക്ഷിച്ചു. ചുറ്റുമുള്ള മനുഷ്യരുടെ സ്വഭാവ വിശേഷങ്ങൾ നിരീക്ഷിച്ചു. വിദ്യാഭ്യാസകാലമൊക്കെ ഒരു വിധം കഴിഞ്ഞപ്പോൾ, യു.എ. ഖാദർ അല്പാൽപം എഴുത്തു തുടങ്ങി. കഥയെഴുത്ത്. എഴുതിയെഴുതി വലുതായി. നാമറിയുന്ന "തൃക്കോട്ടൂർ" കഥകളുടെ കർത്താവായ സാക്ഷാൽ യു.എ. ഖാദറായി.

ആരോഗ്യവകുപ്പിലെ ഉദ്യോഗം. അവിടെ പലതരം ആളുകളുമായി നിരന്തര സഹവാസം. അങ്ങനെ ഭാവനയുടെ ലോകം വികസിതമായി. മാനവികതയോളം വിശാലമായി.

ആദ്യമാദ്യം ഖാദർ എഴുതിയത് സാമൂഹ്യ കഥകളാണ്.

മുസ്ലീം സമുദായത്തിന്റെ ഉള്ളറകൾ ആലേഖനം ചെയ്ത ആദ്യകാല കൃതിയാണ് "ചങ്ങല". "ഖുറൈശിക്കൂട്ടം" എന്ന കൃതിയും അങ്ങനെ തന്നെ.

ഭാവനയിൽ ഒരു ദേശം സൃഷ്ടിച്ച് ആ ദേശത്തിന്റെ കഥ പറഞ്ഞ കഥാകാരന്മാർ പലരുമുണ്ട്. എണ്ണപ്പാടം എന്ന ദേശത്തിന്റെ കഥ പറഞ്ഞ എസ്.കെ. പൊറ്റേക്കാട്, തസ്റാത്തിന്റെ കഥ പറഞ്ഞഒ. വി. വിജയൻ അങ്ങിനെ പലരും. യു.എ. ഖാദറിന്റെ കഥകളുടെ ആസ്ഥാനം തൃക്കോട്ടൂരായി. പുരാവൃത്തങ്ങളും, നാടോടി കഥകളും, വിശ്വാസങ്ങളും ആചാരങ്ങളും, അനുഷ്ഠാനങ്ങളും, പഴമൊഴികളും, ശൈലികളും, ഉക്തിവൈജിത്യങ്ങളുമെല്ലാം ഈ കഥാകാരൻ സ്വായത്തമാക്കി. സാധാരണക്കാരിൽ സാധാരണക്കാരായ ജനങ്ങൾ കഥാപാത്രങ്ങളായി ഈ കഥകളുടെ ആഖ്യാനമാണ് ഖാദറിനെ വ്യതിരിത്തനാക്കുന്ന ഒരു ഘടകം. അതിനായി പുതിയൊരു ഭാഷ തന്നെ അദ്ദേഹം ഉരുത്തിരി

ച്ചെടുത്തു. ആ ഭാഷാ പ്രയോഗത്തെപ്പറ്റി ഗവേഷണ പ്രബന്ധങ്ങൾ തന്നെയുണ്ടായി. അഘോര ശിവം, മായേ പാതാളം തുടങ്ങിയ കൃതികളിലും ഈ ഭാഷ ഒരു മുഖ്യ ഘടകമത്രെ.

നാടോടി വിജ്ഞാനീയവുമായി ബന്ധപ്പെടുത്തിക്കൊണ്ടും നമുക്ക് യു.എ. ഖാദറിനെ വായിക്കാവുന്നതാണ്. അതോടൊപ്പം ആ കൃതികളെ മനശ്ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പഠിക്കേണ്ടതുണ്ട്. ആ ധർമ്മം നിരൂപകരെ ഏൽപ്പിച്ചിട്ടാണ് അദ്ദേഹം പോയത്. മലയാള നോവൽ സാഹിത്യത്തിലും, ചെറുകഥാ സാഹിത്യത്തിലും ഏറെ അംഗീകാരങ്ങൾ ഖാദറിനെ തേടിയെത്തിയിട്ടുണ്ട്. അതിനൊക്കെയപ്പുറം ജനഹൃദയങ്ങളിലാണ് ഖാദറിന്റെ സ്ഥാനം.

അഞ്ചു വർഷത്തോളം ആകാശവാണി കോഴിക്കോട് നിലയത്തിലും നമ്മുടെ കഥാകാരൻ ജോലി ചെയ്തിട്ടുണ്ട്. അവിടെ ഉറൂബ്, അക്കിത്തം, തിക്കോടിയൻ, കക്കാട്, കെ.എ. കൊടുങ്ങല്ലൂർ തുടങ്ങിയവരൊക്കെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്നു. ആ പരിചയ സീമയും അദ്ദേഹത്തിന്റെ കഥാ ജീവിതത്തിന് മുതൽക്കൂട്ടായി.




യു.എ. ഖാദറും ഭാര്യയും

മലയാളിമ ഉള്ള കാലത്തോളം ഖാദർ ജീവിക്കും ജനഹദയങ്ങളിൽ! തൃക്കോട്ടൂർ പെരുമയുടെ കഥാകാരനായി. മലയാളത്തനിമയുടെ കഥാകാരനായി. സാധാരണക്കാരിലെ അസാധാരണത്വം ചികയുന്ന കഥാകാരനായി. മിത്തുകളെ വ്യാഖ്യാനിച്ച് അതിന്നുള്ളിലെ മനുഷ്യജീവിതം കണ്ടെത്തിയ കഥാകാരനായി. മതേതരമായ ചിന്തകളിൽ അടിയുറച്ച മനുഷ്യസ്നേഹിയും ലാളിത്യത്തിന്റെ പ്രയോക്താവായ നർമ്മരസികനായി; നവോത്ഥാന ചിന്തകളിൽ അഭിരമിച്ച നിരീക്ഷകനായി. ■



കവിത





ചേരാമംഗലം ചാമുണ്ണി

# കർഷകൻ

**പാട വരമ്പത്ത് കുട ചൂടി നില്ക്കുന്ന**
**പടുമുള പൊട്ടിയ കളയല്ല കർഷകൻ.**
**പാരിലെ പരകോടി ജീവജാലങ്ങൾക്കും**
**ജീവാമൃതം തൂകും നിധിയാണ്**
**കർഷകൻ.**

**ഉടുതുണിയായി അന്നമായ്, "ഉപ്പായി"**
**പൊരിയുന്ന വെയിലത്തും ചൊരിയുന്ന-**
**മഴയത്തും**
**തണുത്തുറയുന്ന മഞ്ഞത്തും വയലിന്-**
**പാലൂട്ടി**
**വിശ്രമമറിയാടെ ജന്മമുരുകുന്നവൻ**
**കർഷകൻ.**

**കരയുന്നു ഭാരതം മുഴുവനും, തങ്ങളെ**
**ത്തിന്നുന്ന**
**നിയമക്കുരുക്കിന്**
**ചിതയൊരുക്കീടുവാൻ**
**ഹിമശൈല മുരുകുന്നു പുണ്യ ഗംഗയും**
**പൊള്ളുന്നു**
**കർഷകപ്പടയുടെ ആത്മധൈര്യങ്ങളിൽ.**

**സഹനസമരത്തിൽ കലപ്പയും മണ്ണും**
**അതിജീവനത്തിന്റെ ചേറു കുഴയ്ക്കുന്നു**
**ശ്രീരാമ നേത്രങ്ങൾ കോരിത്തരിക്കുന്നു**
**കുരുക്ഷേത്ര പോർക്കളം**
**കോൾമയിർക്കൊള്ളുന്നു.**



(ഓർമ്മക്കുറിപ്പ്)



യു.കെ. കുമാരൻ

# ഒറ്റയ്ക്ക് പൊരുതിജയിച്ച എഴുത്തുകാരൻ



**അടുക്കിവെച്ച അവാർഡുകളുടെ പശ്ചാത്തലത്തിൽ യു.എ. ഖാദർ തന്റെ എഴുത്തുമുറിയിൽ**

**ഭാ**ഷയുടെ നാടോടി പാരമ്പര്യത്തേയും സമൂഹത്തിന്റെ പ്രാക്തന ബോധത്തേയും സമന്വയിപ്പിച്ച നവീനമായ ഒരാഖ്യാന സവിശേഷതയായിരുന്നു ഖാദറിന്റേത്. തൃക്കോട്ടൂർ കഥകളിലൂടെ ഭ്രമാത്മകതയുടെ സൗന്ദര്യവും വായനക്കാർ അറിയുകയായിരുന്നു. സത്യത്തെയും മിത്തിനേയും സമന്വയിപ്പിച്ചുള്ള ആഖ്യാനരീതിയിലൂടെ മലയാളികളുടെ ഭ്രമാത്മകലോകം വികസ്വരമായത് ഖാദർ രചനകളിലാണ്. "മാണിക്യം വിഴുങ്ങിയ കണാരൻ", "പന്തലായനിയിലേക്കൊരു യാത്ര" തുടങ്ങിയ രചനകളിൽ ഒരു പക്ഷേ മലയാളത്തിൽ മറ്റൊരു എഴുത്തുകാരനും പ്രകടിപ്പിക്കാത്ത വിശേഷമായ ഒരു രചനാരീതിയെ ഖാദർ പരിചയപ്പെടുത്തുകയായിരുന്നു. തൃക്കോട്ടൂർ കഥകളുടെ സമാന്തരമായ "തൃക്കോട്ടൂർ പെരുമ" പ്രകാശിപ്പിച്ചുകൊണ്ട് ടി. പത്മനാഭൻ യു.എ. ഖാദറിനെ മാജിക്കൽ റിയലിസത്തെ ഏറ്റവും സ്വാർത്ഥകമായി പരിചയപ്പെടുത്തിയ മാർക്കോസുമായി താരതമ്യപ്പെടുത്തുകയുണ്ടായി. ഇതിലൊട്ടും അത്ഭുതപ്പെടേണ്ടതില്ല. ഒരു പക്ഷേ, മാർക്കോസിനേക്കാൾ വിശാലമായ തലത്തിൽ മാജിക്കൽ റിയലിസത്തെ യു.എ. ഖാദർ തന്റെ രചനകളിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

വടക്കൻപാട്ടിന്റെ പാരമ്പര്യവും സാമൂഹികാചാരവുമായി ബന്ധപ്പെട്ട പ്രാദേശിക മിത്തുകളും ഏറ്റവും കൂടുതൽ രചനകളിൽ പ്രയോഗിച്ചതും യ.എ. ഖാദറായിരിക്കും. വാക്കുകളുടെ അന്വയത്തിലൂടെ അതിനെ താളാത്മകതലത്തിലേക്ക് ഉയർത്തുന്നതിന് ഖാദർ അപാരമായ മിഴിവ് പ്രകടിപ്പിച്ചു. ഒരു പക്ഷേ, മതപരമായ തന്റെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും വിരുദ്ധമായ ഒരു സൗന്ദര്യസങ്കല്പത്തെ പൊലിപ്പിച്ചെടുക്കാനും അത് സർഗാത്മക ശക്തിയാക്കാനും ഖാദർ തന്റേതായ ഒരു വഴി കണ്ടെത്തുകയായിരുന്നു. തറവാടുവീട്ടിലെ ഒറ്റമുറിചായ്പിൽ കിടന്നുകൊണ്ട് അപ്പുറത്തെ ഉത്സവങ്ങൾ നോക്കികിടക്കവെ, തന്നിലെ ചിത്രകാരൻ നിറക്കൂട്ടുകളുടെ ലോകത്തേക്ക് തന്നെ എത്തിക്കുകയായിരുന്നെന്നും പലയിടത്തും രേഖപ്പെടുത്തിയിട്ടുണ്ട് യു.എ. ഖാദർ. നിറങ്ങളെക്കുറിച്ചും അതിന്റെ ചേരുവകളെക്കുറിച്ചും നന്നായി അറിയാവുന്ന ഒരു ചിത്രകാരൻ കൂടിയായിരുന്ന അദ്ദേഹം വരച്ച ചിത്രങ്ങളും അത് സാക്ഷ്യപ്പെടുത്തുന്നു. തന്നിലെ ചിത്രകാരനും തന്നിലെ എഴുത്തുകാരനും ചേർന്നു രൂപപ്പെടുത്തിയ ഒരു ഭ്രമാത്മകലോകത്തിന്റെ അധിപനായി യു.എ. ഖാദർ വളരുകയായിരുന്നു.

അഘോരശിവം എന്ന നോവലിൽ, "അഘോരശിവക്ഷേത്രത്തിൽ" എഴുതിവെച്ച മഹാകവി കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ കവിതാവരികൾ ഉദ്ധരിച്ചത് നന്നേ ക്ലേശം സഹിച്ചിട്ടായിരുന്നു. ഈ വരികൾ എങ്ങനെ കണ്ടെത്തി യെന്ന് ചോദിച്ചാൽ ഖാദർ പറയുന്ന മറുപടി ഇങ്ങനെയായിരിക്കും. "കോമര"ത്തിന്റെ വെളിപ്പാടുകൾ എങ്ങനെ വന്നു അതുപോലെ. യു.എ. ഖാദറിന് എഴുത്ത് ഒരു തരത്തിൽ കോമരത്തിന്റെ ഉറഞ്ഞുതുള്ളലായിരുന്നു. ഉത്സവം വരുമ്പോൾ കോമരത്തിന് ഉറഞ്ഞുതുള്ളാതിരിക്കാനാവാത്ത പോലെ, എഴുത്തു വരുമ്പോൾ യു.എ. ഖാദറിനും എഴുതാതിരിക്കാനാവില്ല. അപ്പോൾ വെളിപാടുപോലെ പലതും നാവിൽ വരുന്നു.

ജീവിതത്തിന്റെ പലമേഖലകളിലും അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഈർച്ചമില്ലിലും പത്രിത്തിലും ജീവനക്കാരനായി. അതുകഴിഞ്ഞ് ആശുപത്രയിൽ. ഏറ്റവുമൊടുവിൽ റേഡിയോ നിലയത്തിൽ. പല മേഖലക




**കോഴിക്കോട് ടൗൺഹാളിൽ നക്ഷത്രരാജ്യം-തകഴി അവാർഡ് ഏറ്റുവാങ്ങിക്കൊണ്ട് യു.എ. ഖാദർ പ്രസംഗിക്കുന്നു.**

ളിൽ പ്രവർത്തിച്ചതിന്റെ അനുഭവം നിരന്തരമായ എഴുത്തിൽ സ്വരൂപിച്ചുകൊണ്ടാണ് യു.എ. ഖാദർ തന്റേതായ തട്ടകം കണ്ടെത്തിയത്. അത് അന്നുവരെ താൻ അനുഭവിച്ച അവഗണനയ്ക്കും അവഹേളനത്തിനുമുള്ള ശക്തമായ മറുപടിയായിരുന്നു. ആദ്യകാലത്ത് നഗരത്തിലെ പൊതുവേദികളിലോ, സാംസ്ക്കാരിക സദസ്സുകളിലോ അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നില്ല. സ്വസിദ്ധമായ തന്റെ പോരായ്മകളെക്കുറിച്ചുള്ള ചിന്തയും സർഗ്ഗാത്മകരംഗത്തെ വരേണ്യവർഗ്ഗത്തിന്റെ ബോധപൂർവ്വവുമായ അകറ്റിനിർത്തലുമായിരുന്നു ഇതിന് കാരണം. പല രംഗത്തും താൻ തഴയപ്പെടുന്നുണ്ടെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. എന്നാൽ, ഇതിലൊന്നിലും ഉത്കണ്ഠപ്പെടാതെ ഏറ്റവും ശക്തമായ പ്രതിരോധമൊരുക്കുന്നതിലുള്ള തയ്യാറെടുപ്പിലായിരുന്നു അദ്ദേഹം. അതാണ് നാം "തൃക്കോട്ടൂർ കഥകളിൽ" കണ്ടത്.

ഖാദറിന്റെ രചനകളെ സമൂലം പൊളിച്ചുപണിയുന്ന ഒരു സർഗ്ഗാത്മക നിർമ്മിതിയായിരുന്നു തൃക്കോട്ടൂർ കഥകൾ. മലയാളത്തിലെ ആദ്യകാല രചനകളിൽ പ്രത്യക്ഷപ്പെട്ടിരുന്ന "നാട്ടുകാരായ ഞങ്ങൾ" എന്നത് ഖാദറിന്റെ രചനകളിലെത്തുമ്പോൾ "തൃക്കോട്ടുരുകാരായ ഞങ്ങൾ" എന്നു പറഞ്ഞുകൊണ്ട് ഒരു ദേശത്തിന്റെ ആഖ്യാനരൂപത്തിലെത്തുന്നു. ഇതിന്റെ തുടർച്ചയായിത്തന്നെയാണ് എഴുത്തുകാരൻ തന്നെ രചനയിൽ പ്രത്യക്ഷപ്പെടുന്നതും. അതുകൊണ്ട് തൃക്കോട്ടൂരിന്റെ ചരിത്രമെഴുതുന്ന ഇവൻ പഴയ കഥകളുടെ ഉറവയന്വേഷിക്കുന്നു. ചെറുപ്പക്കാർക്ക് പറയാം പഴങ്കതയെഴുതും യു.എ. ഖാദർക്ക് പ്രാന്താണ് നട്ടപ്രാന്ത്, "ഒന്നു നൂറാക്കിപ്പെരുപ്പിക്കും നാവാണല്ലോ തൃക്കോട്ടൂരിലെ ആണിനും പെണ്ണിനും. ഈ യു.എ. ഖാദറിനും നാവിന് നൂറു മുഴം തന്നെ..." ഈ രീതിയിൽ തൃക്കോട്ടൂർ കഥകളിൽ സ്വയം കഥാപാത്രമായി മാറികൊണ്ടാണ് യു.എ. ഖാദർ മലയാള സർഗാത്മകതയിലെ പുത്തൻ അനുഭവമായി മാറിയത്.

ഒറ്റപ്പെടൽ തന്റെ ജീവിതത്തിലുടനീളം ഉണ്ടായിരുന്നതായി യു.എ. ഖാദർ പലയിടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനെതിരെ പൊരുതിജയിച്ച ജീവിതമാണ് തന്റേതെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. കുട്ടക്കാലത്തെ ഒരോർമ്മ തുടങ്ങുന്നതുതന്നെ ആൾകൂട്ടത്തിൽ പെട്ടെന്ന് ഏകാകിയായിത്തീർന്ന ഒരനുഭവത്തെ പരാമർശിച്ചുകൊണ്ടാണ്.

ഉമ്മ നഷ്ടപ്പെട്ട് ഏറെ യാതനകൾ സഹിച്ച് ഉപ്പയോടൊപ്പം നാട്ടിലെത്തിയ സന്ദർഭത്തിൽ ഒരു ചടങ്ങിൽ പങ്കെടുക്കാൻ ചെന്നപ്പോഴാണ് ആദ്യത്തെ ക്രൂരമായ ഒറ്റപ്പെടൽ ഉണ്ടായത്. തന്റെ സമപ്രായക്കാരായ കുട്ടികളുമൊത്ത് കളിച്ചുകൊണ്ടിരിക്കേ പെട്ടെന്ന് ആരോ വിളിച്ചു പറയുന്നു, ഉമ്മമാരെല്ലാം മക്കളെയുമെടുത്ത് പുറപ്പെടാൻ പോകുന്ന ബസിൽ ഉടൻ കയറുക. എല്ലാ ഉമ്മമാരും ഓരോരുത്തരുടേയും മക്കളെയുമെടുത്തു ബസിൽ കയറാൻ ധൃതിവെച്ചു പോയി. അവിടെ ആരും എടുക്കാനില്ലാതെ ഖാദർ എന്ന കുട്ടി മാത്രം ഒറ്റപ്പെട്ടു. കാരണം, ആ കുട്ടിയെ അന്വേഷിക്കാൻ ഉമ്മ എന്ന സ്ത്രീ ഉണ്ടായിരുന്നില്ല. ഇത്തരത്തിലുള്ള ഏകാന്തത ഖാദറിന്റെ ജീവിതത്തിൽ ഉടനീളമുണ്ടായിരുന്നു.


മലയാളിത്തം നന്നേ കുറവായ കുട്ടിയെന്ന നിലയിൽ സ്ക്കൂളിലെ ക്ലാസ്മുറികളിൽ ഖാദർ ഒറ്റപ്പെട്ടു. ജീവിച്ചു വരുന്ന മണ്ണ് ജന്മനാടല്ല എന്ന അറിവും ഖാദറിനെ എന്നും അലോസരപ്പെടുത്തി. അത്തരം വൈരുധ്യാത്മകസംഘർഷം നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്നതിനിടയാണ് യു.എ. ഖാദർ എന്ന എഴുത്തുകാരൻ രൂപപ്പെട്ടത്. എഴുത്തിന്റെ തുടക്കത്തിൽ വ്യത്യസ്തമായ ധാരാളം രചനകൾ പുറത്തുവിട്ടിട്ടും യു.എ. ഖാദർ എന്ന എഴുത്തുകാരനെ ശ്രദ്ധിക്കാൻ മലയാളം തയ്യാറായിരുന്നില്ല എന്നതാണ് സത്യം. വടക്കേ മലബാറിലെ മുസ്ലീംങ്ങളുടെ സാമൂഹിക ജീവിതം ആദ്യമായി അടയാളപ്പെടുത്തിയ "ചങ്ങലയോ", മുസ്ലിം കുടുംബങ്ങൾ പരാമർശിക്കപ്പെടുന്ന "ഒരു മാപ്പിളപ്പെണ്ണിന്റെ കഥ", "ഇണയുടെ വേദാന്തം" എന്നിവയോ ഒരിടത്തും ആ രീതിയിൽ പരാമർശിക്കപ്പെട്ടില്ല. ■

ചെറുകഥ



വത്സല രവീന്ദ്രൻ

# ചിരിക്കുന്ന പക്ഷികൾ



**ഫ്ലാറ്റി**ന്റെ വാതിൽ പടിയിൽ വലതുകാൽ വെച്ച് ഞാൻ സേതുവിനെ അമ്പരപ്പോടെ നോക്കി.

ജീവിതത്തിലെ ഏറ്റവും വലിയ അപ്രതീക്ഷിതമായ ഒരു ടേണിങ്ങ്പോയന്റ്, ഈ കാൽചുവടോടെ അത് മറികടക്കുകയാണ്.

തെറ്റും ശരിയും തിരിച്ചറിയാത്തവളെ പോലെ സേതു നീട്ടിയ കൈകവർന്ന് ഞാൻ അകത്തേക്ക് കയറി.

"സീമ ഇന്ന് ഞാൻ നിനക്കായി കോഫി ഇട്ടുകൊണ്ടുവരാം. നീ വല്ലാതെ വറീഡാണ്. ഇത്തിരി നേരം റസ്റ്റ് എടുത്തോളൂ. അതാണ് ബഡ് റൂം."

സേതുവിന്റെ വിരൽത്തുമ്പ്നീണ്ട മുറിയിലേക്ക് ഞാൻ സാവധാനം കടന്നു. പിന്നെ കിടക്കയിലേക്ക് ചാഞ്ഞു.

മനസ്സിൽ ഇന്നുവരെ കഴിഞ്ഞ പത്തു വർഷങ്ങളായിരുന്നു. അതിനുമുമ്പ് തന്നെ സേതു ഒരു നല്ല സഹൃത്തായി കൂടെ ഉണ്ടായിരുന്നു. നിശാന്തിന്റെ പപ്പ അനിലിന്റേയും സുഹൃത്ത് ആയിരുന്നു സേതു.

സേതുവിനെ പരിചയപ്പെടുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റിൽ തലസ്ഥാനത്തേക്ക് ട്രാൻസ്ഫർ ആയി ചെന്നപ്പോഴാണ്. ഒരു കലാകാരന്റെ ലുക്കിൽ കുർത്തയും പൈജാമയും ഇട്ട്, അല്പം വളർത്തിയ മനോഹരമായ താടിയും ചുമലെത്തുന്ന മുടി പിറകോട്ടുകോതിറബ്ബർബാന്റ്ഇട്ട്മുറുക്കി നടക്കുന്ന ആൾ ഒരു കലാകാരന്റെ ലുക്കിലായിരുന്നു.

ഓഫിസറായിരുന്നിട്ടും ഒരു തലക്കനവുമില്ലാതെ ഓഫിസ് കാര്യങ്ങൾ പറഞ്ഞുതരാനും സഹായിക്കാനും സേതു എല്ലാവരോടും തയ്യാറായിരുന്നു.

വഴുതക്കാട് ഒരു വാടകവീട് സംഘടിപ്പിച്ചുതന്നതും അമ്മയേയും നിശാന്തിനേയും കൊണ്ടുവന്നപ്പോൾ നിശാന്തിന്റെ സ്ക്കൂൾ അഡ്മിഷൻ ശരിയാക്കിയതും അനിലിന് തിരുവനന്തപുരത്തേക്ക് മാറ്റം ശരിയാക്കിയതും സേതു ആയിരുന്നു.

ഒരു ജീവിതം നഷ്ടപ്പെട്ട ആളായിരുന്നു സേതു. ആ കരുതൽ അമ്മയും അനിലും താനും നിശാന്ത് പോലും എപ്പോഴും ഓർത്തുവെച്ച് സേതുവിനോട് പെരുമാറി.

ഉമയെ ആറേഷ്വർഷം പ്രേമിച്ചു വിവാഹം കഴിച്ചതാണ് സേതു. പക്ഷേ വിവാഹം കഴിഞ്ഞ് രണ്ടാം വർഷം ഉമ ഇൻവെർട്ടർ ബാറ്ററിയിൽനിന്നും ഷോക്കേറ്റു മരിച്ചു.

ഉമയുടെ മരണശേഷം അവളെ കല്യാണം കഴിച്ചതിന്റെ പേരിൽ പടിയടച്ച ബന്ധങ്ങളെ തേടി സേതു പോയതുമില്ല.

അമ്മ മരിച്ചപ്പോഴും പിന്നെ പത്തു വർഷം മുമ്പ് അനിൽ മരിച്ചപ്പോഴും സേതു സഹോദരനെ പോലെ കൂടെ ഉണ്ടായിരുന്നു. നിശാന്തിന്റെ പഠനം കഴിയും വരെ കോളേജുകാര്യങ്ങൾ അന്വേഷിച്ചതും ജോലി ശരിയാക്കിയതും അവന്റെ ഇഷ്ടം വിവാഹത്തിലെത്തിച്ചതും സേതുവായിരുന്നു. എന്നും കാണാറില്ല. പക്ഷേ മൊബൈൽ സംസാരം അന്വേഷണം ഒക്കെ എന്നും ഉണ്ടാവും.

എല്ലാം തകിടം മറഞ്ഞത് നിശാന്തിന്റെ വധു കനിഹ വന്നതോടെ ആയിരുന്നു. അവൾക്ക് എന്റേയും സേതുവിന്റേയും സൗഹൃദം പിടിക്കാതായി. മകൻ കൂടി സേതുവിനെ തള്ളി പറയാൻ തുടങ്ങിയ ദിവസം റസ്റ്റോറന്റിലെ കസേരയിലിരുന്ന് മനസ്സു തകർന്നു കരഞ്ഞു വീണത് സേതുവിന്റെ ചുമലിലേക്കായിരുന്നു. ചേർത്തു പിടിച്ച കൈകളിലൂടെ ആശ്വസിപ്പിക്കലിനൊപ്പം സൗഹൃദം വഴിമാറി




യതും പെട്ടന്നായിരുന്നു.

ഒരു സ്ത്രീക്ക് ഒരു പുരുഷനില്ലാതെ മകനോട് പടവെട്ടാനാവില്ല. ഒത്തിരിയൊത്തിരി അവന്റെ ധിക്കാരം സഹിക്കാനാവില്ല എന്ന സത്യം മനസ്സിലായി.

സേതുവിന്റെ ഫോൺ വിളികളിൽ മാറ്റങ്ങൾ ഉണ്ടായി. കണ്ടു കൊതിതീർന്ന കടൽപുറങ്ങൾ സേതുവിനൊപ്പം പുതുകാഴ്ചകളായി. അൻപത്തിയഞ്ചിന്റെ പടവുകൾ കയറി എത്തിയത് റിട്ടയർമെന്റിന്റെ പടിവാതിൽക്കൽ ആയിരുന്നു. അതോടെ മനസ്സ് പൂർണ്ണമായും സേതുവിലേക്ക് ചേർന്നു നിന്നു.

അനിലിനോടൊപ്പം നഷ്ടപ്പെട്ട പ്രണയം തിരിച്ചുവരികയായിരുന്നു. കടൽപുറങ്ങളിൽ ലൈബ്രറികളിൽ റസ്റ്റോറന്റുകളിൽ സേതു കൂടെനിന്നു. ഇടക്ക് അനിൽ ഓർമ്മയിൽ വരും...ക്ഷമിക്കൂ അനിൽ ഒഴിഞ്ഞുപോയ ഇടം ശൂന്യമായപ്പോൾ മകൻപോലും അപമാനം പറഞ്ഞപ്പോൾ എനിക്കൊരു കൂട്ടില്ലാതെ പറ്റില്ല എന്നായി...

പ്രണയം പ്രായത്തെ മറികടക്കുന്നു. ആ അത്ഭുതകാഴ്ച സ്വന്തം ജീവിതത്തിൽ കണ്ടു.

സേതുവിന്റെ മിഴികളിലനുരാഗം തുളുമ്പുമ്പോൾ ഒരു പാവാടക്കാരിയെപ്പോലെ പുഞ്ചിരികളിൽ നുണകുഴിപൂവിടർത്തി നില്ക്കുകയായിരുന്നു ഞാൻ.

സേതു ചേർത്തു പിടിക്കുമ്പോൾ വാര്യത്തെ പതിനാറുകാരിയായിരുന്ന സീമയാവുകയായിരുന്നു.

പറയാതെ പറയുകയായിരുന്നു പരസ്പരം "ഇനിയും നീ തുണയില്ലാതെ ജീവിക്കാനാവില്ല."

ഇടക്കിടെ വെള്ളിനൂൽ പാകിയ എന്റെ മുടിയിൽ മുഖം പൂഴ്ത്തി സേതു യൗവ്വനത്തെ തിരിച്ചു വിളിച്ചു.

ഇനിയുമൊരു വേർപാട് മരണത്തിനെ സാധിക്കൂ എന്ന് മനസ്സിലായ ദിനം തീരുമാനിച്ചു ഇതു തന്നെ വിധി.

അറിഞ്ഞെത്തിയ സുഹൃത്തുക്കൾ അനുമോദിച്ചപ്പോഴും മകൻ ഇടഞ്ഞുനിന്നു.

അവൻ സേതുവിനോട് വഴക്കിനു വരെ ചെന്നു.

"കൂടെ എന്നും ഉണ്ടാവുമെന്ന ഉറപ്പും ആറ്റുകാലിലമ്മക്ക് നിവേദിച്ച താലിയും സീമ വേണ്ടെന്നു പറയും വരെ ഞാൻ കാത്തു നില്ക്കും. എന്നോടല്ല നിന്റെ അമ്മയോട് സംസാരിക്ക് നീ."

പക്ഷേ അവനു സംസാരിക്കാനായി നിന്ന് കൊടുക്കാതെ എനിക്ക് ശേഷിച്ച ജീവിതത്തിലേക്കുള്ള കരുതലും സ്നേഹവും തേടി സേതുവിന്റെ പ്രണയത്തിനായി ഞാൻ ഇറങ്ങി പോന്നു.

"ഈ പോക്ക് നീ പോയില്ല എങ്കിൽ ഇനി ഒരു പോക്ക് നിനക്ക് ഓൾഡ്ഏജ്ഹോമിലേക്കാവുമായിരുന്നു അഞ്ചാറു കൊല്ലങ്ങൾ കൂടി കഴിഞ്ഞാൽ." അയൽവീട്ടിലെ സരസ്വതിയമ്മ എന്നെ അനുഗ്രഹിച്ചു.

"ടോ സീമവാരസ്യരെ കോഫി റെഡി. "നിസ്വാർത്ഥമായ പ്രണയംനിറഞ്ഞ നെഞ്ചിലേക്ക് ചാഞ്ഞിരുന്നു ഞങ്ങൾ ഒരു കപ്പിൽ നിന്നും കോഫി നുകർന്നു. ■

# വിവാഹിതരായി

വരൻ

**സിജീഷ്**

S/O. Late എടോളി *ദാസൻ*

കൊമ്മേരി



വധു

**അഞ്ജു**

D/O. ഇ.കെ. ശിവദാസൻ

ശ്രീകു നിവാസ്

കൊമ്മേരി

ഇവർ തമ്മിലുള്ള വിവാഹം 2021 ജനുവരി 17 ഞായറാഴ്ച വധുഗൃഹത്തിൽ വെച്ചു നടന്നു.




# K.V. CURTAINS

CURTAIN, SOFA, CUSHION etc. WORKS



**കർട്ടൻ വാഷ് ചെയ്തു കൊടുക്കുന്നു**

**Near Kuthiravattom Hospital, Kuthiravattom, Kozhikode - 673 016**



**Mob : 9387421203, 9747531203**







# ശ്രീ ഭദ്ര ജ്യോതിഷം

കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം, ധനം എന്നിവക്ക് വാസ്തു ജ്യോതിഷത്തിലൂടെ, നാഡി ജ്യോതിഷത്തിലൂടെ, രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം

ദേവശില്പങ്ങളോടുകൂടി കൂടി പൂജാമുറികൾ തയ്യാറാക്കി കൊടുക്കും

ഭവനം, കടകൾ, പ്ലാറ്റുകൾ തച്ചുശാസ്ത്ര വിധിപ്രകാരം സ്ഥാനം നിർണ്ണയിച്ചു കുറ്റിയടി കർമ്മങ്ങൾ ചെയ്തുകൊടുക്കുന്നു



ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.

വാസ്തു പൂജ ചെയ്തുകൊടുക്കുന്നു

നക്ഷത്ര പ്രകാരമുള്ള കല്ലുകൾക്ക് സമീപിക്കാം

എല്ലാവിധ പൂജകളും യന്ത്രങ്ങളും വിധി പ്രകാരം ചെയ്യുന്നു



ക്ഷേത്ര (കാവ്) പീഠനിർമ്മാണം, പീഠപ്രതിഷ്ഠ ചെയ്തുകൊടുക്കുന്നു.

**സുഷാന്ത് എം.പി.**

ഫോൺ : 9207943125

തയ്യിൽതാഴം

തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.



(ഓർമ്മക്കുറിപ്പ്)

# ഓർമ്മയിലിപ്പോഴും ഖാദർക്ക



കെ.പി. രാമനുണ്ണി

ഉമ്മ മരിച്ചു, ചെരങ്ങും ചൊറിയും പിടിച്ച കുഞ്ഞുമായി ഒരു ബാപ്പ ലോകയുദ്ധകാലത്ത് ബർമയിൽ നിന്ന് മലബാറിലേക്ക് ഓടിയെത്തുന്നു. കുഞ്ഞിനെ കേരളനാട് സ്നേഹോഷ്മളമായി പോറ്റി വളർത്തുന്നു. ഹൃദയം നിറഞ്ഞ കടപ്പാടുമൂലമാകാം ഒന്നിനു മാത്രം പോന്ന അവൻ യു.എ. ഖാദർ എന്ന പേരിൽ, തന്നെ താനാക്കിയ നാടിന്റെ ഐതിഹ്യമെഴുതുന്നു. തത്ഫലമായി, കാലമേറെ കഴിഞ്ഞാറെ യു.എ. ഖാദറും ഏറ്റുപിടിക്കുന്നു. ഓലച്ചൂട്ട് തെറയോനട, വരോളിക്കാവിലമ്മേ ഓയിനട, നടോയിനട തുടങ്ങിയ മനോഹരമായ വായ്ത്താരികൾ മലയാളത്തിന് ലഭിക്കുന്നു.

ഹൃദയഹാരിയായ ഈ ജീവചരിത്രത്തിനുപിറകിൽ പക്ഷേ, വേദനപൊടിയുന്ന ഏടുകളുണ്ട്. അമ്മയെ നഷ്ടപ്പെട്ട് അന്യനാട്ടിലെത്തിയ കുട്ടിയുടെ ആശാവഹമല്ലാത്ത അനുഭവ വഴികളാണത്.

ഉമ്മായുടെ കരുതലിനെ കവച്ചുവെച്ചും അവനിലേക്കെത്തുന്ന ചുളിഞ്ഞ നോട്ടങ്ങൾ, പരിഹാസഹാസങ്ങൾ, പള്ളക്കവിളിൽ പലരുടേയും പിച്ചും നുള്ളും... ഒരിക്കൽ വിവാഹസത്ക്കാരത്തിനു പോകാൻ ബസിൽ കയറിയപ്പോൾ "കുട്ടികളെല്ലാം സീറ്റൊഴിയിൻ, ഉമ്മയുടെ മടിയിൽ ഇരിക്കിൻ" എന്ന് കണ്ടക്ടർ കയർത്തപ്പോൾ എന്താണ് ചെയ്യേണ്ടതെന്നറിയാതെ താൻ അന്തിച്ചത് യു.എ. ഖാദർ ഓർക്കുന്നുണ്ട്. ഈ തരത്തിൽ അന്യവത്ക്കരിക്കപ്പെടുന്ന മനസ്സുകളുടെ പ്രമുഖ ഡിഫെൻസ് മെക്കാനിസമാണല്ലോ ചുറ്റുവട്ടത്തെ അങ്ങോട്ടുചെന്ന് കെട്ടിപ്പിടിക്കൽ. അങ്ങനെ അദ്ദേഹം തനിക്ക് അനുവദിച്ചുകിട്ടിയ നാടിനെ പരമാവധി സ്നേഹാശ്ലേഷത്തിന് വിധേയമാക്കിയതിന്റെ സന്താനലബ്ധികളാണ് തൃക്കോട്ടൂർ പുരാവൃത്തങ്ങൾ. അവിടെ അരയാൽച്ചുവട്ടിൽ വിഷംത്തീണ്ടിച്ചത്ത തട്ടാൻ ഇട്ട്യേമ്പിയുണ്ട്, ചന്തയിൽ ചൂടിവിറ്റ് നടക്കുന്ന ജാനകിയുണ്ട്, ചിങ്ങപുരം



പ്രശസ്ത സാഹിത്യകാരി സാറാജോസഫിന്റെകൂടെ യു.എ. ഖാദർ

കളരിയിൽ തലചുറ്റിവീണുമരിച്ച ഹൈദർ ഹാജിയുണ്ട്, കണ്ടാൽ കണ്ടത് വിളിച്ചുപറയുന്ന കുട്ട്യേമി മാപ്പിളയുണ്ട്, പാലത്തിൻ ചുവട്ടിൽ ശവമായി പൊന്തിക്കിടന്ന കുഞ്ഞിക്കണ്ണൻ സെറാപ്പുണ്ട്, ആണുങ്ങളെ നാണിപ്പിക്കുന്ന ശക്തിസ്വരൂപിണികളായ നാണിമാരുണ്ട്...

ഞങ്ങൾക്ക് ഞങ്ങളെക്കുറിച്ച് പറയാനുള്ളത് ഞങ്ങൾ പറയട്ടെ എന്ന ദേശസ്വത്വത്തിന്റെ കലർപ്പറ്റ തോറ്റങ്ങളായായിരുന്നു സത്യത്തിൽ ഖാദർസാഹിത്യം. ആധുനികത അവതരിച്ചിട്ടും ഉത്തരാധുനികത മേക്കിട്ട് കയറിയിട്ടും യു.എ. ഖാദർ ഗൗനിച്ചതേയില്ല. കാഫ്ക, കാമു, ലെവിസ്ട്രോസ്, ഉമ്പർട്ടോ എക്കോ എന്നെല്ലാം ആ മനുഷ്യൻ കേട്ടിരിക്കാം. പക്ഷേ, കേട്ട ഭാവം നടിച്ചില്ല. കാരണം അദ്ദേഹത്തിനകത്തെ മാതൃദേശനഷ്ടക്കാരന് പിതൃനാടിനെ കൂട്ടിപ്പിടിക്കാനുള്ള സ്നേഹപ്രകടനം മാത്രമായിരുന്നു സാഹിത്യമെഴുത്ത്.

എന്നിട്ടും ഉമ്മച്ചി കൊച്ചിലേ മരിച്ചുപോയവന്റെ അനാഥത്വം, അതിൽനിന്ന് നിഷ്പന്നമാകുന്ന ആരും തന്നെ സ്നേഹിക്കുന്നില്ലല്ലോ എന്ന ആധി യു.എ. ഖാദറിനെ അവസാനംവരെ പിന്തുടർന്നിരുന്നു. ആ വിങ്ങൽ അദ്ദേഹം പരാതിയായും പരിഭവമായും പലരുമായും പങ്കുവെച്ചിരുന്നു. ഈ ലേഖകനുമായും പങ്കുവെച്ചിരുന്നു. മൂന്നാംവയസ്സിൽ അച്ഛൻ മരിച്ച് അമ്മയ്ക്കൊപ്പം കാൺപൂരിൽനിന്ന് പൊന്നാനിക്കെത്തിയ എനിക്ക് ഖാദർക്കയുടെ മാനസികാവസ്ഥ ശരിക്കും മനസ്സിലായിരുന്നു. ആ മനസ്സിലാക്കലിന്റെ അലിയലിൽനിന്നായിരുന്നു ഖാദർ കൃതിയെക്കുറിച്ച് എഴുതാൻ ഒരിക്കൽ എനിക്ക് പെട്ടെന്ന് തോന്നിയത്. അങ്ങനെ "പുരാവൃത്തത്തിന്റെ ഓലച്ചൂട്ടുകൾ" പ്രസിദ്ധികരിച്ചുവന്നു. സ്പെക്ടാക്കുലർ എന്നുപറഞ്ഞാൽമാത്രം അർത്ഥം പൂർത്തിയാവുന്ന തരത്തിലായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ സമീപനമാറ്റം. പി.കെ. പാറക്കടവിനേയോ, യു.കെ. കുമാരനേയോപോലെ വലിയ വ്യക്തിബന്ധം ഇല്ലാതിരുന്നിട്ടും പുത്രനെ കണ്ടെത്തിയ പിതാവിന്റെ ആവേശത്തോടെ ഖാദർക്ക എന്നെവിളിച്ചു. ആഹ്ലാദാതിരേകത്താൽ ഫോൺ റസീവറിനെ വെടിക്കെട്ടാക്കി മാറ്റി. അടുത്തനാൾ ഒരു പരിപാടിക്ക് കണ്ടുമുട്ടിയപ്പോൾ മറ്റുള്ളവരെ വിട്ട് അദ്ദേഹം എന്റെ സമീപത്ത് വന്നു. മൃദുത്ത സ്പോഞ്ച് വിരലുകളാൽ എന്റെ വലതുകൈ പിടിച്ചെടുത്തു. നന്നായി, നന്നായി എന്ന് മന്ത്രിച്ചു. പിന്നീട് മറ്റൊരു സന്ദർഭത്തിൽ ആളൊഴിഞ്ഞ് കിട്ടിയപ്പോൾ ആ വിഷയം വീണ്ടും ഇങ്ങനെ എടുത്തിട്ടു.

"പൊതുവേ എഴുത്തുകാർക്ക് എന്നെക്കുറിച്ച് പരാമശിക്കാൻ മടിയാണ്. പലപ്പോഴും അവർ എന്റെ പേര് പറയാൻ മറന്നുപോകും. എന്നിട്ടും രാമനുണ്ണി..."

പരന്നു വിളർത്ത വദനം ചുവന്നുകയറി. ചിമ്പ്രൻകണ്ണിൽ ജലം പൊടിഞ്ഞു. ബർമ്മക്കാരി ഉമ്മ മാമൈദി കരയുമ്പോൾ ഇങ്ങനെയായിരിക്കുമോ എന്ന് ഞാൻ ചിന്തിച്ചുപോയി.

വർഷങ്ങൾക്കുശേഷം ഏതോ ആണ്ടറുതിക്ക് മലയാള

ശേഷം 39-ാം പേജിൽ

ചേതന വുഡ് വർക്സ്

എൻ.കെ.ബി. ബിൽഡിംഗ്,
വെസ്റ്റ് മാത്തറ, കോഴിക്കോട് - 14,
ഫോൺ : 9495860019, 9895830558

എല്ലാവിധ ഫർണ്ണീച്ചറുകളും നിർമ്മിച്ചു കൊടുക്കുന്നു.

കട്ടില, ജനൽ, ഡോർ ഫ്രെയിം, ചാരുപടി,
കിച്ചൻ കബോർഡ്, സ്റ്റെയർ കെയ്സ് എന്നിവ
ഓർഡർപ്രകാരം നിർമ്മിച്ചു കൊടുക്കുന്നു.

PRO: T.N. SAJEEV




മരസംബന്ധമായ എല്ലാ ജോലികളും ചെയ്തു കൊടുക്കുന്നു.

HASBI
TOURS & TRAVELS



Meenchanda
Areekad
Calicut-27

Mob: SAHIR
9895 999 100
9349 666 100



MR
BAKERY
& SWEETS








PUTHIYAPALAM ROAD
CALICUT - 2 , Ph: 2304036
Mob: 9387937944



Fresh Snacks & Sweets

സ്വാദിഷ്ടമായ മധുരപലഹാരങ്ങൾ, മിക്ചർ,
ബനാനചിപ്സ്, സ്നാക്സ് മിതമായ നിരക്കിൽ



Yes Key Electricals &
Engineering Works

Puthiyapalam, Calicut

Repair of: Motor Rewinding,
Welding Set, Step-Up, Battery Charges,
Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ
ഇലട്രിക്ക് ഉപകരണങ്ങളും
റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ
വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950
Ph: 8921569540, Resi: 9048594525


## നിര്യാതനായി



ഗംഗാധരൻ (81)
മാങ്കാവ്

**ആ**ദ്യകാല സിപിഐ. എം. പ്രവർത്തകനും, കച്ചേരിക്കുന്ന് കുന്നത്ത് അമ്പലത്തിന്റെ ദീർഘ കാല പ്രവർത്തക സമിതി അംഗവും, ഇന്നും പകുതി വിലയ്ക്ക് ആഹാരങ്ങൾ കിട്ടുന്ന പെരുമണ്ണ ബീഡി തൊഴിലാളി കാന്റിംഗിൽ പഴയകാല മെമ്പറും, പെരുമണ്ണ ക്രഷർ ആലിക്കയുടെ ലോറിയിൽ ദീർഘകാല ഡ്രൈവറും, പിന്നീട് കോവൂരിൽ സി.എം.എസ് ഗ്ലാസ് ഹൗസിൽ ഫർണീച്ചർ നടത്തുകയും ചെയ്തിരുന്ന മാങ്കാവ് കച്ചേരി ക്കുന്ന് നിഷാ നിവാസിൽ താമസിക്കും കാളൂർറോഡിൽ **പണ്ടാരക്കണ്ടി ഗംഗാധരൻ** (81) 02.12.2020-ൽ നിര്യാതനായി.

**ഭാര്യ:** കുന്നത്ത് **വത്സല**
**മക്കൾ:** **ധനബാബു** (Bed work), **ദിനേശൻ** ( ഗംഗാ സർവ്വീസ്, കടുപ്പിനി, മാങ്കാവ്) **ബേബി നിഷ** (C.M.S.Furniture, pottammal).
**മരുമക്കൾ:**ഓണാട്ടിൽ **സുഷമ** (മലബാർ ഗോൾഡ്, കുമ്മണ്ടാട്ടിൽ **ബിന്ദു** (Goldmedel Electtrical), ചോയിമഠത്തിൽ **സുന്ദരൻ**-കുന്ദമംഗലം (സി.എം.എസ്. ഗ്ലാസ്ഹൗസ്, കോവൂർ)
**സഹോദരങ്ങൾ:** പരേതനായ **പണ്ടാരക്കണ്ടി ശ്രീധരേട്ടൻ** (പുട്ടകട, കാളൂർ റോഡ്), **ദാസൻ** (Driver KTC), **വിമല.**
**പേരക്കുട്ടികൾ: ദിൽഷ, അർച്ചന, ആരതി, അശ്വിൻ, Dr. സുമീഷ സുന്ദർ,**



## സേവനം തികച്ചും സൗജന്യം

### രജിസ്ട്രേഷൻ ചാർജ്ജും–വിവാഹത്തിനു കമ്മീഷനും ഇല്ല

# മംഗളം മാര്യേജ് ബ്യൂറോ

e- mail: radhakrishnannsiada@gmail.com, nakshathrarajyam@gmail.com

C/o Post box No; 1205, Nakshathra Rajyam Tri-Monthly, Mankave P.O., Kozhikode-7


**സാമ്പത്തികമായി ഉയർന്ന നിലയിൽ ജീവിക്കുന്നവരും, സാധാരണ സ്മ്പത്തിക നിലയിൽ ജീവിക്കുന്നരും 12-ക്ലാസ്സ് അല്ലെങ്കിൽ പ്രീ ഡിഗ്രി വരെ മാത്രം കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരും പെയിന്റർ, കല്പണി തുടങ്ങിയ ബിൽഡിംഗ് നിർമ്മാണ മേഖലയിലും, ടൈലർ, ഇൻഡസ്ട്രിയൽ, മോട്ടോർവാഹനമെക്കാനിക്ക്, ഡ്രൈവർ, ഷോപ്പ് സെയിൽസ് ബോയ്സ് എന്നിത്തരം സ്കിൽഡ് വർക്കേർസും, അൺ സ്കിൽഡ് വർക്കേർസുമായ യുവാക്കൾക്ക് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബയോഡാറ്റയും, ജാതക കുറിപ്പും, ഫോട്ടോയും സഹിതം വധുവാകാൻ ആഗ്രഹിക്കുന്ന പെൺകുട്ടികളോ അല്ലെങ്കിൽ രക്ഷാകർത്താക്കളോ (e-mail:) radhakrishnannsiada@gmail.com, nakshathrarajyam@gmail.com എന്നി ഇ-മെയിലിൽ അപേക്ഷിക്കാവുന്നതാണ്. വിവരങ്ങൾ അറിയിക്കുവാനും, അറിയുവാനും ഫോൺ : 9072832823, 9744233997 എന്നി ഫോൺ നമ്പറിൽ വിളിക്കുക. രജിസ്ടേഷൻ ഫീസും, വിവാഹ ചാർജ്ജ് (കമ്മീഷൻ) ബ്യൂറോ ഈടാക്കുന്നതല്ല. കുറിപ്പ് പരിശോധിച്ച ശേഷം വരന്റെ ബയോഡാറ്റ e- mail അയച്ചുതരുന്നതാണ്. അഡ്രസ്സ് : Mangalam Marriage Bureau**

**C/o Post box No; 1205, Nakshathra Rajyam Tri-Monthly, Mankave P.O., Kozhikode -7**

### BIODATA

ഫോട്ടോ

പേര് :
നക്ഷത്രം :
ജനന ദിവസം :
അച്ഛന്റെ പേര് :
അമ്മയുടെ പേര് :
സഹോദരന്മാർ :
സഹോദരികൾ :
വിദ്യാഭ്യാസം :
ജോലി :
മതം – ജാതി :
അഡ്രസ്സ് :
ഫോൺ :
e- mail :
മറ്റുവിവരങ്ങൾ :


ജാതക കുറിപ്പ്

ഏതുപ്രായത്തിലുള്ള സ്ത്രീകൾക്കം, വിവാഹബന്ധം വേർപെടുത്തിയവർക്കും വിധവകൾക്കും പുനർവിവാഹത്തിനും ബയോഡാറ്റ അയക്കാവുന്നതാണ്.

## Statement About ownership and other particulars about Newspaper Nakshatra RaJyam Malayalam Quarterly

| | | | |
|---|---|---|---|
| 1. | Place of Publication | : | KOZHIKODE |
| 2. | Periodicity of Publication | : | QUARTERLY (TRI-MONTHLY) |
| 3. | Printers Name | : | E.RADHAKRISHNAN |
| 4. | Publisher's Name | : | ,, |
| 5. | Editor's Name | : | ,, |
| 6. | Nationality | : | INDIAN |
| 7. | Address | : | EDOLI HOUSE<br>KOMMERI (P.O.)<br>VALAYANADU (VILLEGE)<br>KOZHIKODE (DIST) |
| 8. | Name and address of Individuals who own the Newspaper and Parteners Shareholders holding more than one percent of the total capital | : | E.RADHAKRISHNAN |

I, E. RADHAKRISHNAN hereby declare that the particulars given above are true to the best of my knowledge and belief.

Sd/- E.RADHAKRISHNAN

നോവലറ്റ്



8



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം



ഹോസ്റ്റൽ ഗേറ്റ് കടന്നെങ്കിലും ഉടൻ ആരുടേയും കണ്ണിൽപ്പെടാതെ രക്ഷപ്പെടണം. രൂപ ആത്മഗതം ചെയ്തു. കൂട്ടുകാരികൾ ആരെങ്കിലും മുന്നിൽപ്പെട്ടാൽ അതിരാവിലെ പോകുന്നതെന്തിനെന്നുള്ള വിവരങ്ങൾ അവർ ആരായാതിരിക്കില്ല. എല്ലാ കാര്യങ്ങളും, പോകുന്ന സ്ഥലത്തിനെക്കുറിച്ചും അതുകൊണ്ടു തന്നെ പറയേണ്ടതായും വരും.

മുന്നിൽനിന്നും ഒരു ഓട്ടോ അതിവേഗം വരുന്നുണ്ട്.

എങ്ങിനെയെങ്കിലും ആ ഓട്ടോയിൽ കയറിപ്പറ്റണം.

രൂപ ഓട്ടോക്കു മുന്നിലേക്കു കയറിനിന്നു കൈകാണിച്ചു.

ഓട്ടോക്കാരൻ റിക്ഷ നിർത്തി.

രൂപ ഓട്ടോയിൽ കയറി ഇരുന്നു.

അപ്പോൾ അവൾ മനസ്സിൽ ആഗ്രഹിച്ചത് ഒന്നു മാത്രമാണ്. എത്രയുംപ്പെട്ടെന്ന് ഹോസ്റ്റലിനു മുന്നിൽനിന്നു രക്ഷപ്പെടണം.

ഓട്ടോ നീങ്ങി.

ഒച്ച് ഇഴയുന്നതു പോലെയാണ് ഓട്ടോ നിരങ്ങി നീങ്ങുന്നത്.

ഓട്ടോക്കു വേഗത കൂട്ടാൻ രൂപ ഡ്രൈവറോടു ആവശ്യപ്പെട്ടു.

ഡ്രൈവർ സ്പീഡുകൂട്ടി.

മനസ്സ് ചഞ്ചലമാണ്. എന്ത ചെയ്യണമെന്ന് ഒരു നിശ്ചയവുമില്ല. എന്നാൽ എങ്ങിനെയെങ്കിലും ഘോഷിനെ കണ്ടെത്തണമെന്ന് മനസ്സ് അതിയായി ആഗ്രഹിക്കുന്നുണ്ട്. ഹൃദയം തുടികൊട്ടിക്കൊണ്ടിരിക്കുന്നു.

രവീന്ദ്രയേയും ആകാശിനേയും ഉടൻ കണ്ടെത്തണം. അവരുടെ സഹായം കൂടാതെ ഘോഷിനെ കാണാനാകില്ലെന്ന് നല്ല ബോധ്യമുണ്ട്. ഘോഷിനെക്കുറിച്ച് അവർക്കറിയാതിരിക്കില്ല.

രവീന്ദ്രയുടെ വീട് താഴ്ന്ന ജാതിക്കാർ താമസിക്കുന്ന "അംബേദ്ക്കർ" കോളനിയിലാണെന്ന് അവൻ പറഞ്ഞതായുള്ള ഒരു ഓർമ്മ മാത്രമേ മനസ്സിലുള്ളു.

ഓട്ടോക്കാരൻവീണ്ടും പോകേണ്ട സ്ഥലം എവിടെയാണെന്നു ആരാഞ്ഞു.

"അംബേദ്ക്കർ കോളനി."

ഓട്ടോക്കാരൻ രൂപയെ ഒന്നു ചുഴിഞ്ഞു നോക്കി.

ആ നോട്ടത്തിൽ എന്തെല്ലാമോ പന്തികേടുള്ളതായി രൂപക്കു തോന്നി. എന്നാൽ അവൾ അയാളെ ശ്രദ്ധിക്കുന്നതായി ഭാവിച്ചില്ല.

ഇരുപതു കിലോമീറ്ററെങ്കിലും വീണ്ടും ഓട്ടോ ഓടികാണും.


അംബേദ്ക്കർ കോളനിയിലെത്തുന്നതിനുള്ള വഴി തുടങ്ങുന്നതു മുതൽ ചേരി പ്രദേശമാണ്.

ഡ്രൈവർ വണ്ടി നിർത്തികൊണ്ടു പറഞ്ഞു. ഇനി ഓട്ടോ പോകില്ല. വഴി മോശമാണ്.

ഡ്രൈവറോട് വെയിറ്റു ചെയ്യാനായി പറഞ്ഞു.

രൂപ നേരെ കോളനിയിലേക്കുള്ള വഴിയിലൂടെ നടന്നു.

ഡ്രൈനേജ് പൊട്ടി വെള്ളം ഒലിച്ചു ചെളി കെട്ടിനില്ക്കുന്ന തീരെ വൃത്തി ഇല്ലാത്ത വഴി.



കാൽപാദം മുതൽ മുട്ടുവരെ ചെളിയിൽ പുതഞ്ഞുപോകുന്നുണ്ട്.

ശരീരമാകെ ആടി ഉലഞ്ഞു കൊണ്ട് നൂറ് മീറ്ററോളം വീണ്ടും നടന്നു കാണും. മുന്നിൽ തകരപ്പാട്ടകൊണ്ടു അടുക്കടുക്കായി തീർത്ത നൂറുകണക്കിനു വീടുകൾ.

അടുക്കും ചിട്ടയുമില്ലാത്ത വൃത്തി തീരെയില്ലാത്ത ആണുങ്ങളും പെണ്ണുങ്ങളും. വീടുകൾ നില്ക്കുന്ന വഴിയോരത്തുനിന്നു കലമ്പലുകളും പരസ്പരമുള്ള പോർവിളികളുംകൊണ്ട് മുഖരിതമായ ശബ്ദകോലാഹലങ്ങൾ നിറഞ്ഞ അന്തരീക്ഷം.

ആരോടു ചോദിയ്ക്കും?

രവീന്ദ്രയുടെ വീട് ഏതാണെന്ന് കണ്ടുപിടിക്കണമെങ്കിൽ ആരോടെങ്കിലും ചോദിക്കണം.

അതിനു പറ്റിയ മുഖങ്ങളോ മനുഷ്യരോ ഒന്നും അവിടെയുള്ളതായി തോന്നുന്നില്ല.

എല്ലാവരും ഇന്നലത്തെ മദ്യലഹരിയിലോ അല്ലെങ്കിൽ അവരുടേതായ സ്വഭാവദൂഷ്യങ്ങളുടേയോ കൂടപ്പിറപ്പുകൾ.

രൂപക്ക് ആധിയായി.

വെറുതെയല്ല ഓട്ടോക്കാരൻ തന്നെ സൂക്ഷിച്ചു നോക്കിയത്.

കുറച്ചു അകലെയായി വിദ്യാസമ്പന്നരെന്നു തോന്നുന്ന വേഷവിധാനത്തോടുകൂടിയ കുറച്ചു യുവാക്കൾ കൂട്ടംകൂടി സംസാരിച്ചു കൊണ്ടിരിക്കുന്നുണ്ട്.

രൂപക്ക് ആശ്വാസമായി.

രവീന്ദ്രയുടെ വീട് അറിയുവാനുള്ള വഴി തെളിഞ്ഞിരിക്കുന്നു.

അവൾ അവരുടെ അരികിലേക്ക് നടന്നു.

രൂപ അടുത്തേക്കു വരുന്നതു കണ്ടതുകൊണ്ടാകാം അവരിലൊരാൾ ഇങ്ങോട്ടു നടന്നു വന്നു. അയാൾ അവളോട് അന്വേഷിച്ചു.

“ആരെയാണ് നിങ്ങൾ അന്വേഷിക്കുന്നത്?”

രൂപ രവീന്ദ്രയെക്കുറിച്ചു പറഞ്ഞു. വീട് അന്വേഷിക്കുകയും ചെയ്തു.

അയാൾ രൂപയെയും കൂട്ടി കോളനികളുടെ മുന്നിലൂടെ വളരെ ദൂരം നടന്നു.

വൃത്തിഹീനമായ മുറ്റങ്ങളും അന്തരീക്ഷവും എല്ലാ വീടിനും മുമ്പിലും മുറ്റിനില്ക്കുന്നു.

കുറച്ചുകൂടിനടന്നു. രവീന്ദ്രയുടെ വീടിനു മുമ്പിലെത്തിയപ്പോൾ അയാൾ വിടപറഞ്ഞു നടന്നു.

രൂപ രവീന്ദ്രയുടെ വീടിന്റെ തകരവാതിലിൽ മുട്ടി വിളിച്ചു.

രവീന്ദ്രയുടെ അമ്മയാണെന്നു തോന്നുന്നു പ്രായമായ ഒരു സ്ത്രീ വാതിലിനു പുറത്തേക്കു വന്നു.

ദാരിദ്ര്യത്തിന്റെ അവശത കൊണ്ടാകാം അവർ വേച്ചു വേച്ചു നടന്നു വരുന്നതു കണ്ടപ്പോൾ രൂപയുടെ മനസ്സ് ആദ്രമായി.

വാർദ്ധക്യം കടന്നാക്രമിക്കാൻ പ്രായമായിട്ടില്ല അവർക്ക്.

എന്തൊരു കോലമാണിത്. എല്ലും തോലുമായി ഒരു മനുഷ്യരൂപം.

രവീന്ദ്രയുടെ സഹപാഠിയാണെന്നറിയിച്ചപ്പോൾ അവർ അകത്തേക്കു ക്ഷണിച്ചു. ആകെ ഒരു ഹാൾമാത്രം. അടുക്കളയും ഉറക്കവും എല്ലാം ആ ഹാളിൽ തന്നെ.

രവീന്ദ്രയെകുറിച്ചു അഭിമാനം തോന്നി. ഒരിക്കലെങ്കിലും സഹപാഠികളോട് അവൻ തന്റെ ദാരിദ്ര്യത്തിനെകുറിച്ചോ ദയനീയമായ ഇത്തരം അവസ്ഥകളെകുറിച്ചോ സംസാരിച്ചിട്ടില്ല.

(തുടരും)

**കഥ ഇതുവരെ**

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാദ്യർത്ഥനയമായി രൂപാസെന്നിനെ കണ്ടു. പഴയതു പോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കുചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാൻന്റർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെട്ടു ത്താൻ പ്രതിരോധസ്ക്വോഡു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക്ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.ഏറ്റുമുട്ടലിനിടയിൽ റാണ സ്വന്തം സംഘത്തിൻ വെടിയേറ്റു മരിച്ചു. ഘോഷ് ഒളിവിലായി.

**(തുടർന്നു വായിക്കുക)**



(ഓർമ്മക്കുറിപ്പ്)



മുണ്ട്യാടി ദാമോദരൻ

# യവനികയ്ക്കുപിറകിൽ ദുഃഖപൂർവ്വം

**ഈ** ലേഖകനെ ഏറ്റവും കൂടുതൽ ഗ്രസിച്ച ചില മരണങ്ങളുടെ വർഷമാണ് കടന്നു പോയത്. ഒമ്പതു പേരുണ്ടായിരുന്ന സഹോദരങ്ങളുടെ കൂട്ടത്തിൽ എട്ടാമനായ ഞാൻ മാത്രം ബാക്കിയായ വർഷം. നേരത്തെ വിട്ടുപോയവരിൽ ശേഷിച്ച നാലുപേരിൽ പാർവ്വതി ബാലകൃഷ്ണൻ (75) സപ്തംബറിലും തറവാട്ടിലായിരുന്ന കുമാരൻ (85) ഒക്ടോബറിലും ദൽഹിയിൽ പ്ലാനിംഗ് കമ്മീഷനിലും അഗ്രിക്കൾച്ചറൽ പ്രൈസസ് കമ്മീഷനിലും ഡയറക്ടറായിരുന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. രാഘവൻ (78) ഐ.ഇ.എസ് (റിട്ട.) നവംബറിലും മരിച്ചു. കടന്നു പോകാൻ മാത്രം രോഗലക്ഷണങ്ങളൊന്നും കാണിക്കാതെ മൂന്നുപേരും കാലയവനികപൂകിയപ്പോൾ സ്വാഭാവികമായും അമ്പരപ്പും മൗനവും പുതച്ചിരിക്കേണ്ടിവന്ന എന്റെ കർണ്ണ പുടങ്ങളിൽ പ്രധാന ജീവിതമായിരുന്ന സാഹിത്യരംഗത്തു നിന്നും കഠിനമായ മനോവേദന അടിച്ചേൽപ്പിച്ചുകൊണ്ട് നാട്ടുകാരനും പ്രശസ്ത കഥയെഴുത്തുകാരനുമായ ഖാദർക്കയും തിരോഭവിച്ചു.

കവിതയുടെ സോപാനശിഖങ്ങളിൽ എത്താവുന്ന ഉയരങ്ങളിലൊക്കെ കയറിയെത്തിയ മഹാകവി അക്കിത്തത്തിന്റെ മരണം പ്രതീക്ഷിച്ചതായിരുന്നുവെങ്കിലും വ്യക്തിപരമായി വല്ലാത്ത ഒരു ശൂന്യതയാണ് ഉള്ളിൽ ഉടക്കിയത്.



തുടർന്ന് മലയാള കവിതയുടെ മനസ്സിന്റെ നെല്ലിപ്പടി സ്പർശിച്ച സുഗതകുമാരിയും വേദിവിട്ടുപോയി.

**പാവം മാനവ ഹൃദയം....**
**ഒരു താരകയെ കാണുമ്പോളതു**
**രാവുമറക്കും, പുതുമഴകാൺകെ**
**വരൾച്ചമറക്കും, പാൽ**
**ച്ചിരികണ്ടതു മൃതിയെ മറന്നു-**
**സുഖിച്ചേ പോകും**
**പാവം മാനവ ഹൃദയം**

എന്നാരംഭിക്കിക്കുന്ന വരികളാണ് കവിയും അദ്ധ്യാപകനുമായിരുന്ന ജ്യേഷ്ഠന്റെ "ബാത്ത് റൂം സോങ്ങിൽ" ആദ്യമായി കേൾക്കുന്നത്. അതോടെ സുഗതകുമാരിയുടെ കവിതകൾ എവിടെക്കണ്ടാലും വായിച്ചു തീർക്കുന്ന സ്വഭാവമായി. മറ്റു കവിതകൾക്കു പകർന്നു തരാൻ കഴിയാത്ത കവിതയുടെ ഹൃദയ സ്പന്ദങ്ങൾ അവർക്കു നൽകാൻ കഴിയുമെന്ന തോന്നലുണ്ടാവുകയും അവയെ പിന്തുടരുകയും ചെയ്തു. പക്ഷേ വ്യക്തിപരമായ കവിസൗഹൃദം സ്ഥാപിക്കാൻ ഒരിക്കലും കഴിഞ്ഞില്ല. അവരുടെ കവിതകളുടെ അനുരണനം വ്യക്തിബന്ധങ്ങളിൽ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമങ്ങളും വിജയിക്കുകയുണ്ടായില്ല. കുടുംബസമേതമുള്ള സൗഹൃദത്തെപ്പോലും അവഗണിക്കാൻ ഒരു കവി ഹൃദയത്തിനു കഴിയുന്നു എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഉൾക്കൊള്ളാൻ കഴിയാത്തതായി അവശേഷിക്കുന്നു.

കവിതയ്ക്കും സാഹിത്യത്തിനുമായി വ്യക്തിപരമായി ബന്ധപ്പെട്ടപ്പോൾ കടത്തനാട്ട് മാധവിയമ്മയുമായും, ബാലാമണിയമ്മയുമായും ഒരു പരിധിവരെ മാധവികുട്ടിയുമായൊക്കെ ആത്മബന്ധം സ്ഥാപിക്കാൻ കഴിഞ്ഞത് ജീവിതത്തിലെ നേട്ടമായി കരുതുകയാണ്

മഹാകവി അക്കിത്തം ഏതെങ്കിലും സർക്കാർ വേദികളിൽ

അധികാരസ്ഥാനം വഹിച്ചിട്ടില്ലായിരിക്കാം. എന്നാൽ ഒരു കാലത്ത് സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ മുൻമുഖ്യമന്ത്രി ഇ.എം.എസ്സും, വി.ടി ഭട്ടതിരിപ്പാടും പൊതുവിൽ അംഗീകരിച്ചു വ്യക്തമാക്കിയതിന് രേഖകളുണ്ടല്ലോ. അതിനെല്ലാറ്റിനും പുറമെയാണ് കവിതയുമായി അദ്ദേഹം ജ്ഞാനപീഠം കയറിയത്. ദശകങ്ങൾ കഠിനധ്വാനം ചെയ്ത് മഹാഭാഗവതം വിവർത്തനം ചെയ്ത് വോള്യങ്ങളായി പ്രസിദ്ധീകരിച്ചതും അക്കിത്തമാണ്.

കാവ്യരംഗത്ത് നിരന്തരം അണമുറിയാതെ സാധന അനുഷ്ടിക്കുന്നു എന്ന ഒരു പ്രത്യേകത മാത്രമേ ഈ ലേഖനുള്ളു. 1974ൽ തുടങ്ങി നിരവധി വർഷങ്ങൾ മഹാകവിയോടൊപ്പം കവിസമ്മേളനങ്ങളിൽ സംബന്ധിച്ചിട്ടുണ്ട്. റേഡിയോസ്റ്റേഷനിൽ നിന്ന് പിരിഞ്ഞ്, വീണ്ടും കോഴിക്കോട്ടെത്തുമ്പോഴൊക്കെ എന്തെന്തു വ്യക്തിഗത സൗഹൃദമാണ് അദ്ദേഹം പുതുക്കാറുള്ളത്! എന്റെ കുടുംബത്തിൽ എഴുത്തുമായി നേർക്കുനേർ സംവദിക്കുന്ന ആളുകൾ വേറാരുമില്ല. എന്നാലും കവിസമ്മേളനങ്ങളിലും മറ്റും കാണുമ്പോൾ ഭാര്യയുടേയും കുട്ടികളുടെയുമൊക്കെ വിവരങ്ങൾ അദ്ദേഹം തിരക്കും. ഈ അഗാധസ്പർശിയും വ്യക്തിപരവുമായ അന്വഷണം സാധാരണ മനുഷ്യരിലേക്കുള്ള ഇറങ്ങിവരവും മാനുഷികതയിൽ നിരന്നു നില്ക്കാനുള്ള ആ മഹാമനുഷ്യന്റെ ത്വരയിൽ നിന്നുണ്ടാകുന്നതും ആണ് എന്നും ഞാൻ കരുതുന്നു. എന്നെപ്പോലെയുള്ളവരുടേയും മറ്റും വ്യക്തിഗത കുടുംബകാര്യങ്ങൾ അന്വേഷിക്കുന്ന നേരത്ത് മഹാകവിയ്ക്ക് വൃക്ഷങ്ങളെ പുല്കിയും പ്രകൃതിയിൽ മുങ്ങിക്കുളിച്ചും ചേലനാറുന്ന ആദിവാസികളെ കെട്ടിപ്പിടിച്ചും എന്നു കൊടുത്തിരുന്നെങ്കിൽ അതും അദ്ദേഹത്തിന്റെ പ്രശസ്തിയാൽ തൂവലാകുമായിരുന്നില്ലേ എന്ന് ആലോചിക്കാറുണ്ട്. പക്ഷേ, 1951ൽ അദ്ദേഹത്തിന്റേതായി പുറത്തു വന്ന രണ്ടാമത്തെ കവിതാസമാഹാരത്തിൽ "മനോരഥം" എന്ന ടൈറ്റിൽ പോയ മുണ്ട്. അതിലദ്ദേഹം

**മനുഷ്യനാമെന്റെ –**



**മനോരഥത്തിന്നു**
**മനുഷ്യമുക്തിയേ–**
**മനോജ്ഞമാം ലക്ഷ്യം**

എന്ന് മുൻകൂറായി വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ അദ്ദേഹം അത്തരം കാഴ്ച വസ്തുവായി നിന്നു കൊടുക്കുകയില്ല എന്ന് ഞാൻ സ്വയം തിരുത്തുകയും ചെയ്യുന്നു.

ഖാദർക്കയുമായുള്ള ദീർഘകാലമായ ചങ്ങാത്ത ഓർമ്മയിലേക്കു വരാം.

കോഴിക്കോട്ടെ ഇന്നത്തെ പി.എം. താജ് റോഡ് മിഠായിത്തെരുവിൽ ചെന്നു ചേരുന്നേടത്ത് "കൗസർ സോറ്റോർസ് " എന്ന ഒരു വലിയ "കുട്ടിക്കട" യുണ്ടായിരുന്നു. ഖുറാന്റെ ആദ്യത്തെ മലയാളം പരിഭാഷകനും റിട്ട. ഡി. ഇ.ഓ യും പണ്ഡിതനുമായ സി. എൻ അഹമ്മദ് മൗലവിയാണ് അതിന്റെ ഉടമ. അതിന്റെ തൊട്ടുള്ള ലക്കിഹോട്ടലിൽ നിന്നോ കമാലിയ റസ്റ്റോറന്റിൽ നിന്നോ മറ്റോ, 1980 ൽ ഒരു വൈകുന്നേരം തേക്കിപുറത്തുചാടിയ യു.എ ഖാദർ വഴി കടന്നു കഴിഞ്ഞ എന്നെ ഉറക്കെ വിളിക്കുന്നു. "മുണ്ട്യാടി ദോമോദരനല്ലേ?" ഞാൻ അതിശയിച്ചു നിന്നു.

കടപ്പുറത്തെ റേഡിയോസ്റ്റേഷനിൽ നിന്ന് പണി കഴിഞ്ഞിറങ്ങി മിഠായിത്തെരുവിലെ ചായ കഴിഞ്ഞുള്ള വിളിയിൽ ഞാൻ സ്തംബ്ധനായി.

"കലാകൗമുദിയിൽ മുണ്ട്യടിയുടെ കവിത വായിച്ചു." തുടർന്ന് ഒരുപാട് നേരം ഞങ്ങൾ അവിടെ നിന്നും നടന്നും സംസാരിച്ചു. അന്നാണ് നേരിൽ ആദ്യമായി സംസാരിക്കുന്നത്. നാട്ടുകാരനായിരുന്നതു കൊണ്ട് അതിനും പത്തുപതിനഞ്ചു കൊല്ലം മുമ്പ് തന്നെ എനിക്കറിയാം. പിന്നെപ്പിന്നെ അദ്ദേഹം എന്റെ ഖാദർക്കയായി. ബീവി എന്റെ പാത്തുമ്മേടത്തിയുമായി.

അക്കാലത്തിനുമുമ്പും പിമ്പും ഖാദർക്ക എഴുതിയ കഥകൾക്കു കയ്യുംകണക്കുമില്ല. അതിനു ശേഷം വന്ന

"തൃക്കോട്ടൂർ കഥകളാണ് "അദ്ദേത്തെ മലയാളത്തിലെ എണ്ണപ്പെട്ട എഴുത്തുകാരനാക്കിയത്. ആ കഥാസമാഹാരം അഴീക്കോടിന്റെ കാലിക്കറ്റ് ബുക്ക് ക്ലബ്ബിൽ (ഹോട്ടൽ മഹാറാണിയിൽ) അന്നു സെക്രട്ടറിയായിരുന്ന ഞാൻ ചർച്ചയ്ക്ക് അനൗൺസു ചെയ്തതും തുടർന്നുണ്ടായ സംഭവ വികാസങ്ങളുമൊക്കെ "സാഹിത്യം സൗഹൃദം" എന്ന ലേഖന സമാഹാരത്തിൽ (പ്രഭാത് ബുക്ക്സ്) വിശദീകരിച്ചിട്ടുണ്ട്. "തൃക്കോട്ടൂർ പെരുമ" അളകാപുരിയിൽ പ്രകാശനം ചെയ്തു കൊണ്ട് ടി. പത്മനാഭൻ നടത്തിയ ഒരു മണിക്കൂറിലേറെ നീണ്ട പ്രസംഗത്തിൽ ശ്രീ ഖാദറിന്റെ പുതിയ കഥകൾ ലോകത്തിലെ മികച്ച ഏതാനും കഥകളുടെ കൂട്ടത്തിൽപ്പെടുത്താൻ യാതൊരു സംശയവും വേണ്ട എന്ന്



ചെറുകഥ

# പഴയസാധനങ്ങൾ കൊടുക്കാനുണ്ടോ സാർ?

ഇബ്രാഹീം മൂർക്കനാട്

"പഴയ സാധനങ്ങൾ കൊടുക്കാനുണ്ടോ സാർ?

അയാൾ വീടിന്റെ മുന്നിലൂടെ ഉറക്കെ വിളിച്ചു പറഞ്ഞു പോകും. എന്നെ നോക്കി മുറുക്കിച്ചുവപ്പിച്ച പല്ലുകൾ വെളിയിലാക്കി വെളുക്കെ ചിരിച്ചുകൊണ്ടു വീണ്ടും ചോദിക്കാം.

"പഴയതു വല്ലതും കൊടുക്കാനുണ്ടോ സാർ"

അപ്പോഴൊക്കെ ഞാൻ പത്രവായനയിൽ മുഴുകിയിരിക്കയായിരിക്കും. വായനയ്ക്ക് വിഘ്നം വരാതിരിക്കാൻ ഉടനെ അയാളോടു ഇല്ലല്ലോ... ഇവിടെയില്ലല്ലോ... ഉത്തരം നൽകി പറഞ്ഞു വരും. പിന്നെയും പിന്നെയും അയാൾ എന്നെ കാണുമ്പോൾ ചോദ്യം ആവർത്തിച്ചു കൊണ്ടേയിരിക്കും.

"പഴയ സാധനങ്ങൾ കൊടുക്കാനുണ്ടോ സാർ"

ചോദ്യം പല തവണ ആവർത്തിച്ചു വീടിന്റെ മുന്നിലൂടെ കടന്ന് പോയപ്പോൾ ഞാൻ അയാളോടു ചോദിച്ചു.

"പഴയതെല്ലാം താനെടുക്കോ"

"എടുക്കുമല്ലോ സാർ"

എന്നാൽ വരൂ... ഞാൻ അയാളെയും കൂട്ടി അസ്ഥിപഞ്ജരമായി പരസ്പരം അങ്ങോട്ടുമിങ്ങോട്ടും നോക്കി കട്ടിലിൽ ചുരുണ്ടുമടങ്ങിക്കിടക്കുന്ന മുത്തച്ഛനെയും മുത്തശ്ശിയെയും ചൂണ്ടിക്കാട്ടി പറഞ്ഞു.

"ഇവരാണ് പഴക്കം വന്ന സാധനങ്ങൾ താൻ കൊണ്ടു പൊകോ? കൊണ്ടു പോകാനുള്ള കാശൊക്കെ ഞാൻ തരാം. എത്ര വേണമെന്ന് പറഞ്ഞാൽ മതി."

മുത്തച്ഛനും മുത്തശ്ശിയും മരുന്ന് കഴിച്ചതിന്റെ ഫലമായുള്ള മയക്കത്തിൽ ഉറങ്ങുകയായതിനാൽ പറഞ്ഞതൊന്നും കേട്ടില്ല.

അയാൾ ഒന്നും പറഞ്ഞില്ല. വളരെ ദയനീയമായി എന്റെ മുഖത്തേക്ക് നോക്കി. മുത്തച്ഛന്റേയും മുത്തശ്ശിയുടേയും നെറ്റിയിൽ തലോടി സ്ഥലം കാലിയാക്കി.

പിന്നീട് കുറേ ദിവസത്തേക്ക് അയാളെ കണ്ടില്ല. അങ്ങനെയാണ് ഒരു ദിവസം അപ്രതീക്ഷിതമായി തലയിലൊരു ചാക്കും കേറ്റി വീട്ടിലേക്ക് വന്നത്.

"എന്താണ് ചാക്കിൽ"

ഞാൻ ജിജ്ഞാസത്തോടെ ചോദിച്ചു."

"പല വ്യഞ്ജനങ്ങളാണ് സാർ. മുത്തച്ഛനും മുത്തശ്ശിക്കും ഉള്ളതാ. ഇതവർക്കു കൊടുക്കാൻ സാർ അനുവദിക്കണം."

"അതിനു അവർ ഇവിടെയില്ലല്ലോ. അവർ ആശുപത്രിയിലാണ്."

അയാൾക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാളുടെ ഇടറിയ തൊണ്ടയിൽ നിന്നും കണ്ണീരിൽ കുതിർന്ന കുറേവാക്കുകൾ പുറത്തേക്കൊഴുകി.

"സാർ അവരെ ആക്രികച്ചവടക്കാർക്ക് കൊടുത്തുവല്ലേ. കഷ്ടമായി സാറെ. ഈശ്വരൻ പൊറുക്കൂല..."

അയാൾ കണ്ണീരൊലിപ്പിച്ചു അതിരൂക്ഷമായി എന്നെ നോക്കി പടിയിറങ്ങി.

അപ്പോഴാണ് ഞാൻ എന്നെയും അയാളെയും തിരിച്ചറിഞ്ഞത്. വീട്ടിൽ പ്രച്ഛന്നവേഷത്തിൽ ആക്രിക്കച്ചവടക്കാരനായെത്തിയത് ഈശ്വരനായിരുന്നോ? ■

---

പറഞ്ഞു സമർത്ഥിക്കുകയും ചെയ്തത് ഓർമ്മയിൽ വരികയാണ്. (സംശയമുള്ളവർക്ക്ജീവിച്ചിരിക്കുന്ന പപ്പേട്ടനുമായി ഇപ്പോഴും സംസാരിച്ച് ശങ്ക അവസാനിപ്പിക്കാം)

തുടർന്നുള്ള ദശകങ്ങളിലെ സൗഹൃദങ്ങളും ആത്മബന്ധവും നൂറുകണക്കായ നിരവധി സുഹൃത്തുക്കളെപ്പോലെത്തന്നെ ഒരിക്കലും മുഖം മുറിയാത്ത ബന്ധമായിരുന്നു. അതാണ് ഖാദർക്ക എന്ന എഴുത്തുകാരനിലെ മനുഷ്യൻ; മനുഷ്യത്തം.

എൺപതുകൾക്കു ശേഷമുള്ള നാലഞ്ച് പതിറ്റാണ്ടുകളിലായി ഖാദർക്ക പണിത ക്ലാസിക്ക് കൃതികളിൽ കേട്ടുകേൾവികളും ഐതീഹ്യങ്ങളും കൊണ്ട് പ്രയോഗവൽക്കരിച്ച മിത്തുകളും അന്യാദൃശ്യങ്ങളായ ആഖ്യാനവൈഭവങ്ങളും അദ്ദേഹത്തെ ലോകാത്തര കഥകളെഴുത്തുകാരനാക്കി .

ബർമ്മക്കാരിയായ പെറ്റമ്മയുടെ നിര്യാണത്തോടെ മലങ്കാടുകളിലൂടെയും ഒളിപ്രദേശങ്ങളിലൂടെയും രണ്ടാം ലോകമഹായുദ്ധ കാലത്ത്ബാപ്പ മൊയ്തീൻകുട്ടിയുടെ തോളിൽ കയറിയിരുന്നും നടന്നും ബർമ്മയിൽനിന്നും ഇന്ത്യൻ അതിർത്തിയോളം എത്തിയ ആറുവയസ്സുകാരൻ, അവിടെ നിന്നും വണ്ടിയിൽ കൊയിലാണ്ടിയിലെത്തിയ ഖാദറാണ് ഇന്ന് ഭാഷയിലെ കഥയെത്തുകാരിൽ മുൻ നിരയിലിരിക്കുന്നത്. (മലയാളം തീരെ അറിഞ്ഞു കൂടായിരുന്ന ഖാദർ എന്റെ അളിയൻ, കൊയിലാണ്ടി ഹൈസ്ക്കൂളിലുണ്ടായിരുന്ന ബാലകൃഷ്ണൻ മാഷിന്റെ സഹപാഠിയായിട്ടണ് ഭാഷ ബുദ്ധിമുട്ടി പഠിച്ചത്.)

ഖാദർക്കയുടെ കഥയിലെ കയ്യൊതുക്കത്തിന് ആഴ്ചപ്പതിപ്പിൽ അവസാനകാലത്തുവന്ന "കരവലയം" എന്ന കഥ മാത്രം മതി. അക്കഥകൊണ്ടുതന്നെ ലോക കഥയെത്തുകാരിൽ ഒന്നാം നിലയിലുള്ള കഥയെഴുത്തുകാരിൽ ഒരാളാണ് യു. എ. ഖാദർ എന്നും പറയാവുന്നതാണ്. മാനുഷികതയുടെ പതച്ചുമറയലാണ് അദ്ദേഹത്തിന്റെ കഥകളുടെഅന്തർധാര. അതിന്റെ ആവികൊണ്ട് ഉൻമിഷത്തുകളാകുവാൻ മറ്റു സഹ എഴുത്തുകാർക്കും സാധ്യമാകുമാറാകട്ടെ.

കാലംകൂടിയും കൂടാതെയും നമ്മെവിട്ടു പിരിഞ്ഞ മഹാനമുഭാവന്മാരുടെ അണയാത്ത ഓർമ്മകൾക്കു മുമ്പിൽ എന്റെ മൗന ദുഃഖത്തിന്റെ ഒരു പിടിപ്പൂവുകൾ അർപ്പിച്ചു കൊള്ളുന്നു. ■



(ഓർമ്മക്കുറിപ്പ്)



പൂനൂർ കെ. കരുണാകരൻ

# മലയാളകവിതയുടെ വരദ




അവാർഡ് ഏറ്റുവാങ്ങുന്ന സുഗതകുമാരി

കാവ്യ കൈരളിയുടെ തിരുമുറ്റത്തെ വെളിച്ചത്തിന്റെ തിരിനാളമായിരുന്നു മലയാളത്തിന്റെ പ്രിയ കവിയായിരുന്ന ശ്രീമതി സുഗതകുമാരി ടീച്ചർ. ആ വെളിച്ചത്തിലിരുന്നാണ്, മലയാളി സഹൃദയത്വം മനുഷ്യനേയും പ്രകൃതിയേയും കൺതുറന്നു കണ്ടത്. ഭൂമിയുടെ പച്ചപ്പ് നൽകുന്ന വരദാനത്തിനു മേൽ ഭീകര താണ്ഡവ മാടുന്ന മർത്യ സ്വാർത്ഥതയ്ക്കു മുന്നിൽ ആ തിരിനാളം അഗ്നിജ്വാലകളായി പടർന്നുകയറി. അകത്തളങ്ങളിൽ നിസ്സഹായകരായി കഴിഞ്ഞിരുന്ന, അബലകളെന്നു പരിഹാസപ്പേര് ചേർത്തുവിളിച്ചിരുന്ന പെൺ ജന്മങ്ങളുടെ സഹനങ്ങളെക്കുറിച്ച്,

**ഇവൾക്കുമാത്രമായ് –**
**കടലോളം കണ്ണീർ**
**കുടിച്ചവൾ ചിങ്ങവെ**
**യിലൊളിപോലെ–**
**ചിരിപ്പിച്ചവൾ ഉള്ളിൽ–**
**കൊടും തീയാളീടും**
**ധരിത്രിയെപ്പോലെ**
**തണുത്തിരുണ്ടവൾ**
**ചവിട്ടാൻ, നിങ്ങൾക്കു**
**ചിലപ്പോൾ പൂജിയ്ക്കാൻ–**
**പരക്കെ പുച്ഛിക്കാൻ,**
**പരിത്യജിയ്ക്കുവാൻ.**

(ഇവൾക്കു മാത്രമായ്– 1979)

എന്നു പാടുമ്പോൾ അത് മലയാളിയുടെ മനസ്സിലെ വിതുമ്പലായി

കവിതയിലൂടെ ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തുകയും തിരുത്തുകയും ചെയ്ത ഈ മഹാ പ്രതിഭയുടെ സർഗ്ഗാത്മകത ഒരിയ്ക്കലും കാല്പനികതയുടെ നനുത്ത തലങ്ങളിലൂടെ മാത്രം സഞ്ചരിച്ചില്ല. പകരം വെട്ടിവീഴ്ത്തപ്പെടുന്ന ഓരോ മരത്തിനു വേണ്ടിയും, അരിഞ്ഞു തള്ളുന്ന ഓരോ ചെടിയ്ക്കുവേണ്ടിയും, തുരന്നെടുക്കുന്ന ഓരോ മലയ്ക്കു വേണ്ടിയും അത് കർമ്മധീരതയുടെ പ്രതിരോധമായി നില കൊണ്ടു. സമൂഹം മനുഷ്യരായി പ്പോലും പരിഗണിയ്ക്കാതിരിയ്ക്കുകയും അവഗണിയ്ക്കുകയും ചെയ്ത മനോരോഗികളുടെ കൊടും ദുരിതങ്ങൾ ഒരമ്മയുടെ കരുണാർദ്രമായ മനസ്സോടെ ജനശ്രദ്ധയിലേക്ക് കൊണ്ടുവന്നു. മാനസിക രോഗികൾക്കു വേണ്ടിയും മറ്റു അനാഥർക്കു വേണ്ടിയും അഭയകേന്ദ്രമൊരുക്കി. മനോരോഗ കേന്ദ്രങ്ങൾ ഇന്നു കുറച്ചെങ്കിലും പരിഷ്കൃതവും പുരോഗമനപരവുമായിട്ടുണ്ടെങ്കിൽ അതിനു പിന്നിൽ അവരുടെ നിഷ്കളങ്കവും നിർഭയവുമായ പരിശ്രമങ്ങളുണ്ടായിരുന്നു.

സൈലന്റ്‌വാലി, ആറന്മുള അനധികൃത ക്വാറികൾ തുടങ്ങി പ്രകൃതിയ്ക്ക് നോവേൽപ്പിയ്ക്കുന്നതിനെതിരെ നടന്ന എല്ലാ സമര മുഖങ്ങളിലും സ്വന്തം ആരോഗ്യം പോലും നോക്കാതെ അവർ സജീവസാന്നിദ്ധ്യമായി; അവിടങ്ങളിലൊക്കെ ആ കവിതകൾ ആവേശത്തിന്റെ ദീപ്ത സ്വരങ്ങളായി.

ഏത് കവിതയെഴുതുമ്പോഴും, അത് മരത്തിനേയും മനുഷ്യനേയും കാടിനേയും കിളികളേയും അതുപോലെ പ്രകൃതി കനിഞ്ഞു നൽകുന്ന ഓരോ സൗഭാഗ്യങ്ങളേയുംക്കുറിച്ചാവുമ്പോഴും, അവ വായനക്കാരന്റെ സംവേദനക്ഷമതയോടു ചേർന്നു

# New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

## NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425




SilkDesigner Sarees
Churidar Materials Kids Wears

## ന്യൂകൃപ

എക്സ്റെ & ലബോറട്ടറി

വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ,
കോഴിക്കോട്
MOB : VINODINI HARIDAS 9400592584

## T. Kumaran Vaidyar's JAYAPRAKASH PHARMACY

**Malapparamba, Kozhikode - 9,**



**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**



## DHANA LAKSHMI JEWELLERY





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
Prop : M.C. Vinodkumar : Mob : 9847070204
Shop : 2331737, Resi : 2324410

## MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

## MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, .. Hardware, Timbers etc...

## Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

## Orange

**men`s Beauty parlor**

**A R Complex, Mankave,**
**Kozhikode 673 007**
**Mob: 9447949402**



## PRADEEP

**ENGINEERING AUTO MOBILES**




**Parayancheri, Kozhikode- 16**
**Mob: PRADEEP - 9746648048**

**TRESS WORK, GATE, GRILL etc**

## CAR TECH

**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**





നിൽക്കുന്നതാവണമെന്നു അവർ സ്വയം നിഷ്കർഷിച്ചിരുന്നു. ഉദാഹരണത്തിന്

**ഒരു തൈനടാം,**
**നമുക്കമ്മയ്ക്കുവേണ്ടി**
**ഒരു തൈനടാം**
**കൊച്ചുമക്കൾക്കുവേണ്ടി**
**ഒരുതൈനടാം**
**നൂറുകിളികൾക്കുവേണ്ടി**
**ഒരുതൈനടാം**
**നല്ല നാളേയ്ക്കു വേണ്ടി**

എന്ന കവിത ശ്രദ്ധിയ്ക്കുക. വലിയൊരി സന്ദേശത്തെ അയത്നലളിതമായി അനുവാചകന്റെ മനസ്സിലും ചുണ്ടിലും തങ്ങിനില്ക്കുന്ന വിധത്തിലാണ് അത് വിളംബരപ്പെടുന്നത്. ഗുണപാഠങ്ങൾ ആവിഷ്കരിക്കുമ്പോൾ പോലും കവിതയെ പ്രതീകാത്മകബിബങ്ങളിലൂടെ ദുർഗ്രഹമാക്കി പ്രകടനവരതയിൽ അഭിരമിയ്ക്കുന്നവർ കണ്ടുപഠിയ്ക്കേണ്ട കാര്യമത്രെ ഇത്.

ഏതാണ്ടു ആറുപതിറ്റാണ്ടുകൾക്കു മുമ്പാണ് "മുത്തുച്ചിപ്പി" എന്ന സമാഹാരവുമായി അവർ കവിതാ മണ്ഡലത്തിലേയ്ക്ക് കയറി വരുന്നത് (1961) പിന്നീടിങ്ങോട്ടു "സ്വപ്നഭൂമി", "പാതിരാപ്പൂക്കൾ", "പാവം മാനവഹൃദയം", "രാത്രിമഴ", "ഇരുൾച്ചിറകുകൾ", "അമ്പലമണി", "കൃഷ്ണകവിതകൾ", തുടങ്ങി പതിനഞ്ചോളം കവിതാസമാഹാരങ്ങളും , "വാരിയെല്ല്", "കാടിനുകാവൽ", "ഉൾച്ചൂട് " തുടങ്ങി ഏതാനും ഗദ്യലേഖന സമാഹാരങ്ങളും അവരുടേതായി മലയാളം ഏറ്റുവാങ്ങുകയുണ്ടായി. കൊച്ചുകുട്ടികൾക്കു വേണ്ടിയും അവർ എഴുതി. പരിസ്ഥിതി വിനാശം പോലെയുള്ള തിന്മകൾക്കെതിരെ ശബ്ദമുയർത്തുമ്പോഴും എന്നും എപ്പോഴും അവരുടെ മനസ്സിൽ കവിതയ്ക്കുവേണ്ടിയുള്ള അഭിനിവേശവും ജാഗ്രതയുമുണ്ടായിരുന്നു. അതുകൊണ്ടാണ്

**എന്തുനീയുദിയ്ക്കാത്തു**
**കവിതേനിയെന്നുള്ളിൽ**
**പണ്ടേപ്പോൽ? നഭസ്സുപോൽ**
**മനസ്സും തപിയ്ക്കുന്നു.**

(എങ്ങിനെ- 1976) എന്ന നിശ്ശബ്ദ വേവലാതി അവരുടെ ഉള്ളിൽ തങ്ങിനിന്നിരുന്നത്. പീഡിപ്പിയ്ക്കപ്പെടുന്ന പ്രകൃതിയേയും സ്ത്രീത്വത്തേയും പിഞ്ചുകുഞ്ഞുങ്ങളേയും കുറിച്ചു ഓർത്തു കലുഷിത ചിത്തയാകുമ്പോൾ അവരിൽ സാന്ത്വനമായി നിറഞ്ഞു നിന്നിരുന്നത് കവിതയായിരുന്നു. അതൊടൊപ്പം ഭക്തിയും. അവരുടെ കൃഷ്ണകവിതകൾ ഓരോന്നും ഇത് സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ആ കൃഷ്ണഭക്തിയ്ക്ക് മറ്റൊരു മാനമുണ്ടായിരുന്നു. സ്വന്തം സത്തയിലൂന്നിനിന്നു കൊണ്ടു തന്നെ, സർവ്വചരാചരങ്ങൾക്കും വേണ്ടിയുള്ള പ്രാർത്ഥന കൂടിയായിരുന്നു അവയോരോന്നും. മാത്രമല്ല ഭക്തിസാന്ദ്രമായ അത്തരം ഈരടികളിൽപ്പോലും പ്രകൃതിയുടെ പ്രതീകാത്മകമായ ബിബംങ്ങളെ കൂട്ടിയിണക്കാൻ അവർ ശ്രദ്ധിയ്ക്കുകയും ചെയ്തിരുന്നു.

**വഴിയെത്ര നീണ്ടതീ,**
**വെയിലെത്രകഠിനമെ-**
**ന്നുഴലന്നപഥികന്നു മുന്നിൽ**
**ഒരു മഹാവൃക്ഷമായ്-**
**കൈനീട്ടിനില്പതോ**
**പ്രഭുവായ നിന്റെ കാരുണ്യം.**

( നിന്റെ കാരുണ്യം- 1986)

എത്ര മനോഹരമായാണ് ദൈവകാരുണ്യത്തെ മഹാവൃക്ഷത്തിന്റെ തണലായി ഭാവന ചെയ്തിരിക്കുന്നത്. വരണ്ട വേനലിലെ ഉച്ചവെയിലിലൂടെ വഴി നടക്കുമ്പോൾ ആകസ്മികമായി നെറ്റിയിൽ വന്നു പതിയ്ക്കുന്ന തണുത്ത മഴത്തുള്ളിയെ ഈശ്വര കൃപയുടെ പ്രതിബിംബമായിക്കാണുന്ന "മഴത്തുള്ളി" എന്ന കവിതയും ഇവിടെ ചൂണ്ടിക്കാട്ടാവുന്നതാണ്.

**ഉച്ചവെയ്ലേറ്റു**
**നടക്കവേ നെറ്റിമേ-**
**ലിറ്റിറ്റു വീണു മഴത്തുള്ളി.**
**ഞെട്ടി ഞാൻ നോക്കവെ-**
**വാനിലൂടുണ്ടൊരു**
**കൊച്ചുകരിമുകിൽ നീങ്ങുന്നു**

**..........................................**

**നല്ലത് നിൻ കുളിരി-**
**റ്റിറ്റു വീണതെൻ**
**പൊള്ളുന്ന നെറ്റിമേലായല്ലോ.**

( മഴത്തുള്ളി- 1985) ഇങ്ങിനെ എത്രയെത്ര കവിതകൾ.

പ്രകൃതിയും കവിതയ്ക്കുമെന്ന പോലെ നമ്മുടെ ഭാഷയ്ക്കും ഉണർവും, ഊർജ്ജവും നൽകിയ വലിയ കവിയായിരുന്നു. സുഗതകുമാരി ടീച്ചർ. മനുഷ്യത്വത്തിനു പുതിയ നിർവചനം കണ്ടെത്തിയ കർമ്മധീരയായ എഴുത്തുകാരിയും. തീർച്ചയായും ആ നാമം കേരളമുള്ളേടത്തോളംകാലം നിലനില്ക്കുകതന്നെ ചെയ്യും. ■

കവിത



കെ.പി. യൂസഫ്
പെരുമ്പാവൂർ

## ജീവിതത്തിന്റെ നിഴൽപാടുകൾ

ജീവിതത്തിന്റെ
നിഴൽപാടുകൾ
മുറ്റത്ത് മരച്ചീനി
ഇലകളായി
രൂപാന്തരപ്പെട്ട്
കിടപ്പുണ്ട്

വൈദേഹി
നിരാശയുടെ
കട്ടിലിൽ
അനിശ്ചിതത്വത്തിന്റെ
കടലിൽ
വീണ് കിടപ്പുണ്ട്

വിശപ്പാറ്റാൻ
വർണ്ണശലഭങ്ങൾ
തേൻ തേടി
തെച്ചിപ്പൂക്കളിൽ
വന്നിരിപ്പുണ്ട്

മണി മന്ദിരങ്ങൾ
ശൂന്യമാണ്
കടുത്ത വേനലിന്റെ
വരവറിയിച്ച്
സൂര്യൻ മാനത്ത്
വെട്ടിത്തിളങ്ങുന്നുണ്ട്
പൂക്കൾ വിടർത്താൻ
മറന്ന് നന്ത്യാർവട്ടം
മൂകമായി
നിൽപ്പുണ്ട്
കൊലചെയ്യപ്പെട്ട
മൊസാന്തച്ചെടിയുടെ
മക്കൾ
പൂക്കുന്നതെങ്ങനെ-
യെന്നറിയാതെ
നിൽപ്പുണ്ട്.

ഗാനം

## പൂങ്കുയിൽ




മഞ്ചേരി ബാലചന്ദ്രൻ

.

പാടാൻ മറന്ന പൂങ്കുയിലേ...
പാടാതിരുന്നതെന്തേ...
മാവുകൾ പൂത്തതറിഞ്ഞില്ലേ?
മാനസ മുണർന്നതറിഞ്ഞില്ലേ?
(പാടാൻ)
അകലെയുള്ള പൂങ്കാവിൽ
അറിയാതെ നീ രാഗംപാടി...
അനുരാഗമെന്നതിനെ ഞാൻ വിളിച്ചു.
അനുപമലോലുപെയെന്നു...(പാടാൻ)
എന്തിന് വീണ്ടും വിളിച്ചു-നീ
എന്റെ മാനസ വീണയിൽ
എന്തിന് വീണ്ടും നീ പാടി
എന്റെ ഹൃദയഗാനമായ്
(പാടാൻ)

കവിത



പ്രഭാകരൻ നനറുകര

## മൂന്നു കവിതകൾ

1

വിമാനം കയറി നാട്ടിലെത്താൻ
വിലപിച്ച ദിനങ്ങളശൊഴിഞ്ഞു
താവളം തുറന്നു തമ്പടിക്കാൻ
ആവേശമോടെ യാത്ര തുടങ്ങി

2

ആരോഗ്യരംഗം മരുപ്പച്ചയായ്
ആരോഗ്യ പ്രവർത്തകരൊട്ടാകമായ്
ആത്മാർത്ഥതയുടെ ചുമടും താങ്ങി
ആശ്രയമാകുവോർക്കാശ്വാസവുമായ്

3

മുഖം മറയ്ക്കുന്ന നാണം വരാതെ
മുഖാവരണത്താലാളറിയാതെ
മൂക്കും വായയും മൂടിയിരിക്കണം
മൂകനാകാതെ പ്രതിരോധിക്കാൻ.

കവിത

# വീണ്ടും ഞായർ



രജികുമാർ പുലാക്കാട്

വീണ്ടും ഞായർ
ശനിയുടെ ഹാങ്ഓവർ
ചുവന്ന കലണ്ടർ
ടാപ്പിൽ ഇന്നലത്തെ ബന്ദിന്റെ അവശിഷ്ടങ്ങൾ
വെളിക്കിരിക്കുമ്പോൾപുറത്തിറങ്ങുന്ന
കുടൽമാലകളുടെ സൗന്ദര്യപ്പിണക്കം.

കനത്ത കമ്പിളിയുറക്കത്തിലേക്കു
ടി വി ജ്യോത്സ്യം
സ്പോൺസേഡ് ദൈവശുശ്രൂഷ
രോഗമുക്തരുടെ
അലറുന്ന പ്രാർത്ഥനകൾ
എത്രമൂടിപ്പുതച്ചിട്ടുംചെവിട്ടിൽ അലയടിക്കുന്ന
രംഗോലി
സണ്ടേസപ്ലിമെന്റുകൊണ്ട്
പേപ്പറുചെക്കന്റെ കിഴുക്ക്.

ഒന്നാം പേജിൽ
തീവണ്ടിമറിഞ്ഞു മുപ്പതു യാത്രികർ
കെട്ടിടം തകർന്ന് എട്ടു കൂലികൾ
നാലു ബംഗാളികളും മൂന്നു ബീഹാറികളും ഒരു
ജാർഖണ്ഡും
ചവേറാക്രമണത്തിൽ മൂന്നു പേർ
പ്രധാനമന്ത്രി
പ്രതിപക്ഷ നേതാവ്
എക്സ്ഗ്രേഷ്യ.

സപ്ലിമെന്റിൽ ഒരു തെളിയാത്ത അഴിമതികഥ
മുൻപേജിൽ അവസാനിക്കാത്ത
അന്വേഷണ റിപ്പോർട്ട്
പരസ്യങ്ങളും ദൂരദർശനങ്ങളും
വർണ്ണങ്ങളിൽ സാഹിത്യവൃദ്ധൻ
വിപ്ലവനിലക്കോഴി
മാനസസരോവർ.

രണ്ടാം പേജിൽ
രണ്ടു നെയ്ത്തുകാർ
ശ്രീകൃഷ്ണൻ
കാർട്ടൂൺ പ്രാതൽ മൂക്കിലൂടാഹരിക്കുന്ന
വണ്ടർ കിഡ്

മൂന്നിലും നാലിലും
സ്വയംവരാഘോഷം
വെളുപ്പ് തുടുപ്പ്
ആറടി പൊക്കം
ആറക്ക ശമ്പളം
സോഫ്റ്റ്വയർ, എം ബി എ
യു എസ് എ, ആസ്ട്രേലിയ
സുന്ദരി സുശീല സുഭദ്ര...

ചരമകോളത്തിൽ പരേതരുടെ
ബ്ലാക്ക് ആൻഡ് വൈറ്റ്
സ്വർഗ്ഗയാത്ര
ഇനിയും മരിക്കാത്ത ബന്ധുക്കളുടെ വീരഗാഥകൾ

ഉച്ചയുറക്കത്തിലേക്ക്
ക്ഷണിക്കാതെ രണ്ടു വിരുന്നുകാർ
ദാസനും വിജയനും
മോഹൻലാലും ശ്രീനിവാസനും

ലഹരി തിളയ്ക്കുന്ന
പതിവ് കടൽത്തീര സന്ധ്യ
നനഞ്ഞൊട്ടിയ ചില കവിതകൾ
അരികിലവൾ-നിത്യകാമുകി
ആന്ധ്രയിൽ ആത്മഹത്യചെയ്ത
കർഷകർ കൊടുത്തയച്ച നിലക്കടല
വയറ്റത്തടിച്ച് മുഹമ്മദ് റാഫി.

രാത്രി
പുരോഗമന രാഷ്ടീയ കലാസാഹിത്യങ്ങളുടെ
വിരസതയകറ്റാൻ
അപ്പപ്പുറത്തേറി
വീഞ്ഞിന്റെ ചെങ്കടലിൽ
വൈഫ്സ്വാപ്പിങ്ങ്.

ദൈവത്തെ വിശ്രമിക്കാൻ വിട്ട്
സാത്താൻ പണിതുടങ്ങുന്ന
അടുത്ത ഞായറിന്
ഇനിയുഗങ്ങളാറ് കാത്തിരിക്കേണ്ടേ
എന്നോർക്കുമ്പോൾ...

കവിത

# സമരപാത



സിജീഷ് എടോളി

**പാതകളിൽ രക്ത പാദങ്ങൾകൊണ്ട്**
**ഇതിഹാസം തീർത്ത**
**കർഷകരേ...**
**നിന്റെ വിയർപ്പു വീണ പാടത്തിൽ നിന്നും**
**ജനിച്ചുവളർന്നതാണെന്റെഇന്ത്യ**
**നിന്റെ ചുളിവുവീണ കൈകളാൽ**
**കൊയ്തെടുത്ത അന്നമാണിന്ന്**
**മക്കൾക്കാശ്രയം..**
**ഇന്നലെയെ അറിയാത്ത**
**ഇന്നത്തെഭരണക്കാർ**
**പാടത്തെ മരണ ഭൂമിയാക്കിടുമ്പോൾ..**
**ഭാരത തെരുവിൽ ഉയർന്നു പൊങ്ങുന്ന**
**അണയാത്ത തീ നാളമായി**
**ജ്വലിച്ചിടട്ടെ...**
**സമരങ്ങൾ അണയാത്ത**
**തീ നാളമായി ജ്വലിച്ചിടട്ടെ.**

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*കോളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*ലക്കിബുക്ക്സ്*
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.

*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്റ്റാന്റ്. കോഴിക്കോട്,*

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502

*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: .........................

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി* (പൊയിൽകാവ്)
*അബുബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി* (പുതിയപാലം)
*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലയി റോഡ്, (നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)
*ബേബി സ്റ്റേഷനറി* (കാരന്തൂർ)



(ഓർമ്മക്കുറിപ്പ്)



രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി

# കവിതകളിലൂടെ ജ്വലിച്ച കേരളത്തിന്റെ വാനമ്പാടി: സുഗതകുമാരി



*സുഗതകുമാരി "ഒ.എൻ.വി. അവാർഡ് " മുഖ്യമന്ത്രി പിണറായി വിജയനിൽനിന്നും ഏറ്റുവാങ്ങുന്നു.*

മലയാള കവിതയുടെ വരപ്രസാദവും, വാനമ്പാടിയുമായിരുന്നു സുഗതകുമാരി. കവിയും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന ബോധേശ്വരന്റേയും കാർത്ത്യായനി അമ്മയുടേയും മകളായി ആറന്മുളയിൽ ജനിച്ചു (1934–2020). മരിയ്ക്കുമ്പോൾ 86 വയസ്സായിരുന്നു. വിഷാദഭരിതമായ ആ കാവ്യധാര ശ്രുതി മധുരമായി പെയ്തൊഴിഞ്ഞു. മലയാളികളുടെ മനസ്സിൽ അവരുടെ കവിതകൾ ഉണ്ടാവും. പുതിയ തലമുറയ്ക്ക് സുഗതകുമാരിയുടെ കാവ്യങ്ങളിൽ നിന്ന് ഏറെ പഠിക്കാനും, ഓർമ്മിക്കാനും ശ്രുതിമധുരമായി പാടാനും, കാലം ബാക്കിവെച്ചിട്ടുണ്ട്. അവരുടെ ജീവിതവും കവിതകളും പഠനവിധേയമാകേണ്ടതുണ്ട്.

പ്രകൃതിയും മനുഷ്യനുമായിരുന്നു സുഗതകുമാരിയെ എഴുത്തുകാരിയും കവയിത്രിയുമാക്കിയത്. മണ്ണിനേയും പൂക്കളേയും മൃഗങ്ങളേയും അതിലുപരി അശരണരായ പീഢിതരായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയും അവരുടെ ഗാഥകൾ തീപ്പൊരികളായി നിലകൊണ്ടു. ആത്മാർത്ഥത നിറഞ്ഞ ധീര വനിതയും കലഹപ്രിയയുമായിരുന്നു. എല്ലാം നേരിനും നന്മക്കുവേണ്ടിയുള്ള ധർമ്മയുദ്ധമായിരുന്നു. നിസ്വാർത്ഥമായ ആ പുണ്യ കർമ്മം എന്നും ഓർമ്മിക്കപ്പെടും.

വാക്കും കർമ്മവും ഒന്നിച്ച വ്യക്തിത്വമായിരുന്നു അവരുടേത്. അവരുടെ പ്രവർത്തനം കവിതക്കും ഭാഷയ്ക്കും മാത്രമായിട്ടല്ല നിലകൊണ്ടത്. മലകളുടെയും പുഴകളുടേയും കാടിന്റേയുമെല്ലാം കൈയ്യേറ്റങ്ങളെ നഖശിഖാന്തം എതിർക്കുകയും സമരത്തിന്റേയും, പ്രക്ഷോഭത്തിന്റേയും, മുൻപന്തിയിൽ നിൽക്കുകയും ചെയ്തു. കവി എന്ന നിലയിലുള്ള എല്ലാ ബഹുമതികളും പുരസ്കാരങ്ങളും എല്ലാം തൃണവൽക്കരിച്ചു പ്രവർത്തിക്കുന്നതിൽ അവർ സദാ തയ്യാറായി നിലക്കൊണ്ടു.

സൈലന്റ് വാലി പദ്ധതി നടപ്പിലായിരുന്നെങ്കിൽ ഇന്നത്തെ അവിടുത്തെ ഭൂപ്രകൃതിയും പച്ചപ്പും സിംഹവാലൻ കുരങ്ങും മെല്ലാം വിസ്മൃതിയിലാകുമായിരുന്നു. പ്രകൃതി സംരക്ഷക എന്ന നിലയിലുള്ള അവരുടെ പ്രവർത്തനത്തിന്റെ വിജയം കൊണ്ടാണ് പുതിയ നിയമങ്ങളും സർക്കാർ പദ്ധതി ഉപേക്ഷിക്കാനും ഇടവന്നത്. അതുപോലെതന്നെ പ്രധാനമാണ് അട്ടപ്പാടി വനമേഖലയേയും അവിടുത്തെ വനവാസികളായ കാട്ടുജാതിക്കാരുടെ പുനരുദ്ധാരണത്തിനും ചെയ്ത സേവനങ്ങൾ എന്നെന്നും ഓർമ്മിക്കപ്പെടും. മലകളുടെയും, പുഴകളുടെയും മുറിവുകൾ അവരുടെ മനസ്സിനെ അലട്ടുന്ന നോവുകളായിരുന്നു. എഴുത്തിനൊപ്പം കേരളത്തിന്റെ ഉന്നമനത്തിനു വേണ്ടി മരണം വരെ വിശ്രമമില്ലാതെ പ്രവർത്തിച്ചു. അന്ധവിശ്വാസത്തിനും അനാചരത്തിനും എതിരായിരുന്നു. കവിതകളെന്നപോലെ അവരുടെ മനസ്സ്–തന്റെ മരണത്തിൽ അനുശോചനങ്ങളോ, റീത്തുകളോ, ആർഭാഢമായ പരിപാടികളൊന്നും ചെയ്യരുതെന്ന് ഒസ്യത്തിൽ വിലക്കിയിരുന്നു. ചാവടിയന്തരവും തുടർന്നുള്ള ചെലവുകളും പാടില്ലെന്നും ഭക്ഷണമൊന്നും

അതിന്റെ പേരിൽ നൽകരുതെന്നും നിർദ്ദേശം വെച്ചിരുന്നു. അനാഥർക്ക് ഭക്ഷണത്തിനും അവർ തന്നെ ഏർപ്പാടു ചെയ്തിരുന്നു. മരണാനന്തര കർമ്മത്തിൽ കേരളീയർ കണിക്കേണ്ട പ്രധാന കാര്യത്തിലേക്കാണ് ആ ഒസ്യത്ത് വിരൽചൂണ്ടുന്നത്. തോരാതെ പെയ്യുന്ന ഒരു രാത്രിമഴ പോലെ സുഗതകുമാരിയുടെ കവിതകൾ ജീവിതത്തിൽ പെയ്തുകൊണ്ടിരിക്കും. ഒരു കവി എന്ന നിലയിലും സാമൂഹ്യപ്രവർത്തക എന്ന നിലയിലും അവരുടെ ജീവിതം ദർശിച്ചാൽ നമുക്ക് അവരുടെ യാത്ര സഫലമായിരുന്നു എന്നു കാണാം. പ്രകൃതിയുടെ കണ്ണീരായി, ജ്വലിച്ച ആ കവിയത്രിയുടെ വാക്കുകളിൽ

**"എന്റെ വഴിയിലെ വെയിലിനും നന്ദി**
**എന്റെ ചുമലിലെ ചുമടിനും നന്ദി**
**എന്റെ വഴിയിലെ തണലിനും മര –**
**ക്കൊമ്പിലെ കൊച്ചു കുയിലിനും നന്ദി**
**വഴിയിലെ കൂർത്ത നോവിനും നന്ദി**
**മിഴി ചുവപ്പിച്ച സുര്യനും നന്ദി."**

എന്നാണ് കവി എന്ന നിലയിൽ എല്ലാറ്റിനേയും അവർ കണക്കാക്കിയിട്ടുള്ളത്. ജീവിതത്തിലുണ്ടായ എല്ലാ കൂർത്ത നോവിനും നന്ദിപറയുമ്പോൾ മനസ്സിലാവുന്നത് ഈ ജീവിത പ്രയാസങ്ങളാണ് അവരെ അവരാക്കിയത് എന്നാണ്. സ്വാതന്ത്ര്യം (1976) വായിച്ചു ചിന്തിക്കേണ്ട കവിതയാണ്. അപ്പോൾ നമ്മുടെ മുന്നിൽ പഴയ സ്വാതന്ത്ര്യസമര ചരിത്രം സ്മരണയിൽലെത്തും തീർച്ച- തുടർന്ന് വരുന്ന വരികളിലൂടെ

**"ഗംഗാതീർത്ഥക്കരയിൽ**
**പാപികൾ ഞങ്ങളിരുന്നു.**
**ഞങ്ങടെ വിഫലസുധാ ചഷകം–**
**പാഴ് മണ്ണിൽചരിയുന്നു.**
**ഈ മഹിതാമെങ്ങനെ ലഹരി–**
**ക്കള്ളായ് ഞങ്ങടെ കൈയ്യിൽ"**
**....കാരണം എന്താണെന്നറിയു–**
**മ്പോൾ ഞങ്ങൾ നടുങ്ങിപ്പോന്നു.**
**കരയുക, മുടുക മുഖമെല്ലാം**
**പൊടിമണ്ണിതു വാരിക്കുനിയും**
**തലയിൽ ചൊരിയുക നിശബ്ദം!**
**ക്കെടുത്താം ലജ്ജയോടെ അറി–**
**യുക നാം സ്വയമറിയുക അസു–**
**രകൾ നമ്മൾ! നമ്മൾക്കെന്തിനു**
**കഷ്ടം! ദേവതകൾ–**
**നുകരും സ്വാതന്ത്ര്യം!**

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പോരാളിയായ കവി പുത്രിയുടെ നൊമ്പരം കലർന്ന ഒരു കവിത കൂടിയിതാ

നിങ്ങളീ ഇന്ത്യയെ ഇപ്പോഴും സ്നേഹിക്കുന്നുവോ? തലവാചകം വായിക്കുമ്പോൾ എന്തോ അരുതാത്തത് സംഭവിച്ചുവോ? എന്ന് തീർച്ചയായും തോന്നാം–

**"ഇവിടെക്കുഴൽപ്പണ–**
**ക്കാരനും വേശ്യയും**
**പുതിയനേതാക്കളും**
**കൂടുകെട്ടും**
**വേണ്ട! ഞെട്ടുന്നു ഞാൻ**
**വേണ്ട! വേണ്ട!**
**ഇവരെക്കാളെത്രെ–**
**വിഷംകുറഞ്ഞോരെന്റെ**
**കടവാതിൽ,– പാമ്പ്,**
**പുതങ്ങൾ ഞാനും...."**

വെട്ടിത്തുറത്ത് എന്തിനേയും തെറ്റാണെങ്കിൽ ശക്തമായ ഭാഷയിൽ പ്രതികരിക്കുന്ന ശൈലിയോട് ആർക്കും വിരോധമുണ്ടാവാൻ വഴിയില്ല.

"1973– ആഗസ്ത് 15 ന് എഴുതിയ ഒരു കവിതയിലെ വരികൾ "ക്യൂ നിൽക്കുന്നു ഞങ്ങൾ " ഇന്നും അതു തന്നെയാണ് സ്ഥിതിയെന്നു പറഞ്ഞാൽ ചിലർക്ക് വിഷമം തോന്നാം

**"തുംഗ ഹിമാചല–**
**ശൃംഗകീരീടിനി**
**അംബ ഭഗവത്യപദാനം പാടാൻ**
**ഇന്നും ഞാൻ ആജ്ഞപ്തൻ,**
**അങ്ങനെ നിന്നുടെയിരു–**
**പത്താറാം തിരുനാളിൽ**
**തിരുനടയിൽ ഞാനും**
**വന്നെത്തുന്നു, നിന്നുടെ ഗായക –**
**സംഘത്തിൽ ചേരുന്നു വീണ്ടും**
**ക്യൂ നിൽക്കുന്നു ഞങ്ങൾ**
**ആരിത് ഹാ! നിന്നമ്പല നടയിൽ**
**പെരുമലപോൽ**
**തുറു കണ്ണകൾ ചിമ്മി**
**ചിരിയോടു മുഗ്രം**
**ചാട്ടചുഴറ്റി**
**ക്കാവലുനിൽക്കുമധർമ്മം!**

..............................................

**"നാഴിക്കല്ലരി വാങ്ങാൻ**
**വിലയില്ലാത്തൊരുറുപ്പികയായി."**

..............................................

**"ചാവാറായൊരു–**
**കുഞ്ഞിനുനൽകും**
**മായം ചേർന്ന മരുന്നായ്, പശിതൻ**
**പാതാളം പോലുള്ളൊരു–**
**വായിലെറിഞ്ഞ വിഷച്ചോറായി....**
**തെണ്ടിക്കിട്ടിയ"കെയ്റിൻ" പാലിൽ**
**ജ്വലമായ് ഉയരും**
**മുഷ്ടികൾതൻ ദ്രുതനിരയായ്**
**തീയിൽ കുളിരായ് ഞങ്ങടെ**
**വിണ്ടൊരു ചുണ്ടു–**
**നനക്കും വറ്റിയ**
**കണ്ണീരിൽ കല്ലുപ്പായ്**
**ഇന്നുംക്യൂനിൽക്കുന്നു ഞങ്ങൾ**
**നിന്നുടെ തിരുനാളിൽ**
**തിരുനടയിൽ"**

പിന്നിടുള്ള വരികളിൽ

**"ഇതിനോ ഞങ്ങൾ നിനച്ചു**
**പണ്ടീച്ചിതയിലെരിഞ്ഞു ഗാന്ധി?**
**ഇതിനോ ജയിലഴി–**
**ചൂഴ്ന്നു ഞെരിച്ചൊരു**
**മൃഗരാജാവായ് നെഹ്റു?**
**ഇതിനോ ജയ്ഹിന്ദ്–**
**മന്ത്രം ചൊല്ലിയിഴഞ്ഞും**
**ചോര ചൊരിഞ്ഞും വന്നീ**
**തിരുമണ്ണിൽ തലചായ്ച്ചാരിന്ന–**
**ലെ ഐ.എൻ.എ യോദ്ധാക്കൾ?**
**...പുതിയ യുഗത്തെ സ്വപ്നം–**
**കാണും മിഴികളുമായി**
**ക്യൂ നിൽക്കുന്നു ഞങ്ങൾ."**

സുഗതകുമാരി എന്ന കവിയത്രിയുടെ ഹൃദയഹാരിയായ കവിതകളിൽ ചിലത് ഇവിടെ കുറിക്കുന്നു.

**"ഒരു പാട്ടു പിന്നെയും–**
**പാടിനോക്കുന്നിതാ**
**ചിറകൊടിഞ്ഞുള്ളൊ–**
**രീകാട്ടുപക്ഷി**
**മഴുതിന്ന മാമരകൊമ്പിൽ**
**തനിച്ചിരുന്നൊടി–**
**യാച്ചിറകു ചെറുതിളക്കി"**

എന്ന വരികളിൽ നമുക്ക് പലതും വായിച്ചെടുക്കാൻ കഴിയും– വാചാലമാണ് ആ വരികൾ അവശയാണെങ്കിലും അവസാനം വരെയും കാട്ടുപക്ഷി ആർദ്രമായി പിന്നെയും മനസ്സിലേക്ക് കടന്നു വന്ന് പാടുന്നതായിതോന്നുന്നു.

ഇതാ മറ്റൊരു കവിതയിൽ അവസാനമായി എല്ലാവരോടും യാത്ര പറയുകയാണ്.

**"ആർദ്രമേതോ വിളിക്കു–**
**പിന്നിലായി**
**പാട്ടുമൂളി ഞാൻ**
**പോകവേ നിങ്ങൾ**
**കേട്ടു നിന്നുവോ?**
**തോഴരെ നന്ദി നന്ദി."**

ഈയൊരു വരികളിൽ മലയാളി മനസ്സ് ആകെയും ആർദ്രമാവും തീർച്ച.

നടന്നകലുകയാണ്– എല്ലാവരോടും നന്ദി പറഞ്ഞു കൊണ്ട് –

ഇതു പോലുള്ള ആർദ്രതയും, വാചാലതയും ധാരാളം ഈരടി



കളിൽ നിന്ന് ചൂണ്ടിക്കാണിക്കാനുണ്ട്.

കേരളത്തെ ഏറ്റവും സ്നേഹിച്ചിരുന്നതുകൊണ്ടാകാം മുഖം നോക്കാതെ വിമർശിക്കുന്നതിലും അവർ മറ്റാരെക്കാളും മുൻപന്തിയിലായിരുന്നു. മാനസിക സൗഖ്യമില്ലാത്തവർക്കായി എല്ലാ ജില്ലയിലും സർക്കാർ സംരംഭം തുടങ്ങണമെന്ന സ്വപ്നവും പകൽവീട് എല്ലായിടത്തും സ്ഥാപിക്കണമെന്നുള്ള താല്പര്യവും പൂർത്തികരിക്കപ്പെടാതെ നില്ക്കുന്നു.

കൃഷ്ണകവിതകളുടെ വായന പൂർത്തിയായപ്പോൾ തോന്നിയ അഭിപ്രായങ്ങളിൽ ചിലത് ഇവിടെ കുറിയ്ക്കട്ടെ: ശ്രീകൃഷ്ണൻ പ്രണയവും, മൃത്യുവും വിരഹവും ഭക്തിയും മോക്ഷവും ഒക്കെയായിരുന്നു. നിന്റെ നീലവിരിമാറിൽ ഒരിക്കലും തലചായ്ച്ചിട്ടില്ലെന്ന് അകന്ന് നില്ക്കുമ്പോഴും ഹൃദയം ഗോകുലമാക്കി പ്രണയത്തിന്റേയും വിരഹത്തിന്റേയും അനുഭൂതി നിറച്ച മറ്റൊരു രാധയായി സുഗതകുമാരി-കൃഷ്ണ കവിതകളിൽ പ്രണയത്തിന്റെ എല്ലാ ഭാവങ്ങളും കാണാൻ കഴിയുന്നു. കാളീയമർദ്ദനവും ഹൃദയഹാരിയായ കവിതയാണ്. കൃഷ്ണനോടുള്ള സ്നേഹത്തിന്റെ മകുടോദാഹരണങ്ങൾ എത്രയോ ചൂണ്ടിക്കാട്ടാനുണ്ട്.

കവയിത്രി സുഗതകുമാരിയുടെ ആത്മാവുമായിരുന്നു കൃഷ്ണൻ.

കൃഷ്ണകവിതകളിൽ "ഒരു ദർശനം", "മറ്റൊരു രാധിക, "ഒരു വൃന്ദാവന രംഗം", "മഴത്തുള്ളി", "എവിടെനീ" , "എന്റെ മനസ്സിന്റെ പൊന്നമ്പലത്തിലും ശ്യാമരാധ", "കൃഷ്ണാ നീയെന്നെയറിയില്ല" ഇവയെല്ലാം തന്നെ ഏറെ സുന്ദരവും മനോഹരവുമാണ്. ഇതര കൃഷ്ണകവിതകളെ പോലെ ഈ കവിതകൾ ജനമനസ്സുകളിൽ ഉണ്ടാകും.

സുഗതകുമാരിയുടെ കൃഷ്ണകവിതകളുടെ സമാഹാരരത്തിൽ 29 കവിതകളുണ്ട്. ഈ കവിതകളെല്ലാം തന്നെ ഹൃദയത്തിൽ കൃഷ്ണനെ ആരാധനയോടെ കാത്തിരിക്കുന്ന ഒരു രാധയായി കവയിത്രി ഇവിടെ മാറുന്നു." ഒരു വൃന്ദാവനരംഗം" എന്ന കവിതയിലെ

**തീരെദരിദ്രമെൻ നാട്ടിലെയേതൊരു–**
**കാൽക്കലിരിക്കുന്ന കണ്ണന്റെ തൃക്കരം**
**കാലിൽ ചുവപ്പു ചാർത്തുന്ന രാധ**
**ആ വലം തോളത്തു ചാ–**
**രി നിന്നൊപ്പമായ്**
**കോലക്കുഴൽ പഠിക്കുന്നരാധ**
**കണ്ണീരണിഞ്ഞ മിഴിയുമായ് –**
**കാണാത്ത കണ്ണനെത്തേടി നടന്ന രാധ**
**ആമയ മാറ്റുമ സൂര്യനെപ്പാവമീ**
**ഭൂമിയെപ്പോൾ വലം വച്ച രാധ**

......................

**രാധയുള്ളിൽ പ്രതിഷ്ഠിത–**
**യാകയാൽ തീരാത്ത**
**തേടലാകുന്നു ജന്മം.**

ഈ ജന്മം അവർക്ക് സഫലമായതിന്റെ ചാലകശക്തിയും കൃഷ്ണനാണ്. അതവരുടെ കവിതയാണ്. മൃത്യുവിലേക്കുള്ള യാത്രയാണ് മോക്ഷത്തിലേക്കുള്ള യാത്രയുമാണ്. എല്ലാം കൃഷ്ണമയം–

**പുഞ്ചിരികൊള്ളും**
**നിന്റെ കൈയ്യിൽ**
**തളർന്നു വീഴുമ്പോൾ**
**ചന്ദനം മണക്കുന്നൊരാ മാറിൽ**
**സങ്കടങ്ങളിറക്കിവെക്കുമ്പോൾ**
**ശ്യമസുന്ദരാമൃത്യുവും –**
**നിന്റെ– നാമമാണെ–**
**ന്നു ഞാനറിയുന്നേൻ.**

## സുഗതകുമാരിയുടെ പ്രധാന കൃതികൾ :

"രാത്രിമഴ", "പാതിരാപൂക്കൾ", "പാവം മാനവഹൃദയം", "മുത്തുച്ചിപ്പി", "ഇരുൾച്ചിറകുകൾ", "സ്വപ്നഭൂമി", "അമ്പലമണി", "മണലെഴുത്ത്", "കൃഷ്ണകവിതകൾ", "രാധയെവിടെ?" "കുറിഞ്ഞിപ്പൂക്കൾ", "തുലാവർഷപ്പച്ച", "ദേവദാസി", "വാഴത്തേൻ", "കാവ് നീണ്ടല്ലേ", "മേഘം വന്നു തൊട്ടപ്പോൾ", "വാരിയെല്ല്" തുടങ്ങിയ ലേഖനങ്ങൾ, "സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം മുതലായവയാണ്."

## അവർക്ക് ലഭിച്ച പുരസ്ക്കാരങ്ങളും അവാർഡുകളും :

സാഹിത്യത്തിലെ സമഗ്ര സംഭാവനക്കുള്ള എഴുത്തച്ഛൻ പുരസ്കാരം, സാമൂഹ്യസേവനത്തിനുള്ള ലക്ഷ്മി അവാർഡ്, കേരള അക്കാദമി പുരസ്കാരം, ഓടക്കുഴൽ പുരസ്ക്കാരം, വയലാർ അവാർഡ്, ആശാൻ പുരസ്കാരം, ലളിതാംബിക അന്തർജ്ജനം അവാർഡ്, കേരളസാഹിത്യ അക്കാദമി ഫെലോഷിപ്പ്, ഇന്ദിരാ പ്രയദർശിനി വൃക്ഷമിത്ര അവാർഡ്, സരസ്വതി സമ്മാൻ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങളും ലഭിച്ചു.

**2006 ൽ ഭാരതം പത്മശ്രീ നൽകി ആദരിച്ചു.**

മഹാകവിതകളാൽ കേരളീയരുടെ മനസ്സിൽ തീപ്പൊരി വാരിവിതറിയ കവയിത്രിയുടെ വേർപാടിൽ ദുഃഖത്തോടെ അവർക്ക് ആത്മശാന്തി നേർന്നുകൊണ്ട് കുറിപ്പ് അവസാനിപ്പിക്കുന്നു. ■



(ഓർമ്മക്കുറിപ്പ്)



സുകുമാർ കൂർക്കഞ്ചേരി

# ദലായ്‌ലാമയുടെ കണ്ണുകൾ!



"മാമൈദിയുടെ മകൻ" എന്ന ഒരോർമ്മക്കുറിപ്പിൽ ബേപ്പൂർ സുൽത്താൻ സാക്ഷാൽ വൈക്കം മുഹമ്മദ് ബഷീർ എഴുതി.

"മാമൈദി ആരെന്നറിയാമോ? സുന്ദരി തട്ടാത്തി ബുദ്ധമതക്കാരി. അവർക്കൊരു മകനുണ്ട്. ചെറുകഥാകൃത്ത്, നോവലിസ്റ്റ്, പ്രാസംഗികൻ, – ആൾ ആരെന്നല്ലേ യു.എ. ഖാദർ. ഖാദറിന്റെ കണ്ണുകളിലൂടെ ചെങ്കീസ് ഖാൻ, ലിൻയുടാംഗ്, ദലായ്‌ലാമ എന്നിവരല്ലേ നോക്കുന്നത്! കണ്ടിട്ടില്ലേ ആ മഞ്ഞ മുഖം!" മ്യാൻമാറിലെ (പഴയ ബർമ്മ) സ്വർണ്ണപ്പണിക്കാരായ ബുദ്ധമത വിശ്വാസികളായിരുന്നു ഖാദറിന്റെ അമ്മ മാമൈദിയുടെ കുടുംബം. പ്രസവിച്ചു മൂന്നാം നാൾ അമ്മ മരിച്ചു. അമ്മയുടെ മുഖച്ഛായയായിരുന്നു കുട്ടിയ്ക്ക്. അഞ്ചുവയസ്സുവരെ മാതാവിന്റെ അനുജത്തിയാണ് സംരക്ഷിച്ചത്. പിന്നീട് ബാപ്പയുടെ കൂടെ വഴിവാണിഭസംഘത്തോടൊപ്പം ഉത്സവപ്പറമ്പുകളിലേക്കും ചന്തകളിലേക്കുമുള്ള യാത്രകളായി.

കൊയിലാണ്ടിയലെ ഉസ്സുങ്ങാന്റെകത്ത്. മൊയ്തീൻകുട്ടിഹാജിയായിരുന്നു ബാപ്പ. 1935ൽ കിഴക്കൻ മ്യാൻമാറിലെ മോൺസ്റ്റേറ്റിലെ ബില്ലീൻ ഗ്രാമത്തിൽ ജനിച്ച ഖാദർ ഏഴാം വയസ്സിലാണ് കൊയിലാണ്ടിയിലെ തൃക്കോട്ടൂരെത്തുന്നത്. അതുവരെ ഓടിനടന്നത് റങ്കൂണിലെ ഐരാവതി തീരത്തുള്ള ബില്ലിൻ ഗ്രാമത്തിലാണ്. പഗ്രാഡ എന്നറിയപ്പെടുന്ന ഉത്സവപ്പറമ്പുകളിലെ ആഘോഷങ്ങളായിരുന്നു അവന്റെ ശൈശവകാല ഓർമ്മ. രണ്ടാം ലോകമഹായുദ്ധകാലത്ത് ബർമ്മയിൽ നിന്നും എല്ലാം വിട്ടെറിഞ്ഞ് അഭയാർത്ഥിയായി പാലായനം ചെയ്ത മൊയ്തീൻകുട്ടിയോടു, രോഗം ബാധിച്ചു അവശനായ കുട്ടിയെ ചിറ്റഗോങ്ങിലെ അഭയാർത്ഥിക്യാമ്പിൽ ഉപേക്ഷിക്കാൻ കൂട്ടുകാർ നിർബന്ധിക്കുകയുണ്ടായി. അദ്ദേഹം വഴങ്ങിയില്ല. ഉസ്സുണ്ടാന്റെകത്ത് അബ്ദുൾഖാദറിനെ അന്ന് അവിടെ എവിടെയെങ്കിലും ഉപേക്ഷിച്ചിരുന്നുവെങ്കിൽ പിന്നീട് മലയാളമറിഞ്ഞ എഴുത്തുകാരൻ ഉണ്ടാവുമായിരുന്നില്ല. മാതൃഭാഷ മലയാളമല്ലായിരുന്നിട്ടും ഏഴുവയസ്സിനു ശേഷം മലയാളം പഠിച്ച് ഭാഷയുടെ തിരുമുറ്റത്ത് ഒരു സിംഹാസനം സ്വന്തമാക്കുകയായിരുന്നു ഖാദർ. കാഴ്ചയിലും ജന്മംകൊണ്ടും മലയാളിത്തം ഇല്ലാത്ത ഖാദർ പിതൃഭാഷയെ തനി നാട്ടു മലയാളത്തിൽ എങ്ങനെ ഇന്ദ്രജാലം കാട്ടിയെന്നത് പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവചരിത്രരേഖകൾ തെളിയിക്കുന്നു.

നാട്ടിലെത്തി ഹൈസ്ക്കൂൾ പഠനശേഷം മദിരാശി കോളേജ് ഓഫ് ആർട്ട്സിൽ ചിത്രകലാ പഠനത്തിനു ചേർന്നു. 1967 ൽ ആകാശവാണിയിൽ ഡെപ്യൂട്ടേഷൻ ജോലി സ്വീകരിച്ചു. എഴുപതോളം പുസ്തകങ്ങൾ രചിച്ചു. തൃക്കോട്ടൂർ പെരുമ, കഥപോലെ ജീവിതം, വിശുദ്ധപൂച്ച, ഒരു പിടിവറ്റ്, ചങ്ങല, കലശം, പൂമരത്തളിരുകൾ, ഖുറൈശിക്കൂട്ടം, അടിയാധാരം, പ്രകാശനാളങ്ങൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ. തൃക്കോട്ടൂർ പെരുമയ്ക്ക് 1983 ൽ കേരളസാഹിത്യ അക്കാദമി അവാർഡും തൃക്കോട്ടൂർ നോവല്ലകൾക്ക് മാതൃഭൂമി സാഹിത്യപുരസ്കാരവും കേരളസാഹിത്യ അക്കാദമി വിശിഷ്ടാംഗത്വവും ലഭിച്ചു. കേര

ളസാഹിത്യ അക്കാദമിയംഗം കേരളലളിതകലാഅക്കാദമി അംഗം, സാഹിത്യ പ്രവർത്തക സഹകരണസംഘം വൈസ് പ്രസിഡണ്ട്, പുരോഗമനകലാസാഹിത്യ സംഘം പ്രസിഡണ്ട് എന്നീ സ്ഥാനങ്ങളും വഹിച്ചു.

ഭാര്യ ഫാത്തിമബീവി, ഫിറോസ്, കബീർ, അദീപ്, സെറീന, സുലേഖ എന്നിവർ മക്കൾ.

കോഴിക്കോട്ടെ പൊക്കുന്നിലുള്ള "അക്ഷരത്തിൽ" താമസിക്കുമ്പോഴായിരുന്നു ഈയ്യിടെ എൺപത്തി അഞ്ചാം വയസ്സിൽ ദേശത്തിന്റേയും മിത്തുകളുടെയും ആഖ്യാനത്തിലൂടെ മലയാളത്തെ വിസ്മയിപ്പിച്ച തൃക്കോട്ടൂർ കഥാകാരന്റെ അന്ത്യം. നാട്ടിൻപുറങ്ങളിലെ ഐതിഹ്യങ്ങളിൽ നിന്നും പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നും പ്രചോദനമുൾക്കൊണ്ടാണ് അദ്ദേഹത്തിന്റെ മിക്ക രചനകളും പുറത്തുവന്നത്. അമ്പലങ്ങൾ, മഖാമുകൾ, പള്ളികൾ, കൊയിലാണ്ടിയിലെ അമേത്ത് തറവാട്, ചാലിയത്തെരുവ്, സർപ്പക്കാവുകൾ, എന്നിവയായിരുന്നു ഖാദർ കഥകളുടെ പശ്ചാത്തലം. സ്വന്തം ദേശത്തിൽ ഇത്രയേറെ ആഴത്തിൽ വേരുകളാഴ്ത്തിയ മറ്റ് എഴുത്തുകാർ അപൂർവ്വം. ഖാദർ പറഞ്ഞിട്ടുണ്ട്. "പള്ളികൾ, അവിടുത്തെ നേർച്ചകൾ ത്വരീഖത്ത് ഒക്കെ എനിക്കു പരിചയം. തൃക്കോട്ടൂർ കഥകളായതു കൊണ്ട് അമ്പലങ്ങളെക്കുറിച്ചും അറിയാം. എല്ലാ മൗലൂദുകളും മനഃപാഠമായിട്ടുള്ളയാളാണ് ഞാൻ. അതുപോലെത്തന്നെ ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും എനിക്ക് പരിചിതം. സ്വന്തം ബാല്യം നഷ്ടപ്പെട്ടതിനാൽ കഥയെഴുത്തിലൂടെ അതു തിരിച്ചു പിടിക്കാനായിരുന്നു ശ്രമം. ഞാനെന്റെ മുരിങ്ങാച്ചോട്ടിലെ ഇലപ്പഴുതുകളിലൂടെയാണ് ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കിയതും എണ്ണിയതും."

ആളുകളുമായുള്ള നിത്യസമ്പർക്കം, നാടുമായുള്ള ആഴത്തിലുള്ള ബന്ധം, ഇതിൽനിന്നൊക്കെയാണ് നാട്ടുഭാഷ സ്വായത്തമായത്. സാഹിത്യ ജീവിതത്തിൽ വലിയ കടപ്പാട് സി.എച്ച് മുഹമ്മദ് കോയയോടായിരുന്നു. അയൽപക്കത്തെ അനാഥബാലന്റെ ദുഃഖം കണ്ടറിഞ്ഞ് "ബാല്യകാലസഖി " ആദ്യം വായിക്കാൻ നൽകിയത് അദ്ദേഹമായിരുന്നു. അദ്യത്തെ കഥ അച്ചടിച്ചു വന്നതും അദ്ദേഹം പത്രാധിപരായിരുന്ന "ചന്ദ്രിക"യിൽ

പന്തലായനിയാണ് "അഘോരശിവം" എന്ന നോവലിലെ ജീവിതമെന്ന് ഖാദർ നിരീക്ഷിച്ചിട്ടുണ്ട്. പന്തലായിനിയിലെ അഞ്ചു കഥാപാത്രങ്ങൾ അതിലൂടെ ഏറ്റവും പുതിയ തലമുറയ്ക്ക് എന്താണ് പന്തലായനിയെന്ന് കാണിച്ചുകൊടുക്കുന്നു. ഖാദറിലെ ചിത്രകാരൻ ചരിത്രകാരനുമാണെന്ന് തെളിയിച്ചതായി അഘോരശിവത്തിന്റെ അവതാരികാകാരൻ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്.

സൗന്ദര്യം കൊണ്ടും തന്റേടം കൊണ്ടും ആണുങ്ങളെ അടിയറവു പറയിക്കുന്ന പെണ്ണുങ്ങൾ ഖാദറിന്റെ ഇഷ്ട കഥാപാത്രങ്ങളാണ്. തട്ടാൻ ഇട്ട്യേമ്പി എന്ന കഥയിൽ മാധവി കെട്ടിയോനായ തട്ടാൻ ചന്തുക്കുട്ടിയോടു പറയുന്നു "ഉള്ളതു നക്കി ചിലക്കാണ്ട് കിടന്നോളിൻ. കുപ്പമാന്തിക്കണ്ട. എനിക്കിഷ്ടം പോലെ കുറി നടത്ത്യേ കണക്ക് എഴുതിക്ക്യേം ചെയ്യും. ചോദിക്കാനും പറയാനും നിങ്ങളാരാ– തച്ചോളി മേപ്പയിൽ ഒതേനക്കുറുപ്പോ–?"

ബാല്യത്തിലെ ഒറ്റപ്പെടലും മാറ്റിനിർത്തലും ഒരു കുട്ടിയെ വ്യഥിതനാക്കുന്നത് ഖാദറിന്റെ ജീവിത നാൾവഴികൾ വ്യക്തമാക്കുന്നുണ്ട്.

ഒരിക്കൽ സ്ക്കൂൾ ക്ലാസ്സിൽ ഭൂമിശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരുന്ന അദ്ധ്യാപകൻ ചൈനയെപ്പറ്റി പരാമർശിച്ചപ്പോൾ ഉദാഹരണമാക്കിയത് ഖാദർ എന്ന കുട്ടിയെയിരുന്നു. അദ്ധ്യാപകൻ ഖാദറെ നോക്കി മറ്റു കുട്ടികളോടു പറഞ്ഞു. "ദേ ഇങ്ങോട്ട് നോക്കിക്കോളിൻ. ഈ ചീനക്കാര് എന്ന് മ്മള് പറയുന്ന വർഗ്ഗം ഇദ് പോലെയാ. കണ്ടിട്ടില്ലേ



പതിഞ്ഞ മൂക്ക്. ഖാദറിനെപ്പോലെത്തന്നെ."

അങ്ങനെ യു.എ ഖാദർ ചീനക്കാദറായി മാറിയ ആ കണ്ണീരോർമ്മ പോലെ പലതും ആദ്യകാലത്ത് ആ കുട്ടിയ്ക്ക് നേരിടേണ്ടി വന്നു.

എഴുത്തുകാരനായപ്പോൾ പലരും പറഞ്ഞു;

അംഗീകരിക്കപ്പെടണമെങ്കിൽ മാതൃഭൂമിയിൽ പ്രസിദ്ധികരിക്കണം എന്ന്. 1960 ൽ മാതൃഭൂമിയിൽ കഥ വന്നു. ആധുനികതയുടെ കാലത്ത് എഴുത്തിൽ സ്വന്തം മുദ്ര പതിപ്പിക്കുവാൻ എന്താണു വഴിയെന്ന ചിന്തയാണ് ഉത്തരമലബാറിലെ കാവും കുളങ്ങളും കളമെഴുത്തും പ്രാക്തന വിശ്വാസങ്ങളും എല്ലാം ഉൾപ്പെടുന്ന ഗ്രാമീണ ജീവിതങ്ങൾ വിഷയസ്വീകരണത്തിന് തിരഞ്ഞെടുക്കുവാൻ കാരണമായത്.

മലയാളിയല്ലാത്ത ബുദ്ധമതക്കാരിയായ മാമൈദി എന്ന അമ്മയുടെ ഓർമ്മ ഖാദറിലെപ്പോഴും വേദനയായി നിറഞ്ഞു നിന്നിരുന്നു. മാതൃഭൂമി പുരസ്കാരം സ്വീകരിച്ചു കൊണ്ടു നടത്തിയ വികാര നിർഭരമായ മറുപടിയിൽ, തന്നെ മാറോടണയ്ക്കാനും കൺനിറയെ കാണാനും സാധിച്ചിട്ടില്ലാത്ത തന്റെ ബർമ്മക്കാരിയായ അമ്മ നൽകിയതാണ് ഈ പുരസ്കാരമെന്ന് അദ്ദേഹം വിതുമ്പിപ്പറയുകയുമുണ്ടായി.

ഇക്കാലമത്രയും കഥകളെഴുതിയിട്ടും അതെങ്ങനെ ഉണ്ടാവുന്നു എന്ന അറിയാപ്പൊരുളിന്റെ മുമ്പിൽ താണുവണങ്ങി നിൽക്കുന്നതായും അദ്ദേഹം എഴുതി. തൊട്ടടുത്ത വീട്ടിലെ കോമാരം ഉണ്ണിപ്പെരവയോട് ഒരിക്കൽ ചോദിച്ചു. ഉറഞ്ഞു തള്ളുമ്പോൾ പറയുന്നതൊക്കെ ഓർമ്മയുണ്ടോ?– എങ്ങനെയാണ് ഉറയുന്നത്? പിന്നെങ്ങനെയാണ് അരുളപ്പാടു പറയുന്നത്?

കോമാരം പറഞ്ഞു. "എങ്ങനെയാണെന്നെനിക്കു പറയാനാക അതൊക്കെ ഭാഗവതിയുടെ ഊറ്റം."

"എപ്പോഴും എപ്പോഴും ഉറയുവാനും തട്ടകം കിടുങ്ങേ കാര്യം വിളിച്ചോതുവാനും കഥ എന്നിൽ ആവേശിച്ചു കയറേണമേ അതിനുള്ള കഥാന്തരീക്ഷത്തിന്റെ കേളിക്കൊട്ടുകൾ എന്റെ ചുറ്റും മുഴങ്ങേണമെ" എന്നുമായിരുന്നു യു.എ ഖാദർ എന്ന എഴുത്തുകാരന്റെ നിരന്തര പ്രാർത്ഥന. ■

# സി. എം. എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**









ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

# സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 9388412430**



**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



**സോഫസെറ്റ് - 14500 രൂപ മുതൽ**
**കട്ടിൽ & ബെഡ് - 16000 രൂപ മുതൽ**
**ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ**
**ഡൈനിംഗ് ടേബിൾ &**
**6 Nos ചെയർ (Wooden) 21900 രൂപ മുതൽ**





**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**

# Agency : KACOPS, KOTTOOLI

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**





# ശാരദ
# ഇൻഡസ്ട്രിയൽസ്



**കാളൂർറോഡ് , മാങ്കാവ്**

**കോഴിക്കോട് - 673 007**

**Mob : 9846412070**



Short Story

# covid-19 challenges faced by health workers.

**Roshna Valsalan**

Doctors and Health Workers play a significant role in aiding patients during the break down of a pandemic.

World is in a huge medical crisis. Corona is spreading far and wide, within no time calling for a strict medical emergency.

The silent nature of this mass killer is devoid of exhibiting any symptoms until he / she displays; The current circumstances of Health professionals in bleak and meek

Uptill now there is not a 100% effective vaccine against the corona with less or no side effects. Britian is moving in a great pace to tackle the virus.

Primarly Doctors should get tested for COVID negative inorder to make their family safe as well as patients.

All those who work in medical stream are all equally under crucial stress. The pandemic is creating chaos, confusion and false belief among people (the public)

Social network frame is to a great extent responsibile for generating anriety and panic. Facebook can inspire and motivate people, if used properly.

Out of frustration some patients may verbally abuse doctors threatning and sometime take extreme steps of physical assault. In the eye of the public now their protectors have rarely turned to villians.

Tele- medicine is a new idea opted by the doctors to treat patients with various diseuse other than corona.

**Adress: Roshna Valsalan, Nataji Nagar, Kotooli, Kozhikod**

## 2–ാം ചരമ വാർഷികം
## എടോളി യശോദ (മരണം 03/04/2019)
**കൊമ്മേരി, കോഴിക്കോട–673 007**

പരേതാത്മാവിന് നിത്യശാന്തി നേരുന്നു

**മക്കൾ:**
**ഇ. രാധാകൃഷ്ണൻ,**
**ഇ. ഗീത, ഇ. രത്നകുമാരി,**
**പരേതനായ ഇ. ബാബു,**
**മരുമക്കൾ :**
**കെ. സുന്ദരൻ,**
**എം. സുജാത,**
**പരേതനായ കെ. കൃഷ്ണൻകുട്ടി**
**പേരമക്കൾ :**
**കെ. നിജേഷ്,**
**കെ. സുനോജ്, രമ്യ നിതിൽ,**
**കെ. മനേഷ്,**
**ഇ. അതുല്യ, ഇ. അമൃത**
**മറ്റുകുടുംബാംഗങ്ങൾ...**



## ഓർമ്മയിലിപ്പോഴും ഖാദർക്ക
(19 – ാം പേജ് തുടർച്ച)

നോവലുകളെക്കുറിച്ച് എവിടെയോ ഒരു ക്ഷിപ്രാവലോകനം പി.കെ. രാജശേഖരൻ നടത്തി. ഛേ, ചരമവാർഷികത്തെക്കുറിച്ചും മറ്റും നല്ലത് എഴുതിയിട്ടുള്ള അദ്ദേഹം എന്നെ പരാമർശിച്ചില്ലല്ലോ. കൊച്ചിലെ അച്ഛൻ നഷ്ടപ്പെട്ട ചെക്കന് മുറിവേറ്റ് ഞാൻ രാജശേഖരനെ വിളിച്ചു. വിഷയം സൂചിപ്പിക്കാൻ മുതിർന്നതേയുള്ളു. അദ്ദേഹം വിഷമിച്ചു പറഞ്ഞു.

“അയ്യോ, രാമനുണ്ണി . ദയവ്ചെയ്ത് ഇക്കാര്യം സംസാരിക്കരുത്. ഇപ്പോ ഖാദർക്കയുടെ അടുത്തുനിന്ന് വയറുനിറച്ച് കിട്ടിയതേയുള്ളു. അദ്ദേഹത്തേയും വിട്ടുപോയിരുന്നു. പലരേയും വിട്ടുപോയിട്ടുണ്ട്.“

സ്നേഹലഭ്യതയിൽ കുറവുവന്നാൽ പരിഭവിക്കുമെങ്കിലും മറ്റുള്ളവർക്ക് അത് കിട്ടുന്നതിൽ യു.എ. ഖാദർ അസഹിഷ്ണുവായിരുന്നില്ല. ഒരിക്കൽ മണ്ണിന്റെ ചൂരുള്ള ഗ്രാമോത്സവത്തിന് പുരാവൃത്തക്കാരനെ ഉദ്ഘാടകനായിക്കിട്ടാൻ ഒരാൾ പൊക്കുന്നിലെ “അക്ഷര“യിലെത്തി. കോഴിക്കോട്ടെ ഒരു പ്രധാന എഴുത്തുകാരനും ശുപാർശക്കായി കൂടെച്ചെന്നിരുന്നു. സംപ്രീതനായി, സസന്തോഷം അദ്ദേഹം ക്ഷണം സ്വീകരിച്ചു. എന്നാൽ, അവർ ഇറങ്ങാൻ നേരത്ത് ഇങ്ങനെ പറഞ്ഞു:

“ഞാൻ എന്തായാലും പരിപാടിക്കുവരും. നമുക്ക് ഗംഭീരമാക്കുകയും ചെയ്യാം. പക്ഷ, അറിയാൻ വേണ്ടി ചോദിക്കുകയാണ്. എം. ടി.ക്കും തിക്കോടിയനും ഒഴിവില്ലാത്തതുകൊണ്ടായിരിക്കില്ലേ നിങ്ങൾ ഇങ്ങോട്ടു വന്നത്.“

അതെ, എപ്പോഴും രണ്ടാമൂഴക്കാരനോ മൂന്നാമൂഴക്കാരനോ ആയിപ്പോകുന്ന അന്യനാണ് താനെന്ന് തലകുത്തിമറിഞ്ഞ് നാടിനെ സ്നേഹിച്ചിട്ടും യു.എ. ഖാദറിന് തോന്നിയിരുന്നു. പള്ളിപ്പറമ്പിലേ മണ്ണേ, വരോളിക്കാവിലെ ഉത്സവം കൊടിയേറിയാലുള്ള നിയമം പരിപാലിച്ചേക്കണേ. നീ ഏതാ, എവിടുന്നാ എന്നൊന്നും അദ്ദേഹത്തിന്റെ മയ്യത്തിനോട് ചോദിച്ചേക്കരുതേ. മംഗോളിയൻ മുഖച്ഛായയുണ്ടെങ്കിലും ഇത് നമ്മുടെ നാടിന്റെ ഉയിരുകണ്ട പ്രിയപുത്രൻ. ■

## Ammu Distributors

Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673 004
Suresh Babu M. (Managing Partner) 9447722358
9446582358, 9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com
Authorised OF: BALCO



PVC Pipes, Conduits & Solvent Cement
From AN ISO 9001 : 2015 Company

India's No - 1

## AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം



കൊളത്തായ് കോംപ്ലക്സ്,
പാലാഴി പാല, കോഴിക്കോട്
ഫോൺ: 9061434339, 9497752475

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ, സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ.
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്



## ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



ഫോൺ : മണി 9846386998

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്

## M.R WOOD CRAFT

Chavarambalam, Kozhikode - 17
Mob : A.K. Muralidharan - 9847662688



Plaining, Gigsaw Cutting, Turning,
Wood Furnit re
Interior Work, Carving, Doors & Shutters

## വിനായക

വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ



ശ്രീവളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ 9497511434




കണ്ണൂരിൽ വെച്ചുനടന്ന
സംസ്ഥാന സബ്ബ് ജൂനിയർ
പവർലിഫ്റ്റിംഗ്
ചാമ്പ്യൻ ഷിപ്പിൽ
ബ്രോൺസ് മെഡൽ
നേടിയ
കാലിക്കറ്റ് ബാർബെൽ
ക്ലബ്ബിലെ

## നിദ എസ്.




## GLAMOUR GENTS WEAR



**Whole Sale & Retail**

Mankave,
Calicut - 7

Mob: 9847756569
8891901404



Pants, Jeans, Shirt, T. Shirts etc...

# പരസ്യങ്ങൾ ആവശ്യമുണ്ട്












വർഷത്തിൽ 4 മാസങ്ങളിലായി (ഇടവിട്ട 3 മാസങ്ങളിൽ) പ്രസിദ്ധികരിക്കുന്ന RNI രജിസ്ട്രേഷനുള്ള നക്ഷത്രരാജ്യം ത്രൈമാസികയിൽ 200 രൂപ പ്രകാരം (4× 200 = 800) <> പേജ് 1 ൽ 10 ബോക്സ്<> 1 വർഷം പരസ്യം ചെയ്യുവാൻ ആഗ്രഹമുള്ള വ്യവസായ, കച്ച വട സ്ഥാപനങ്ങളും, കുടിൽ വ്യവസായ സംരംഭകരും നേരിട്ടോ ഫോണിലൂടെയോ ബന്ധ പ്പെടുക.

മൊത്തം 1 വർഷത്തേക്ക് ഒന്നിച്ച് പണം അടക്കേണ്ടതായില്ല. പരസ്യം പ്രസിദ്ധം ചെയ്ത ത്രൈമാസ ബിൽ കാലയളവിൽ 200 രൂപ പ്രകാരം അടച്ചാലും മതിയാകും.

**Black / White മറ്റു പരസ്യങ്ങൾ:-**

| | |
|---|---|
| 78 mm × 72 mm(ഒരു പേജിൽ 6 എണ്ണം) | RS. 400/- |
| 155 mm× 55 mm(ഒരു പേജിൽ 4 എണ്ണം) | RS. 650/- |
| Half page | RS. 800/- |
| Full page | RS. 1,500/ |









ഫോൺ : 9847649567, 9744233997
മാനേജിംഗ് എഡിറ്റർ
നക്ഷത്രരാജ്യം ത്രൈമാസിക
P.B : No. 1205, Mankave P.O., Kozhikode-673 007
















ചെറുകഥ



സത്യൻ താന്നിപ്പുഴ

# പൊൻമുട്ടയിടുന്ന താറാവ്



വണ്ടൊരിക്കൽ ഒരു നായാട്ടുകാരൻ മലയിൽ നായാട്ടിനുപോയി. വൈകുന്നേരം വരെ നടന്നിട്ടും ഒന്നും കിട്ടിയില്ല. അയാൾ നിരാശനായി വനദേവതയെ വിളിച്ച് പ്രാർത്ഥിച്ചു.

"ഞാൻ ഈ നേരം വരെ മലയിൽ അലഞ്ഞു തിരിഞ്ഞിട്ടും എനിക്ക് ഇന്ന് ഒന്നും കിട്ടിയില്ലല്ലോ? എനിക്ക് എന്തെങ്കിലും ജീവിതമാർഗ്ഗം കാണിച്ചു തന്ന് എന്നെ അനുഗ്രഹിക്കണേ വനദേവതേ."

വനദേവത പ്രത്യക്ഷപ്പെട്ട് ഒരു താറാവിനെ കൊടുത്തുകൊണ്ടു പറഞ്ഞു. "പൊൻ മുട്ടയിടുന്ന താറാവാണ്. കൊണ്ടുപോയി വളർത്തികൊള്ളുക."

എന്നു പറഞ്ഞ് വനദേവത അപ്രത്യക്ഷയായി. അയാൾ താറാവിനേയും കൊണ്ട് വീട്ടില്ക്കു മടങ്ങി.

വീട്ടിലേക്കു പോകുന്ന വഴി ഒരു കടത്ത് കടന്ന് അക്കരെ പോകണം. തോണിയിൽ കയറി യാത്ര ചെയ്തു. നടുപ്പുഴയിൽ ചെന്നപ്പോൾ ശക്തിയായ കാറ്റും മഴയും വന്നു. തുലാവർഷക്കാലമായിരുന്നു. തോണി കാറ്റിൽ പെട്ട് മുങ്ങിപ്പോയി.

അയാൾക്ക് നീന്തൽ അറിയാൻ പാടില്ലായിരുന്നു. വെള്ളത്തിൽ കിടന്ന് മുങ്ങിപൊങ്ങി വെള്ളം കുടിച്ചു. എന്നിട്ടും താറാവിനെ കൈയിൽ നിന്നു കളഞ്ഞില്ല. തോണിക്കാരൻ ഈ കാഴ്ച കണ്ട് അയാളെ രക്ഷിച്ച് കരയിൽ കയറ്റി.

ജീവൻ തിരിച്ചു കിട്ടിയപ്പോൾ നായാട്ടുകാരൻ തോണിക്കാരനോട് നന്ദി പറഞ്ഞു.

തോണിക്കാരന് സമ്മാനമായി നായാട്ടുകാരന്റെ കൈയിൽ ഉണ്ടായിരുന്ന താറാവിനെ കൊടുത്തു. കൊടുക്കാൻ കൈയിൽ രൂപ ഉണ്ടായിരുന്നില്ല.

താറാവിനെ കിട്ടിയപ്പോൾ തോണിക്കാരന് സന്തോഷമായി. അയാൾ താറാവിനെ വീട്ടിൽ കൊണ്ടു പോയി. നായാട്ടുകാരൻ വെറും കൈയോട് വീട്ടിൽ പോയി ജീവൻ തിരിച്ചു കിട്ടിയ സന്തോഷത്തിൽ.

വീട്ടിൽ ചെന്ന് മനസ്സ് ശാന്തമായപ്പോൾ അയാളുടെ ബുദ്ധി തെളിഞ്ഞു. അപ്പോൾ വീണ്ടുവിചാരമുണ്ടായി. പൊൻമുട്ടയിടുന്ന താറാവിനെയല്ലേ തോണിക്കാരന് കൊടുത്തത്? ഇനി എന്തു ചെയ്യും?

അയാൾ ദുഃഖിതനായി. രാത്രി കിടന്നിട്ട് ഉറങ്ങാൻ കഴിഞ്ഞില്ല ഉറക്കം വന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിച്ചു. നേരം വെളുത്തപ്പോൾ എഴുന്നേറ്റു കുറേ രൂപയും എടുത്തുകൊണ്ട് തോണിക്കാരനെ അന്വേഷിച്ചു പുറപ്പെട്ടു. തോണിക്കാരനെ കണ്ടെത്തി. തോണിക്കാരനോടു പറഞ്ഞു:

"എന്റെ ജീവൻ രക്ഷിച്ചതിനു സമ്മാനമായി നിങ്ങൾക്ക് ഞാൻ കുറെ രൂപ കൊണ്ടു വന്നിട്ടുണ്ട് താറാവിനെ തിരിച്ചു തരുക."

തോണിക്കാരൻ പറഞ്ഞു: "താറാവിന്റെ ഇറച്ചിക്ക് നല്ല രുചിയുണ്ടായിരുന്നു."

പൊൻമുട്ടയിടുന്ന താറാവാണെന്ന വിവരം തോണിക്കാരന് അറിയില്ലായിരുന്നു. തോണിക്കാരന് പ്രിയം മാംസമായിരന്നു. മൂല്യമറിയാത്തവന്റെ കൈയിൽ കിട്ടിയ താറാവ് ഭക്ഷ്യവസ്തുമാത്രമാണ്. ■

Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No. 1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.



നടന ശ്രീ കലാക്ഷേത്ര
Reg. No. 935/2011
ശാസ്ത്രീയ നൃത്ത
ക്ലാസുകളിൽ
പരിശീലനം നൽകുന്നു
നൃത്തഗുരു : ടി.എസ്. അനിയൻ
(നൃത്തോന്നതി പുരസ്കാര ജേതാവ്)
ബ്രാഞ്ചുകൾ: കോട്ടൂളി, എരഞ്ഞിപ്പാലം (തായാട്ട് ഭഗവതി ക്ഷേത്രം)
പ്രധാന ശാഖ: ചെന്നൈ തിരുവാൻമിയൂർ, ഫോൺ: 9447312930, 9074600981




ആത്മപ്രഭാലയ
ബനാന ചിപ്സ് സെന്റർ
കളിപ്പൊയ്ക, പി.ഒ. കോട്ടൂളി,
കോഴിക്കോട് 673 016, ഫോൺ : 9744960052




STEEL TECH
Kannadikkal Road,
Nethaji Vayanashala, Kozhikode
Mob: Mujeeb- 9446 78 21 67
Manufacturing : Window Grill, Compound Wall Gate,
Steel Windows, Tubular & Angular Trusses, Rolling Shutter
Specialised in : Steel Staircase, Charupadi & Balcony Handrails




ഞങ്ങൾ 10-ാം വർഷത്തിലേക്ക്
ASHOKAN N
Safalyam House,
Pantheerankave P.O,
Calicut - 19, Ph: 9605694531
മെഷീൻ ഉപയോഗിച്ച്
കാടും പുല്ലും വെട്ടുന്നു
സാഫല്യം ഫാൻസി & സ്റ്റേഷനറി
കൊടൽ നടക്കാവ്, കോഴിക്കോട് 19
ജില്ലക്ക് അകത്തും പുറത്തും മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടുകൂടി പണി ചെയ്തു കൊടുക്കുന്നു

VOL: 3, ISSUE : 11
RNI REG NO. : KERMAL16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2021 FEBRUARY, MARCH
& APRIL







Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.